# നരസൻ



നീചനാരിതൻ കയ്യാൽ ജലം വാങ്ങി    യാചമിക്കുമോ ചൊല്ലെഴമാര്യന്മാർ.    ANTO

# ആരോഗ്യവും നിത്യയൗവ്വനവും കാംക്ഷിക്കുന്നവർ

## ആരോഗ്യസംവർദ്ധക ഔഷധങ്ങളിൽ അഗ്രിമമായ ഞങ്ങളുടെ സുപ്രസിദ്ധ

# "മൃഗമദാദിരസായനം"



തന്നെ സേവിക്കുക. ശരീരത്തെ സവിശേഷം പുഷ്ടിപ്പെടുത്തും. അടി, ഇടി, വീഴ്ച ഇവകളാൽ സംഭവിക്കുന്ന കേടുപാടുകൾ പോക്കും. ശരീരശോഷം, ചുമ, നെഞ്ചുവേദന, ശ്വാസംമുട്ടൽ, വായുവികാരങ്ങൾ, നിദ്രാഭംഗം, നാഡിവൈകല്യം, മലബന്ധം ഇവകളെ ശമിപ്പിക്കാൻ നല്ലതു്.

**പ്രസവരക്ഷയ്ക്കു് അത്യുത്തമം.**

**സ്ത്രീപുരുഷഭേദമെന്യേ എല്ലവർക്കും സേവിക്കാം.**

**വില: റാത്തൽ ഒന്നുക്കു് 5 രൂ. 75 ന: പ:**

സ്റ്റോക്കിസ്റ്റന്മാർ:— 1 മെ: രാജൻ മെഡിക്കൽസ്റ്റോഴ്സ്, പുത്തൻചന്ത, തിരുവനന്തപുരം 2 മാതേവൻമെഡിക്കൽസ്റ്റോഴ്സ്, ചെന്തിട്ട, തിരുവനന്തപുരം-3. 3. ചന്ദ്രികാ മെഡിക്കൽസ്റ്റോർ, ഉള്ളൂർ, തിരുവനന്തപുരം 4 ഗോപി & കമ്പനി, മെയിൻറോഡ്, മാർത്താണ്ഡം 5 എൻ. തിരവിയം,കെമിസ്റ്റ്സ്, നാഗർകോവിൽ 6 വെസ്റ്റേൺ മെഡിക്കൽസ്റ്റോഴ്സ്, ചിന്നക്കട, കൊല്ലം 7 ജി. ദാമോദരൻ, കെമിസ്റ്റ്സ്, കടയ്ക്കാവൂർ 8 കമലാ മെഡിക്കൽസ്റ്റോഴ്സ്, കുന്നിക്കോട്ട് 9 ജൂപ്പിററർ മെഡിക്കൽസ്റ്റോഴ്സ്, കായംകുളം 10 പരീതുകുഞ്ഞ് & സൺസ്, മർച്ചൻറ്സ്, പുനലൂർ 11 പി. കെ. രാഘവൻപിള്ള, മർച്ചൻറ്, കുണ്ടറ 12 ശശി മെഡിക്കൽസ്റ്റോഴ്സ്. കഴക്കൂട്ടം 13 കെ. ടി. ജോർജ്ജ് & സൺസ്, തിരുവല്ലാ 14 സി. ജെ. ജോൺ & കൊ, കെമിസ്റ്റ്സ്, വൈക്കം 15 പ്രഭാത് മെഡിക്കൽസ്റ്റോർ, ചെങ്ങന്നൂർ 16 പി. എസ്. കെ. സ്റ്റോഴ്സ്, മുണ്ടക്കയം 17 കളരിക്കൽ മെഡിക്കൽസ്റ്റോഴ്സ്, കോട്ടയം 18 മെഡോണാ എമ്പോറിയം, ചങ്ങനാശേരി 19 യൂണൈറ്റഡ് മെഡിക്കൽസ്റ്റോഴ്സ്, ചങ്ങനാശേരി 20 പുലമൺ മെഡിക്കൽസ്റ്റോഴ്സ്, പുലമൺ ജംഗ്ഷൻ, കൊട്ടാരക്കര 21 എസ്. ഡി. വി. എ. ഫാർമസി, അടൂർ 22 ബാലു മെഡിക്കൽ സ്റ്റോഴ്സ്, വടക്കൻപറവൂർ 23 പ്രമീളാ സ്റ്റോഴ്സ്. ഓച്ചിറ 24 ജനതാ സ്റ്റോഴ്സ്, കരുനാഗപ്പള്ളി 25 അബ്ദുൽ റസാക്ക്, മർച്ചൻറ്, ചവറ 26 പോപ്പുലർ മെഡിക്കൽസ്റ്റോഴ്സ്, വർക്കല 27 എം. പി. ജോസഫ്, മരുന്നുവ്യാപാരം, ചാത്തന്നൂർ 28 പി. സി. ശേഖർ, മർച്ചൻറ്, നെയ്യാററിൻകര 29 എം. അബ്ദുൽറഹീം, മർച്ചൻറ്, ബാലരാമപുരം 30 ബാലാ & ബ്രദേഴ്സ്, മെഡിക്കൽ സ്റ്റോഴ്സ്, പാറശാല 31 ന്യൂ കൊളംബൊ ഫാർമസി, പത്തനംതിട്ട 32 കേരളാഫാർമസി, നെടുമങ്ങാട് 33 ശ്രീചിത്രാ മെഡിക്കൽസ്റ്റോർ, അഞ്ചൽ 35 പി. കെ. രാഘവൻപിള്ള, കെമിസ്റ്റ്, കുണ്ടറ.

വി. പി. ഏർപ്പാടിനു് ഞങ്ങൾക്കെഴുതുക—

വി. പി. ചാർജ്ജ് 1 രൂ. 95 ന: പ. ഫോൺ നമ്പർ 586.

## മാനേജർ, എസ്സ്. ഡി. ഫാർമസി, മുല്ലയ്ക്കൽ—ആലപ്പുഴ.

**(Alleppey P. O.)**

ബ്രാഞ്ചുകൾ:— അമ്പലപ്പുഴ, ചേർത്തല, കുത്തിയതോട്, പാലാ, എടത്വാ, തോപ്പുംപടി (കൊച്ചി), തൊടുപുഴ, തൃശ്ശൂർ, ചങ്ങനാശ്ശേരി, തിരുവനന്തപുരം, മട്ടാഞ്ചേരി (കൊച്ചി), എറണാകുളം.

# 1001 രൂപായുടെ സ്വർണ്ണാഭരണങ്ങൾ സൗജന്യം

**ചെമ്പകാ ജ്യൂവലേഴ്സിന്റെ 6-ാമത്ത് സ്വർണ്ണാഭരണ വിതരണപദ്ധതി.**

★ ആരംഭദിനം 1961 ജനുവരി 8 ★

**നറുക്കു വീണാൽ വീണ്ടും പണം അടയ്ക്കേണ്ട.**

| | | | | | | |
|---|---|---|---|---|---|---|
| A. | ഗ്രൂപ്പ് | 15 | രൂപാ | മുടക്കി | 375 | രൂപായ്ക്കും |
| B. | ,, | 10 | ,, | ,, | 250 | ,, |
| C. | ,, | 5 | ,, | ,, | 125 | ,, |

പൂർണ്ണഉത്തരവാദിത്വമുള്ളതും മികച്ച ഫാഷനിലുള്ളതുമായ സ്വർണ്ണാഭരണങ്ങൾ യാതൊരു ബാദ്ധ്യതയും കൂടാതെ സമ്പാദിക്കാം. ഇന്നത്തെ സാമ്പത്തികനിലയെ പരിഗണിച്ചുള്ള വരുമാനത്തിന്റെ ഒരംശം നിങ്ങളുടെ മക്കൾക്കായി മാററിവയ്ക്കുന്നകൂട്ടത്തിൽ സ്വർണ്ണാഭരണങ്ങളും ഉൾപ്പെടട്ടെ.

25 മാസവും മുടക്കംവരുത്താതെ പണം അടക്കുന്നവരുടെ പേരുകൾ സ്പെഷ്യൽനറുക്കെടുപ്പിൽ ചേർത്ത് വിജയിക്കുന്നവർക്ക് **1001** രൂപായുടെ സ്വർണ്ണാഭരണങ്ങൾ സൗജന്യമായി നല്കപ്പെടും.

വ്യവസ്ഥകൾക്ക് 15 നയാപൈസാ സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

**ചെമ്പകാ ജ്യൂവലേഴ്സ്, മുല്ലയ്ക്കൽ—ആലപ്പുഴ.**

പുതുലോകത്തിൽ പുതുമ ചാർത്തുന്ന

## "ചെമ്പകാ" നെക്ലസ്



Prop:—
P. S. Mony

ചെമ്പകാ
ജ്യൂവലേഴ്സ്
മുല്ലയ്ക്കൽ
ആലപ്പുഴ.

Tele: "CHEMBAKA" Regd: M. 37 Phone: 2092

# "വാജീകരണസുധ"

## (ഗോൾഡൺ ടോണിക്ക്)

സപ്തധാതുക്കളേയും പരിപുഷ്ടമാക്കുന്ന സ്വർണ്ണം, കസ്തൂരി, ഗോരോചന തുടങ്ങിയ അനേകം ദിവ്യൗഷധികൾചേർത്ത് തയ്യാറാക്കിയിരിക്കുന്ന ഈ ടോണിക്ക്, ശരീരശോഷം, മാനസികഭീതി, കാസം, ശ്വാസവികാരങ്ങൾ, ഹൃദ്രോഗം, ദേഹനാവയവസംബന്ധമായ രോഗങ്ങൾ, വായുക്ഷോഭം, വാതരോഗങ്ങൾ, ഞരമ്പുതളർച്ച തുടങ്ങിയ വ്യാധികൾ ശമിപ്പിക്കുന്നു. സുഖനിദ്ര, ഓർമ്മശക്തി, ധാരണാശക്തി എന്നിവ പ്രദാനംചെയ്യുന്നതുകൊണ്ട് അഭിഭാഷകർ, അദ്ധ്യാപകർ, സാഹിത്യകാരന്മാർ, വിദ്യാർത്ഥികൾ, എന്നിവർക്ക് ഹിതമായ രസായനൗഷധവുമാണിത്. നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുത്ത് തടിയും മിടുക്കും നൽകി ഞരമ്പിനും, നാഡികൾക്കും, മാംസപേശികൾക്കും അധികമായ ഉറപ്പും ബലവും വർദ്ധിപ്പിക്കുന്നതിനാൽ പ്രസവശേഷം സേവിക്കുന്നതിന് ഏററവും ഉത്തമമാണ്. രുചിയും ആർത്തിയും കൈവരുത്തി ദഹനശക്തി നിലനിർത്തുന്നതുമൂലം രോഗാനന്തരം കഴിക്കുന്നതിന് "വാജീകരണസുധ" കുഞ്ഞുങ്ങൾക്കും പ്രായമായവർക്കും അമൃതതുല്യമാണെന്നു പറയുന്നതിൽ അതിശയോക്തിയില്ല.

വില കുപ്പി ഒന്നിനു് **5—25** മാത്രം.

**നിർമ്മാതാക്കൾ—**

# ജയഭാരതം ആര്യവൈദ്യശാല (Regd)

## H. O. പുനലൂർ ::: ഫോൺ 10.

**പ്രൊപ്രൈറ്റർ— പി. ഒ. തോമ്മസ് വൈദ്യൻ (വൈദ്യകലാനിധി)**

ബ്രാഞ്ചുകൾ:—

അഞ്ചൽ, അടൂർ, ആയൂർ, ഓയൂർ, കൊട്ടാരക്കര, കല്ലിശ്ശേരി, കുന്നിക്കോട്, കഴുതുരുട്ടി, കുണ്ടറ, കല്ലട, കരുനാഗപ്പള്ളി, കായംകുളം, കടമ്പനാട്, കൈപ്പട്ടൂർ, ചാത്തന്നൂർ, ചങ്ങനാശേരി, തെന്മല, തലവൂർ, തിരുവൻവണ്ടൂർ, തൊടുപുഴ, തണ്ണീർമുക്കം, തെങ്കാശി, തിരുനൽവേലി, തട്ടയിൽ, പനവേലി, പുലമൺ, പറക്കോട്, പന്തളം, പത്തനംതിട്ട, പത്തനാപുരം, പൂഞ്ഞാർ, പുറക്കാട്, മൂവാററുപുഴ, മേപ്രാൽ, മുളവന, എടത്വാ, എസ്. എൽ. പുരം, ഹരിപ്പാട്, ആയ്യങ്കാവു്, ഏനാത്ത്, ചെങ്ങന്നൂർ, ചെങ്ങമനാട്, ചടയമംഗലം, ചിററൂക്കാണം.



# ══ ശ്രീകൃഷ്ണാ ചിട്ടിഫണ്ട് ══

## മുട്ടംബസാർ, ചേർത്തല.

**എ. ബി. സി. എന്നീ മൂന്നു ക്ളാസുകളിലായി 1750 രൂപയുടെ പ്രതിമാസ ലേലച്ചിട്ടി ക്യാഷ് സെക്യൂറിററിയിന്മേൽ വീണ്ടും ഉടനെ ആരംഭിക്കുന്നു.**

വീതപ്പലിശ ഒന്നുപോലെ.

എ. മാസം ഒന്നിനു് 20 രൂ. വീതം 50 മാസം രൂ. 1000.
ബി. മാസം ഒന്നിനു് 10 രൂ. വീതം 50 മാസം രൂ. 500.
സി. മാസം ഒന്നിനു് 5 രൂ. വീതം 50 മാസം രൂ. 250.

വയ്യോലയും മററു വിവരങ്ങളും ആവശ്യപ്പെട്ടാൽ അയച്ചുതരുന്നതാണ്.

തലയാൾ: സി. എൻ. ദിവാകരൻ, തയ്യിൽ-ചെറുകാത്തറ, വടക്കുംമുറി-ചേർത്തല.

# സ്പെഷ്യൽ സമ്മാനങ്ങൾ Rs. 1200

## സ്വർണ്ണാഭരണ ഇൻസ്റ്റാൾമെൻറ് പദ്ധതികളുടെ ചരിത്രത്തിലൊരു പുതിയ അദ്ധ്യായം കുറിക്കുന്നു!

# രാമു ജ്വല്ലേഴ്സ്

## മുല്ലയ്ക്കൽ – ആലപ്പുഴ.

**പ്രൊപ്രൈറ്റർ— കെ. ദാമോദരൻപിള്ള.**

## സ്വർണ്ണാഭരണ ഇൻസ്റ്റാൾമെൻറ പദ്ധതി No: 3.

**8 രൂപാ മുടക്കി 200 രൂപായുടെ സ്വർണ്ണാഭരണങ്ങൾ സമ്പാദിക്കുക!**

പ്രതിമാസ സമ്മാനമായ **Rs. 200**-ന് പുറമെ സ്പെഷ്യൽ സമ്മാനം **Rs. 600**

**ആദ്യനറുക്കെടുപ്പ്: 1960 നവംബർ 30 (1136 വൃശ്ചികം 15)**

**കുറി വീണാൽ വീണ്ടും പണം അടയ്ക്കേണ്ടതില്ലാ.**

പ്രത്യേകതകൾ— 1. ആദ്യ നറുക്കെടുപ്പിൽ വിജയിയാകുന്ന അംഗത്തിന് 200 രൂപായുടെ സ്വർണ്ണാഭരണങ്ങൾക്കു പുറമേ 200 രൂപാ വിലപിടിപ്പുള്ള ഉരുപ്പടികൾകൂടി സ്പെഷ്യൽസമ്മാനമായി നൽകുന്നതാണ്.

2. 12-ാമതു നറുക്കെടുപ്പിൽ വിജയിക്കുന്ന അംഗത്തിന് 200 രൂപായുടെ സ്വർണ്ണാഭരണത്തിനു പുറമേ 200 രൂപായ്ക്കുള്ള സ്വർണ്ണാഭരണങ്ങൾകൂടി പ്രത്യേക സമ്മാനമായി കൊടുക്കുന്നതാണ്.

3. ഒരു തവണയും മുടക്കമില്ലാതെ കൃത്യസമയത്തിനു മുൻപായി പണം അടച്ചിട്ടുള്ളതും, എന്നാൽ 25 തവണവരെ നറുക്കെടുപ്പിൽ വിജയിയാകാത്തതുമായ അംഗങ്ങളുടെ നമ്പരുകൾ ഒടുവിൽ നറുക്കിടുന്നതും, ആ നറുക്കെടുപ്പിൽ വിജയിക്കുന്ന അംഗത്തിന് 200 രൂപായുടെ സ്വർണ്ണാഭരണങ്ങൾക്കു പുറമേ 200 രൂപാ വിലപിടിപ്പുള്ള സ്വർണ്ണാഭരണങ്ങളും സ്പെഷ്യൽസമ്മാനമായി ലഭിക്കുന്നതാണ്.

4. പദ്ധതി:— മാസംതോറും 8 രൂപാവീതം 25 മാസംകൊണ്ടവസാനിക്കുന്നതും പരിപൂർണ്ണ ഉത്തരവാദിത്വമുള്ളതുമായ സ്വർണ്ണാഭരണ ഇൻസ്റ്റാൾമെൻറപദ്ധതി.

വിശദവിവരത്തിന് 8 ന: പൈസാ സ്റ്റാമ്പുസഹിതം ഇന്നുതന്നെ എഴുതുക.

N. B. ടി പദ്ധതിയിലേക്ക് അംഗങ്ങളെ ചേർക്കുന്നതിന് സമർത്ഥന്മാരായ ഏജൻറന്മാരെ ആകർഷണീയമായ കമ്മീഷൻവ്യവസ്ഥയിൽ ആവശ്യമുണ്ട്. വിവരത്തിന് 15 നയാപൈസാ സ്റ്റാമ്പുസഹിതം എഴുതിച്ചോദിക്കുക.

## മിച്ചംവയ്ക്കുന്നതോടൊപ്പം ഭാഗ്യം പരീക്ഷിയ്ക്കുക!

# 5 രൂപാ മുടക്കി 100 രൂപാ വിലക്കുള്ള

★ സ്വർണ്ണാഭരണങ്ങൾ

★ വെങ്കലപാത്രങ്ങൾ

★ സ്റ്റീൽപാത്രങ്ങൾ

**യാതൊരു ബാദ്ധ്യതയുംകൂടാതെ ഇഷ്ടാനുസരണം സമ്പാദിക്കുക!**

## ആദ്യനറുക്കെടുപ്പ്: 1960 നവംബർ 2

**നറുക്കുവീണാൽ വീണ്ടും പണം അടയ്ക്കേണ്ടതില്ല.**

വ്യവസ്ഥകൾക്ക് നേരിട്ടോ 8 നയാ പൈസാ സ്റ്റാമ്പുസഹിതമോ അപേക്ഷിക്കുക.

# വി. സദാശിവൻ ആചാരി & സൺസ് [A]

**വെങ്കലപാത്രവ്യാപാരം & ഉഷാ ജുവലേഴ്സ്,**

**ആലപ്പുഴ — ഫോൺ 2247**

---

## പ്രമേഹരോഗികൾ ശ്രദ്ധിക്കുക!

# ★ സലോബ്സിൻ ★

പ്രമേഹരോഗത്തിന് ഇന്ന് ഡാക്ടറന്മാർ ശുപാർശ ചെയ്തുവരുന്ന സിദ്ധൗഷധമാണ് ഞങ്ങളുടെ സലോബ്സിൻ (SALOBCEIN)

(Regd: by Government of India)

HERE IS THE OPINION OF AN EMINENT DOCTOR:—

"I have tried Salobcein Tablets manufactured by Messrs, Varmas Ayurveda Pharmacy, Alleppey for the last six months on cases of Diabetes Mellitus. The total number of cases treated with the above drug was about 200. In all the cases Fasting Blood sugar estimation was done before and after treatment. Excepting in about 5—7 % of the cases in all the rest the results were very good as estimated by the symptoms and blood and urine analysis. I have not found any untowards side re-actions also. Considering the economy and utility of the drug I feel this is something of real interest to people suffering from "DIABETES MELLITUS"

Dr. R. SANKARA RAM B Sc., M. B. B S.
Narayana Guru Medical Mission, Pathirappally, ALLEPPEY.

30 ഗുളികകൾ അടങ്ങിയ കുപ്പി ഒന്നുക്ക് വില 4—00
60 ഗുളികകൾ അടങ്ങിയ കുപ്പി ഒന്നുക്ക് വില 7—50
വി. പി. ചാർജ്ജ് പുറമെ.

ആവശ്യപ്പെടുക—

**വർമ്മാസ് ആയുർവ്വേദഫാർമസി (*Regd*), മുല്ലയ്ക്കൽ, ആലപ്പുഴ.**

സ്റ്റോക്കിസ്റ്റന്മാർ— (1) M/s Vikram Medical Stores, 323. B. Delislie Rd., Bombay-11. (2) Allbutt & Co., 182, Mount Rd., Madras-2 (3) കെ. കെ. കരുവിള & സൺസ്, കോട്ടയം (4) സ്വാമി & Co. ആലപ്പുഴ

MAR NEWS AGE
CHENTHITTA
TRIVANDRUM
8-10-60


# സരസൻ

(വിനോദമാസിക)

പുസ്തകം 16 | ചങ്ങനാശേരി ഒക്ടോബർ 1960 | ലക്കം 6


## ★ തിരപ്പുറപ്പാട് ★

### കാർഷികബില്ല്

ത്രിശങ്കുവിനെ പണ്ട് വിശ്വാമിത്രൻ തപോബലം പ്രയോഗിച്ച് സ്വർഗ്ഗത്തിലേക്കയച്ചു. സ്വർഗ്ഗത്തിന്റെ വാതുക്കൽവച്ച് ദേവേന്ദ്രൻ അയാളുടെ തലയ്ക്കുചവുട്ടി താഴോട്ടുതള്ളി. താഴെ വന്നപ്പോൾ വിശ്വാമിത്രൻ വീണ്ടും മേലോട്ടെറിഞ്ഞു. ഇന്ദ്രൻ വീണ്ടും ചവുട്ടിത്താഴ്ത്തി. ഇങ്ങനെ ഇവിടെയും അവിടെയും വയ്യാതായ ത്രിശങ്കു ഇപ്പോൾ രണ്ടിനുമിടയ്ക്ക് രണ്ടുമല്ലാത്ത ഒരു താവളത്തിൽ കഴിഞ്ഞുകൂടുകയാണ്. നമ്മുടെ കാർഷികബില്ലുകളുടെ കഥയും ഭിന്നമല്ല. പട്ടത്തിന്റെകക്ഷി തനിയേ ഭരിച്ചപ്പോൾ ഒരുസൈറ ബില്ലുണ്ടാക്കി. അമേരിക്കക്കാരന്റെ ചന്ദ്രറോക്കററുപോലെ അതു മേല്പോട്ടുയരാതെ താഴെവച്ചുതന്നെ ചീററിപ്പോയി. പിന്നെവന്ന കമ്മ്യൂണിസ്റ്റുകാരും ബില്ലുണ്ടാക്കി. അതു മേലോട്ടുപോയെങ്കിലും അതുവിട്ട കമ്മ്യൂണിസ്റ്റുകാരും താഴോട്ടുപോയി. ബില്ല് കേന്ദ്രത്തിലെത്തിയെങ്കിലും അവിടുത്തെ ദേവേന്ദ്രൻ തൊഴിച്ചു താഴോട്ടുവിട്ടു. ചവുട്ടിന്റെ ആക്കംനിമിത്തം ചില ചതവും ഉരവുമെല്ലാം പററിപ്പോയി. അതിനൊക്കെ മരുന്നുവച്ചുണക്കി വീണ്ടും മേലോട്ടയക്കാനുള്ള ശ്രമമാണു നിയമസഭ നടത്തുന്നതു്. ഏതുമരുന്നാണ് വയ്ക്കേണ്ടതെന്നുള്ളതിനേപ്പററി വാദപ്രതിവാദം നടക്കുകയാണ്. ഇതിനിടെ ഇതൊന്നും രസിക്കാത്ത ഒരു കൊച്ചനിയൻ ഈ സംരംഭം തടയണമെന്ന് ഹൈക്കോടതിയോടപേക്ഷിച്ചിരിക്കയുമാണ്. കൊച്ചനിയന്മാർക്കു പണ്ടേ വല്യചേട്ടന്മാരുടെ ചെയ്തികൾ രസിക്കാറില്ല. ഹൈക്കോടതിക്കു കൊച്ചനിയന്റെ അപേക്ഷ ശരിയാണെന്നുകണ്ടാൽ ഈ കോലാഹലമെല്ലാം അവിടെ നിൽക്കും. കാർഷികബില്ല് വിശ്വാമിത്രന്റെ ത്രിശങ്കുവിനേപ്പോലെ അന്തരീക്ഷത്തിന്റെ അന്തരാളത്തിൽ കഴിയേണ്ടിവരും. എങ്കിൽ അങ്ങനെയാകട്ടെ; ത്രിശങ്കുവിനു് ഒരു കൂട്ടും കിട്ടുമല്ലോ.

### ഗ്രാമക്കോടതി

പഞ്ചായത്തുരാജ് വന്നതിന്റെ ദുഃഖം അധികമാരും അറിയാൻ നേരമുണ്ടായില്ല. അതിനുമുമ്പേ കമ്മ്യൂണിസ്റ്റ്രാജു വന്നു. കുഷ്ഠംവരുമ്പോൾ കരപ്പന്റെ വിഷമം ആരറിയാനാണ്. കലുങ്കുചട്ടമ്പിമാരും കള്ളസാക്ഷിക്കാരും പഞ്ചായത്ത് എം. പീ. മാരായി ഭരണംനടത്തി. ജനങ്ങൾ അതുസഹിച്ചു. ഇനി അവരുടെ നിയന്ത്രണത്തിൽ ശിക്ഷിക്കാനും രക്ഷിക്കാനുമുള്ള കോടതികൂടെ കൊടുക്കുകയാണ്. അതിലെ ജഡ്ജിമാരെയും തിരഞ്ഞെടുക്കണമെന്നായിരുന്നു കമ്മ്യൂണിസ്റ്റുകളുടെ വാദം. അതു പാസ്സായിരുന്നെങ്കിൽ പഞ്ചായത്തുകളിൽനിന്നും വിമോചനം നേടാനുള്ള ഒരു സമരംകൂടി വേണ്ടിവരുമായിരുന്നു. ഭാഗ്യവശാൽ ആ വാദം പാസ്സായില്ല. പഞ്ചായത്തു ജഡ്ജിമാരെ ഗവമ്മെന്റ് നോമിനേററുചെയ്താൽമതിയെന്നുള്ള വ്യവസ്ഥയാണു പാസ്സായിരിക്കുന്നതു്. അല്പം ആശ്വാസം അതിലുണ്ട്, എങ്കിലും സെൽസിക്രട്ടറിമാർക്കു് പകരം മണ്ഡലം പ്രസിഡണ്ടന്മാരെ ജഡ്ജിമാരാക്കുന്ന സമ്പ്രദായമാണോ വന്നുകൂടുന്നതെന്നറിഞ്ഞുകൂടാ. പി. എസ്. പി. വരുമെന്നു പേടിക്കാനില്ല. ഭാഗ്യവശാൽ അതു ഗ്രാമങ്ങളിലെങ്ങും വന്നിട്ടില്ല. എങ്കിലും പട്ടവുംകൂടിയാണല്ലോ ഭരണം, കോൺഗ്രസ്സുകാരനു പി. എസ്. പി. യാകാൻ പ്രയാസവുമില്ല. ഗ്രാമക്കോടതികളിൽ സർക്കാർ നോമിനേററുചെയ്യുന്ന ജഡ്ജിമാർ കോൺഗ്രസ് എൺപത്തികനു്, പി. എസ്. പി. മുപ്പതു്. ലീഗ് ബാക്കി, എന്നുള്ള അംഗീകൃതമായ അനുപാതത്തിലായാൽ രാഷ്ട്രീയം നോക്കാതെ അന്നന്നു് അദ്ധ്വാനിക്കുന്ന ഗ്രാമീണർ ബുദ്ധിമുട്ടും. അതിനിടയാക്കാതെ നോമിനേഷൻ നടക്കുമെന്നു വിശ്വസിക്കാം.

### ജി. ഓ. യും
### എൻ. ജി. ഓ. യും

ഉള്ളവനു് ഊട്ടിലും കിട്ടും. ഓണം വന്നാലും ഉണ്ണി പിറന്നാലും കുമരനു കുമ്പിളിൽ കഞ്ഞി. കോൺഗ്രസ്സുപോലും ഉണ്ടാകുന്നതിനുമുമ്പേ പഴവന്മാർ പറഞ്ഞ സൂക്തങ്ങളാണിവ. ഇന്നും ആക്കെങ്കിലും തെളിയിക്കാമോ ഇതു തെററാണെന്നു്? ഒരുതരി ചോറും ഉണ്ണാൻമേലാത്ത പ്രമേഹരോഗിയാണെങ്കിലും ശരി വീട്ടിൽ സുഭിക്ഷമായി കഴിഞ്ഞുകൂടുവാൻ പൂർവ്വീകസ്വത്തോ സ്വയാർജിതമോ ഉള്ളവനാണെങ്കിൽ സദ്യയ്ക്കുചെന്നാൽ അവനു് ആദ്യപന്തിയിൽ സീററുണ്ടു്. അവനെ കരുതി ചോറിനുപകരം അല്പം ഗോതമ്പും തയ്യാറായിരിക്കും. എന്തുവിഴുങ്ങിയാലും ദഹിക്കുന്ന വിശപ്പിന്റെ ബഡവാഗ്നി വയററിൽകത്തുന്ന ഒരു തെണ്ടി ഊട്ടിനെങ്കിലും വയറുനിറയ്ക്കാമെന്നു കരുതി ചെന്നാലോ? ഏററം തല്ലും എച്ചിലിലയും കഴിഞ്ഞാൽ എരിശ്ശേരിമാത്രമുള്ള ഒരു വിളമ്പു്—ഒരു പിടി ചോറുകൂടിയുണ്ടെങ്കിൽ അവന്റെ ഭാഗ്യം സോഷ്യലിസം—ഗാന്ധിയൻസോ

ഷ്യലിസമായിക്കോട്ടേ—വന്നാലും ഇതിന ഭേദം വരുമെന്ന തോന്നുന്നില്ല. പ്രപഞ്ചസമാശ്ലേഷകമായ ഈ പരമസത്യത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കണം കേരളത്തിലെ സർക്കാരുദ്യോഗസ്ഥന്മാരുടെ ശമ്പളപരിഷ്കാരം. പ്രതിമാസം നാനൂറണ്ടായിരുന്നവർക്ക് എഴുനൂറായി. ആയിരക്കാരന് ആയിരത്തഞ്ഞൂറായി. അവരൊക്കെ ഗസററഡ് ഉദ്യോഗസ്ഥന്മാരാണ്. അവർക്കതിനവകാശമുണ്ട്. എന്തെന്നാൽ ഉള്ളവനു് ഊട്ടിലും കിട്ടും. പ്രതിമാസം നാൽപ്പതുരൂപാ കിട്ടുന്നവനോ? അതെങ്കിലും തുടർന്നുകിട്ടുമെങ്കിൽ ദൈവാധീനം. എന്തെന്നാൽ കാണംപിറന്നാലും ഉണ്ണിപിറന്നാലും കുമരനു് കുമ്പിളിലാണ് കഞ്ഞി. ആകെക്കൂടിനോക്കിയാൽ ഒന്നേ പറയാനുള്ളു! ഗാന്ധിയൻ സോഷ്യലിസം വെൽവ്വതാക!!

## ചുവപ്പും കടുംചുവപ്പും

ചുവപ്പും കടുംചുവപ്പും ചേർന്നാൽ എന്താകുമെന്നു് വർണ്ണസങ്കരവിദഗ്ദ്ധന്മാരാണ് പറയേണ്ടതു്. കടുകടും ചുവപ്പായിരിക്കുമോ? കമ്മ്യൂക്കാരം ചുവപ്പാണ്. ആറെസ്പിക്കാർ പറയുന്നതു് അവർ അതിനെക്കാൾ ചുവപ്പാണെന്നാണ്. ചുവപ്പിന്റെ ഡിഗ്രിയെ സംബന്ധിച്ചുള്ള തക്കത്തിലാണ് 1957 മുതൽ 1959 വരെ അവർ ഭിന്നിച്ചു നിന്നതു്. 1959ലെ തെരഞ്ഞെടുപ്പിൽ കടുംചുവപ്പന്മാർ വെളം ചുവപ്പിനെ വിട്ടു് വെള്ളയോടും പച്ചയോടും ചേർന്നു. ചുവപ്പിന്റെ ശകലം മങ്ങലുപററിയതല്ലാതെ പറയത്തക്ക ലാഭമൊന്നുമുണ്ടായില്ല പ്രസ്തുത അനുഭവത്തിന്റെപേരിൽ ഇപ്പോൾ തിരുവനന്തപുരം കോർപ്പറേഷൻതെരഞ്ഞെടുപ്പിൽ കടുംചുവപ്പാകുന്ന ആർ.എസ്.പി. വെളം ചുവപ്പാകുന്ന കമ്മ്യൂക്കളുമായി യോജിച്ചു് ഒരു കടുംകടുചുവപ്പുവ്യൂഹം സൃഷ്ടിച്ചിരിക്കയാണ്. കോർപ്പറേഷൻതിരഞ്ഞെടുപ്പിന്റെ ഫലം എങ്ങനെ ആയിരുന്നാലും ഇതു ചേരേണ്ട ഒരു ചേർച്ചയാണെന്നതുള്ളതിൽ സംശയമില്ല. ഗാന്ധികീജയ് വിളിക്കുന്ന ഘോഷയാത്രയിൽ ഇങ്കിലാബുവിളിക്കുന്നവർകൂടി ഉൾപ്പെടുമ്പോൾ കണ്ടുനിൽക്കുന്നവക്ക് ചിന്താക്കുഴപ്പമായിരിക്കും അനുഭവം. നിറത്തിന്റെ കട്ടിയുടെ കൂടുതൽകുറവ് എങ്ങനെയിരുന്നാലും ഇങ്കിലാബികൾ ഒന്നിച്ചാൽ ഈ ചിന്താക്കുഴപ്പം അവസാനിക്കാം. ഒരുമിപ്പിനെ ഈ കാരണത്തിന്റെപേരിൽ ഞങ്ങൾ സ്വാഗതംചെയ്യുന്നു.

## ആടുന്ന പള്ളിക്കൂടങ്ങൾ

വിദ്യാഭ്യാസത്തെപ്പററി കേരളത്തെപ്പോലെ ഇത്രയും അപകടം അനുഭവിച്ച മറേറതെങ്കിലും രാജ്യമുണ്ടോ എന്നാണ സംശയം. രാജഭരണകാലത്തായിരുന്നെങ്കിൽ ദിവാൻജിമാർ മാറിവരുന്നതനുസരിച്ചു് വിദ്യാഭ്യാസസമ്പ്രദായങ്ങളും മാറി. ജനകീയം വന്നതുമുതൽ അപ്പഴപ്പോൾ അധികാരത്തിൽ വരുന്ന കക്ഷിയുടെ സ്വഭാവമനുസരിച്ചായിരിക്കും മാററം. കമ്മ്യൂണിസ്റ്റുകൾ ഒരു മാററം വരുത്താൻ ശ്രമിച്ചു. ആ മാററംതന്നെ അവരെ മാററി! ഇപ്പോൾ സങ്കരസക്കാർ എന്തൊക്കെയോ മാററംവരുത്താനുദ്ദേശിക്കുകയാണ്. നടക്കട്ടെ. പക്ഷേ ഏറെ കിഴക്കോട്ടുപോയാൽ അവിടെ പനിയുണ്ടു്. അത്രത്തോളം പോകാതെ മററൊരു അടിസ്ഥാനകാര്യം ചിന്തിക്കണമെന്നാണ് വെഞ്ഞാറമൂട്ടിലെ പ്രൈമറി പള്ളിക്കൂടം പറഞ്ഞതു്. ഇവിടെ വിദ്യാലയങ്ങൾ വേണോ എന്നുള്ളതാണ് ആദ്യം നിശ്ചയിക്കേണ്ടതു്. വേണമെങ്കിൽ അതു പണിയിക്കണം. അതിനുശേഷം മതി നിയമങ്ങൾ. ഇപ്പോഴത്തെ അവസ്ഥ അതല്ലെന്നാണ് മന്ത്രിമാർ നിയമസഭയിൽ പറഞ്ഞതു്. എലിയെ ആകർഷിച്ചു് അകത്തുകയററിയശേഷം അവയെ കൊല്ലാനുണ്ടാക്കിയ കൂടുമാതിരി കുറേ പള്ളിക്കൂടങ്ങളാണുള്ളതു്. ഒന്നുംരണ്ടുമല്ല. ആയിരത്തിഅഞ്ഞൂറെണ്ണമുണ്ടെന്നാണ് മന്ത്രി പറഞ്ഞ കണക്ക്. വെഞ്ഞാറമൂട്ടിലെ സ്കൂളുമാത്രം വീണതെന്താണെന്നും രണ്ടു കുഞ്ഞുങ്ങൾ മാത്രം ചമ്മന്തിയായ തെന്താണെന്നും ചോദിച്ചാൽ കുഞ്ഞുങ്ങളുടെ ആയുസ്സിന്റെ വലിപ്പമാണെന്നല്ലാതെ ഒന്നും പറയാനില്ല. ആയിരത്തഞ്ഞൂറ പ്രൈമറി സ്കൂളുകളും വീഴേണ്ടതായിരുന്നു. സ്കൂളൊന്നിനു നൂറുവീതമെങ്കിലും ജനസംഖ്യ കുറയേണ്ടതുമായിരുന്നു. അങ്ങനെ നാലഞ്ചുകൊല്ലം നിരന്തരം നടന്നാൽ വിദ്യാലയങ്ങളോ വിദ്യാർത്ഥികളോ കാണുകില്ല. വിദ്യാഭ്യാസപരിഷ്ക്കാരസംബന്ധമായ നിയമങ്ങളുടെ വെള്ളപ്പൊക്കംമാത്രം കാണും. അതു മതിയെന്നു നിശ്ചയിക്കുന്നോ അതോ കുഞ്ഞുങ്ങളെ കൊല്ലുന്നതു നിർത്തണോ? അധികാരികൾ തീരുമാനിക്കട്ടെ. ഏതിനും ഞങ്ങളുടെ പിന്തുണ!!

....0....


ശ്രീ വെങ്കിടേശ്
ലഞ്ച് ഹോം
ജോയി തിയേറററിനു സമീപം
**മാവേലിക്കര.**
രുചികരമായ ഭക്ഷണത്തിനും, ററീ പാർട്ടി ആർഡർകൾക്കും ഞങ്ങളെ സമീപിക്കുക.
Prop: എൻ. എൻ. ഉണ്ണി.




# ബ്രിട്ടീഷ് രാജ്ഞി വരുമോ?

## ഉദ്ഘാടനത്തിനുള്ള അപേക്ഷകരുടെ ശല്യം ഡൽഹിയെ ഭയപ്പെടുത്തുന്നു.

അടുത്തുതന്നെ ഇന്ത്യ സന്ദർശിക്കുന്ന ബ്രിട്ടീഷ് രാജ്ഞിയെ കേരളത്തിലേക്കും ഒന്നയച്ചുതരണമെന്ന് മുഖ്യമന്ത്രി പട്ടം പ്രധാനമന്ത്രി നെഹ്റുവിനോട് അപേക്ഷിച്ചിരിക്കുന്നതായി അസംബ്ളിയിൽ വെളിപ്പെടുത്തിയതോടുകൂടി ദ്രുതതരമായ ചില ചലനങ്ങൾ ഉണ്ടായിരിക്കയാണ്. പല സ്ഥാപനങ്ങളുടെ അധികാരികളും രാജ്ഞിയേക്കൊണ്ട് ഉൽഘാടനം നടത്തിക്കുവാൻ തീരുമാനിച്ചുകഴിഞ്ഞു. രാജ്ഞിയെ കാണിക്കുവാൻ വേണ്ടി പ്രത്യേകം ചില മികച്ച കഥകളും ഏതാനും നാടകക്കമ്പനികൾ അടിയന്തിരമായി പഠിച്ചുതുടങ്ങി. ഉണ്ണിത്താന്റെയും കലാമണ്ഡലത്തിന്റെയും നേതൃത്വത്തിൽ രണ്ടു കഥകളിസെററും തയ്യാറെടുപ്പുതുടങ്ങിക്കഴിഞ്ഞു. രാജ്ഞിയെ കേൾപ്പിക്കുവാൻവേണ്ടി പല ഭാഗവതരന്മാരും പ്രത്യേകമായി പാട്ടു ശീലിച്ചുവരികയുമാണ്. ഇതിന്റെയെല്ലാം ഭാരം താങ്ങേണ്ടിവന്നിരിക്കുന്നതു് തൽക്കാലം ഡൽഹിയിലെ ആഭ്യന്തരവകുപ്പിനും വിദേശവകുപ്പിനുമാണ്. പരിപാടികൾക്കു രാജ്ഞിയെ ക്ഷണിക്കേണ്ടതും പ്രോഗ്രാം നിശ്ചയിക്കേണ്ടതും ആ വകുപ്പുകാരാണ്.

അസംബ്ളിയിലെ പ്രസ്താവനയെപ്പററി യാതൊന്നും അറിയാതെ ആഭ്യന്തരമന്ത്രി പാന്ത് ആസ്സാംപ്രക്ഷോഭണം മുതലായ ചില കുഴഞ്ഞ കാര്യങ്ങളെപ്പററി ചിന്തിച്ചുകൊണ്ടിരുന്നപ്പോഴാണ് രാജ്ഞിയുടെ സന്ദർശനം പ്രമാണിച്ചുള്ള ആദ്യത്തെ ദൂതൻ അദ്ദേഹത്തെ ചെന്നുകണ്ടതു്. ശ്രീ. മന്നത്തിന്റെ കത്തുമായിചെന്ന സദാശിവൻപിള്ളയായിരുന്നു അതു്. പാന്ത് കത്തുവായിച്ചുനോക്കി.

പ്രിയപ്പെട്ട പാന്തേ,

ഒരത്യാവശ്യം ഏർപ്പാടുചെയ്യാനാണ് സദാശിവൻപിള്ളയെ അയക്കുന്നതു്. ബ്രിട്ടീഷ് രാജ്ഞി വരുമെന്നു കേൾക്കുന്നു. എന്റെ സർവീസ് സൊസൈററിയുടെ അവകാശങ്ങൾ മറക്കരുതു്. രാജ്ഞിയേക്കൊണ്ട് ഒരു പള്ളിക്കൂടമെങ്കിലും എനിക്കുൽഘാടനംചെയ്യിക്കണം. എനിക്കുവേണ്ടി ഈ വിവരം രാജ്ഞിയെ അറിയിച്ചു ശട്ടംകെട്ടണം. യാത്രചെയ്യാൻ തക്ക ആരോഗ്യമില്ലാത്തതുകൊണ്ടാണ്.

—സ്നേഹപൂർവ്വം മന്നം.

പാന്ത്— രാജ്ഞി എന്നു വരുമെന്നുപോലും തീർച്ചയായിട്ടില്ല. വരുന്നെങ്കി



ൽ കേരളം സന്ദർശിക്കുന്ന കാര്യവും തീർച്ചയല്ല. ഏതായാലും ഭാരതകേസരിയുടെ അപേക്ഷ യഥാവസരം പരിഗണിക്കാം.

സദാ— മററു പലരും കേരളത്തിൽനിന്നും ഇങ്ങോട്ടു പുറപ്പെട്ടിട്ടുണ്ട്. ഞങ്ങളുടെ അവകാശം നേരത്തെ സമർപ്പിക്കാൻവേണ്ടിയാണു ഞാൻ വിമാനത്തിൽതന്നെ വന്നത്.

പാന്ത്— അതു നന്നായി. വേണ്ടതുപോലെ ശ്രദ്ധിക്കാം.

സദാശിവൻപിള്ള യാത്രപറഞ്ഞിറങ്ങുന്നതിനു മുമ്പുതന്നെ മനോരമ ചെറിയാൻ തള്ളിക്കയറി പാന്തിൻെറ പക്കൽ ഒരപേക്ഷ സമർപ്പിച്ചു. സി. പി. യെക്കൊണ്ടു റോട്ടറി ഉൽഘാടനംചെയ്യിച്ചു കേരളകൗമുദി സുകുമാരൻ മേന്മനേടിയിരിക്കയാണെന്നും അതിനു ബദലായി മനോരമയുടെ റോട്ടറി രാജ്ഞിയേക്കൊണ്ട് ഉൽഘാടനം ചെയ്യിക്കാൻ സഹായിക്കണമെന്നുമായിരുന്നു അപേക്ഷ.

പാന്ത്— രാജ്ഞി കേരളത്തിൽവന്നാൽതന്നെയും ഇതിനെല്ലാം നേരംകാണുമെന്നു തോന്നുന്നില്ല.

ചെറി— കേരളത്തിൽ വന്നിട്ടുള്ള കേമന്മാരും കേമികളും മനോരമയാഫീസ് സന്ദർശിക്കാതെ പോന്നിട്ടില്ല. തേക്കടിക്കായലും മനോരമയാഫീസുമാണ് കേരളത്തിലെ രണ്ട് അംഗീകൃത ടൂറിസ്റ്റ് കേന്ദ്രങ്ങൾ.

സദാ— പെരുന്നയുടെ അവകാശം നിഷേധിക്കാൻ നായർസമുദായം അനുവദിക്കയില്ല. എൻ. എസ്സ്. എസ്സിൽ വരാത്ത രാജ്ഞിയെ ഒരു രാജ്ഞിയായിട്ടുപോലും കേരളം ഗണിക്കയില്ല.

കെ. ആർ. നാരായണൻ— (തള്ളിക്കയറിക്കൊണ്ട്) എസ്. എൻ. കോളേജിൻെറയും ശിവഗിരിമഠത്തിൻെറയും പ്രാധാന്യം ആരു നിഷേധിച്ചാലും കുറയാൻ പോകുന്നില്ല. രാജ്ഞിയെക്കൊണ്ട് കൊല്ലത്തെ വനിതാഹോസ്റ്റൽ ഉൽഘാടനംചെയ്യിക്കാനാണു ഞാൻവന്നത്.

പാന്ത്— ഇനിയും അപേക്ഷക്കാർ വരുന്നുണ്ടോ—?

കെ. ആർ— ഇപ്പോൾത്തന്നെ അമ്പതിൽപ്പരം ആളുകൾ പുറത്തുനിൽക്കുന്നുണ്ട്. ശിപായി തടഞ്ഞിട്ടും വകവയ്ക്കാതെ ഞാനിങ്ങു കയറിയതാ. ഈഴവരുടെ അവകാശം സംബന്ധിച്ച കാര്യങ്ങളിൽ ഞാൻ ആരെയും വകവയ്ക്കുകില്ല.

പാന്ത്— ഇത്രയധികം അപേക്ഷകരുള്ളപ്പോൾ ഒററയൊന്നിനെപ്പററിയും ഇപ്പോൾ പറയുക സാദ്ധ്യമല്ല. അപേക്ഷയെല്ലാം കിട്ടിക്കഴിഞ്ഞ് താരതമ്യപ്രാധാന്യംനോക്കി പരിപാടി തയാറാക്കാം. (പ്രൈവററുസിക്രട്ടറിയേ വിളിച്ച്) പുറത്തുനിൽക്കുന്ന കേരളത്തുകാരുടെ അപേക്ഷകളെല്ലാം വാങ്ങി ഫയലുചെയ്യു. മറുപടി യഥാവസരം അറിയിക്കാമെന്നും പറഞ്ഞേക്കു.

ഇതിനിടെ പുറത്തു ബഹളം തുടങ്ങി. രാജ്ഞിയെ കേൾപ്പിക്കാനുള്ള പാട്ടുമായി വന്ന ഒരു റേഡിയോഭാഗവതരും, രാജ്ഞിയ്ക്കുവേണ്ടി പ്രത്യേകം ഒരു കഥാപ്രസംഗവുമായിവന്ന കൈമാപ്പറമ്പനും ആഭ്യന്തരവകുപ്പിനെ ബോദ്ധ്യപ്പെടുത്തുവാൻവേണ്ടി അവരുടെ കലാപ്രകടനം ആരംഭിച്ചു. തൃശ്ശൂരിൽനിന്നുവന്ന ഒരു ഉരുട്ടുപെണ്ടവിദഗ്ദ്ധനും പിട്ടില്ല. കലാമണ്ഡലം കഥകളിസെററിലെ രാവണവേഷക്കാരൻ ചുട്ടികുത്താതെയാണെങ്കിലും രംഭാപ്രവേശത്തിലെ രാവണൻെറ ഭാഗം ഗോഗംഭാപൂർവം ആടിത്തുടങ്ങി. പലതവണ പലരും ഉൽഘാടനംചെയ്തതാണെങ്കിലും രാജ്ഞിയെക്കൊണ്ടുകൂടി ഉൽഘാടനംചെയ്യിക്കാൻവിജ്ഞാനകോശത്തിലെ ചില ഭാഗങ്ങൾ മാത്യു കുഴിവേലി ഉറക്കെ വായിച്ചുതുടങ്ങി. ബഹളം കേട്ടു. പാന്ത് മട്ടുപ്പാവിൽ പ്രത്യക്ഷപ്പെട്ടതു കൂടുതൽ കലാപത്തിനു കാരണമാക്കി. അതുവരെയും മിണ്ടാതിരുന്നവരും അവരവരുടെ കലാവിരുതും പ്രകടിപ്പിക്കാനൊരുങ്ങി. കളരിപ്പയററുമുതൽ വെങ്കുളത്തിൻെറ യോഗാഭ്യാസംവരെയുള്ള കായികവിദ്യകൾ, തിരുവാതിരമുതൽ ഭരതനാട്യംവരെയുള്ള നൃത്തരീതികൾ, വായ്കുരവമുതൽ ആർപ്പുവിളിവരെയുള്ള ശബ്ദകോലാഹലം, എന്നുവേണ്ടാ കേരളത്തിൻെറ പ്രദർശനാർഹമായതു മുഴുവനും അവിടെ കണ്ടു. ഇത്രയും ആളുകൾക്ക് ഇത്രവേഗം ഭ്രാന്തുപിടിച്ചതിൽ പരിഭ്രമംപൂണ്ട് പാന്ത് അകത്തുകയറി കതകടച്ചു. ഫോണിൽക്കൂടെയുണ്ടായ അറിയിപ്പനുസരിച്ചുവന്നെത്തിയ പോലീസുകാർ രാജ്ഞിഭക്തരെ മൃദുലമായരീതിയിൽ പുറത്താക്കുകയുംചെയ്തു.

രാജ്ഞിയെ കേരളത്തിലേക്കു വിടുന്നതിൻെറ ഔചിത്യത്തെപ്പററി ഡൽഹി കേന്ദ്രങ്ങളിൽ ഗണ്യമായ ആശങ്കയാണ് ഇതുനിമിത്തം ഉണ്ടായിരിക്കുന്നതെന്നാണ് വിശ്വാസയോഗ്യമായ അറിവ്.

—o—


10 രൂപാ മുടക്കി 200 രൂപയുടെ ഒരു പുതിയ സൈക്കിൾ കരസ്ഥമാക്കുവാനുള്ള സന്ദർഭം പാഴാക്കാതെ ഉടനെ അംഗമായി ചേരുവിൻ!

ലക്ഷ്മി സൈക്കിൾ ഇൻസ്റ്റാൾമെൻറ്

പദ്ധതി നമ്പർ 4. ഉടനെ ആരംഭിക്കുന്നു.

N. B. നറുക്കെടുപ്പിൽ വിജയിച്ച അംഗം വീണ്ടും പണം അടയ്ക്കേണ്ടാ.

കൂടുതൽ വിവരങ്ങൾക്ക് നേരിട്ടോ 8 നയാ പൈസാ സ്റ്റാമ്പുസഹിതമോ അപേക്ഷിക്കുക.

ലക്ഷ്മി സൈക്കിൾ സ്റ്റോഴ്സ്,

കല്ലൻറോഡ്, മുല്ലയ്ക്കൽ, ആലപ്പുഴ.

പ്രൊപ്രൈററർ: പി. വെങ്കിടകൃഷ്ണൻ

P. S. എല്ലാവിധ സൈക്കിളുകൾക്കും, സ്പെയർപാർട്ട്സുകൾക്കും, സൈക്കിൾറിപ്പയറിംഗിനും ഞങ്ങളെ സമീപിക്കുക

### കോട്ടയം മുനിസിപ്പൽ ചെയർമാൻ

# ശ്രീ. ഗോപാലകൃഷ്ണപ്പണിക്കർ

(ചാണക്യൻ)

അത്യന്ത പരമതണ്ടൻ, അത്യന്തതണ്ടൻ, പരമതണ്ടൻ, തണ്ടൻ, ലോലതണ്ടൻ, ഉഠംത്തണ്ടൻ, എന്നീവിധത്തിൽ പല തണ്ടന്മാരും തണ്ടികളും നമ്മുടെ രാജ്യത്തുണ്ടു്. ഇതിൽത്തന്നെ രാഷ്ട്റതണ്ടൻ, കലാതണ്ടൻ, സമുദായതണ്ടൻ, പണത്തണ്ടൻ, എന്നിങ്ങനെ പല ഉഠംപ്പിരിവുകളും ഉണ്ടു്. വിശദീകരണം ദുഷ്കരമാണു്. ചില ഉദാഹരണങ്ങഠംമാത്രം നിങ്ങളുടെമുമ്പിൽ വെക്കാം. കൈനിക്കര പത്മനാഭപിള്ള, മുണ്ടശ്ശേരി, സി. എൻ. ശ്രീകണ്ഠൻനായർ ,തുടങ്ങിയവരിൽ രാഷ്ട്റതണ്ടും, കലാതണ്ടും, ഒന്നുപോലെ കലർന്നിട്ടുള്ള വെങ്കലതണ്ടന്മാരാണു്. നടികളും നടന്മാരും(സിനിമയും നാടകവും ഒന്നിച്ചു പറകയാണു്) കലർപ്പില്ലാത്ത കലാതണ്ടന്മാരും തണ്ടികളുമാണു്. അഞ്ചുമിനിട്ടുനേരത്തെ അഭിനയാഭാസമായ മുഖചേഷ്ടകഠംകൊണ്ടും, കണ്ണുരുട്ടുകൊണ്ടും, എരപ്പത്തരങ്ങളുടെ വിളിച്ചുപറയലുകഠംകൊണ്ടും, പതിനായിരക്കണക്കിനുരൂപാ, ഒരു നടനും, നയിലോൺ സാരികളുള്ളിൽകിടന്നു തിമിർത്തുതുള്ളുന്ന ഏതാനും മാംസപേശികളുടെ ചലനാഭാസംകൊണ്ടു് ലക്ഷക്കണക്കിനു രൂപാ ഒരു നടിക്കും കിട്ടുന്നു. ഇന്നത്തെ നമ്മുടെ നടനും നടിയും വിവരം കെട്ടവരായിരിക്കണമെന്നു് നിർബന്ധവുമുണ്ടു്. പിന്നെങ്ങിനെ അവരിൽതണ്ടു് കടന്നുകൂടാതിരിക്കും? അവരെ പരമതണ്ടുവർഗ്ഗത്തിലാണു് സാധാരണഉഠംപ്പെടുത്തിവച്ചിരിക്കുന്നതു്. അത്യന്തതണ്ടന്മാരും വെറും തണ്ടന്മാരും, ഉഠംത്തണ്ടന്മാരും, നമ്മുടെ രാജ്യത്തുടനീളം കിടപ്പുണ്ടു്. എന്നാൽ പരമദിവ്യമായ അത്യന്ത പരമതണ്ടത്തം രണ്ടേരണ്ടുപേർക്കു മാത്രമേ ഈ കേരളക്ഷോണിയാവിലുള്ളു. ഒന്നു് ഉദയാ സ്റ്റുഡിയോ ഉടമസ്ഥൻ കുഞ്ചാക്കോമുതലാളി. മററൊരാഠം കോട്ടയം നഗരസഭാചെയർമാൻ ഗോപാലകൃഷ്ണപ്പണിക്കരും. അർഹിക്കാത്തതു് ആവശ്യത്തിലധികം ആരിൽ വന്നുചേർന്നാലും ശരി (മിടുക്കന്മാർ പുറമേ ഇത്തിരി വിനയം പുരട്ടിവെച്ചോളും) അവനൊന്നു നിഗളിക്കും. ആ നിഗളത്തിനു് പൂവും കായും വരുമ്പോഠം അവൻ തണ്ടനായി പൊതുജനദൃഷ്ടിയിൽ പരിഹാസ്യനായി തലയുയർത്തി നടക്കും. എന്താ, അങ്ങനെയുള്ള മനുഷ്യജീവികളും ഉണ്ടോ എന്നാണോ നിങ്ങഠം ചോദിക്കുന്നതു്?

ഇല്ലേ? അസംബ്ളിരംഗത്തെ ചാഴിക്കാടനെ ഒന്നു നോക്കു. എരപ്പഏഭ്യത്തരം എന്തും എപ്പോഴും വിളിച്ചുപറയുന്നതുകേട്ടു്, ഇങ്ങനത്ത കഴുതകളുമുണ്ടല്ലോ എന്നു



വിചാരിച്ചു് സദസ്സ് പൊട്ടിച്ചിരിക്കും. ചാഴിക്കാടന്റെ വിചാരമൊ? വളംവച്ചു, വിളഞ്ഞ തന്റെ അസാധാരണ ഫലിതങ്ങഠം ആസ്വദിച്ചാണു്, സദസ്സ് ചിരിക്കുന്നതെന്നു്. ഇത്തരം വങ്കന്മാരെ സൃഷ്ടിക്കുക സൃഷ്ടികർത്താവിന്റെ അങ്ങേയററത്തെ വിനോദമാണു്. ഇരിക്കട്ടെ—ഗോപാലകൃഷ്ണപ്പണിക്കരിലേക്കു് മടങ്ങിവരാം. കേരളത്തിലെ വലിയ തണ്ടന്മാരിൽ ഒരാഠം ഗോപാലകൃഷ്ണപ്പണിക്കരാണെന്നു പറഞ്ഞതിൽ നിങ്ങഠംക്കു സംശയമുണ്ടെങ്കിൽ—ഈയിടക്കുള്ള അദ്ദേഹത്തിന്റെ എഴുന്നെള്ളത്തു് ഒന്നുനോക്കു. മുറംപോലുള്ള വലിയ അക്ഷരങ്ങളിൽ "കോട്ടയം മുനിസപ്പൽചെയർമാൻ" എന്നെഴുതിയ വലിപ്പമേറിയ ബോർഡു് കാറിന്റെ മുമ്പിൽ ഭദ്രമായി തൂക്കിയിട്ടിരിക്കുന്നു. കോട്ടയം നഗരസഭാപ്രസിഡൻറു് തന്റെ അന്തസ്സിനും പദവിക്കും അശേഷം ലോപം തട്ടാതെ മന്ദം മന്ദം നടന്നു വരുന്നു. ഒരു പ്യൂൺ വന്നു് പിൻസീററിന്റെ ഡോർ തുറന്നുകൊടുക്കുന്നു. ഇത്തരം വൃത്തികെട്ടവാഹനങ്ങളിലും സവാരിചെയ്യേണ്ട യോഗം വന്നുചേർന്നല്ലോ എന്നൊരു വല്ലിച്ചഭാവം മുഖത്തു പുരട്ടിക്കൊണ്ടു് ഗോപാലകൃഷ്ണപ്പണിക്കരാകുന്ന ചെയർമാനദ്ദേഹം കാറിനുള്ളിലേക്കു് പെരുമ്പാമ്പുകഠം വലിയ പുനങ്ങളിലേക്കു് ഇഴഞ്ഞുകേറുന്നതുപോലെ നുഴഞ്ഞുകേറുന്നു. എന്നിട്ടു് പിൻവശത്തെ മെത്തയിലേക്കു് ചാഞ്ഞൊരു കിടപ്പും, "ഉം വിടെടാ" എന്നൊരാജ്ഞയും. പിന്നത്തെ ഘോഷയാത്ര—രാവണന്റെ പുറപ്പാടു് നമ്മുടെ പുരാണങ്ങളിൽക്കൂടി അറിഞ്ഞിട്ടുണ്ടു്. അലക്സാണ്ഡർ, നെപ്പോളിയൻ തുടങ്ങിയ മനുഷ്യക്കൊലപാതകികളുടെ ജൈത്രയാത്രയേക്കുറിച്ചും നാമറിഞ്ഞിട്ടുണ്ടു്. എന്നാൽ നമ്മുടെ പണിക്കരദ്ദേഹത്തിന്റെ മലർന്ന കിടപ്പിൽക്കൂടി നാനാവഴിക്കും നോട്ടം അയക്കുന്ന സമ്പ്രദായം അവർക്കാർക്കും ലഭിച്ചിരുന്നില്ല. അത്തരം യാത്രകളിൽ അദ്ദേഹത്തിന്റെ ഒട്ടിയ കവിളുകഠം കുട്ടമാക്രിയേപ്പോലെ വീർത്തിരിക്കും. ചത്ത മീനിന്റേതുപോലുള്ള ആ കണ്ണുകഠം തീവ്രതീവ്രങ്ങളായിരിക്കും. നഗരത്തിന്റെ പുനർസംവിധാനത്തെപ്പററി ഗാഢമായി ചിന്തിക്കുന്നമാതിരി പുരികങ്ങഠം വക്രിച്ചും അധരപുടങ്ങഠം ചലിച്ചുമിരിക്കും. എത്രയോ മുനിസിപ്പൽ ചെയർമാന്മാർ കേരളത്തിലുണ്ടു്. അവരിൽ ആരെങ്കിലും ഇത്തരംബോർഡു തൂക്കിയിട്ടോണ്ടു യാത്ര

ചെയ്യുന്നതായി നിങ്ങൾ കണ്ടിട്ടുണ്ടോ? കോട്ടയംനഗരത്തിനുതന്നെ എ.വി. ജോർജ്ജ്, കൈതാരത്ത് ശ്രീനിവാസയ്യർ, രാഘവക്കുറുപ്പ്, തുടങ്ങിയ പ്രസിഡണ്ടന്മാരുണ്ടായിരുന്നല്ലൊ. എന്നുകൊണ്ട് ഇത്തരം ഗോഷ്ടികൾ അവരാരും കാണിച്ചില്ല? ഒററ സമാധാനമേയുള്ളു—അവരെല്ലാം മനുഷ്യരായിരുന്നു. എന്നിട്ടും ആ മാന്യന്മാർ ഇരുന്ന പ്രസിഡണ്ടുകസാലയിൽ, ഈ പണിക്കർ പററിക്കൂടി. എങ്ങിനെ? ഇതിനുത്തരം പറയേണ്ടതു് കോട്ടയം ഭാസിയും, അദ്ദേഹത്തിൻെറ സഹോദരനും, കോട്ടയം നഗരത്തിലെ വോട്ടറന്മാരുമാണ്.

പണിക്കർക്ക് പൊക്കമില്ല—എന്നാൽ പൊക്കമില്ലെ? ഉണ്ട്, വണ്ണമില്ല—എന്നാൽ വണ്ണമില്ലെ? ഉണ്ട്. പണിക്കർക്ക് നിറമില്ലെ? എങ്ങിനെ പറയും ഇല്ലെന്ന്. എന്നാൽ എന്തുനിറമാണെന്ന് ആർക്കും പറയാനും ആവില്ല. അങ്ങനെയാണ് ആ നിറത്തിൻെറ കിടപ്പ്. കരിമ്പനക്കിഴങ്ങ് ചാമ്പലിൽ കുറേനേരം പുതച്ചിട്ടുക, എന്നിട്ട് വീണ്ടും എടുത്തുനോക്കുക. അപ്പോൾ കാണുന്ന നിറം എന്താണോ, അതാണ് പണിക്കരുടെ നിറവും. നിറം നിർവചിക്കാൻ പ്രയാസമുണ്ടെങ്കിൽ അതിനേക്കാൾ പ്രയാസമാണ് അദ്ദേഹത്തിൻെറ സ്വഭാവം നിർവചിക്കാൻ. അദ്ദേഹം എത്ര സുന്ദരനായ ശുംഭനാണെന്നുനോക്കുക. ഒരുദാഹരണം പറയാം. മുനിസിപ്പൽ ഉദ്യോഗസ്ഥന്മാർ (തോട്ടിയുൾപ്പെടെ) ആരും അദ്ദേഹത്തിനെ വേണ്ടവിധം മാനിക്കുന്നില്ലെന്ന് അദ്ദേഹത്തിനുതോന്നി.

"നമ്മുടെ ആഫീസിലെ ഉദ്യോഗസ്ഥന്മാർ ആരും തോട്ടികൾപോലും എന്നെ കണ്ടാൽ എഴുന്നേൽക്കുന്നില്ല—തൊഴുന്നില്ല. ഇതിനൊരു പോംവഴിയുണ്ടാക്കണമല്ലൊ." ഒരു ദിവസം മുനിസിപ്പൽ കമ്മീഷണരുടെ അടുത്ത് പണിക്കർ ഇങ്ങിനൊരു സങ്കടം സമർപ്പിച്ചു. കമ്മീഷണർ ഉടൻതന്നെ ഉദ്യോഗസ്ഥന്മാരെയെല്ലാം വിളിച്ചുവരുത്തി—"എന്താ നിങ്ങളാരും നമ്മുടെ പ്രസിഡണ്ടദ്ദേഹത്തിനെ കണ്ടാൽ എഴുന്നേൽക്കാത്തതു്? എന്താ വന്ദിക്കാത്തതു്? ഈ നടപടി ശരിയല്ല. നാളെമുതൽ ഈ പതിവു മാററണം—കേട്ടോ?" എന്നു ചട്ടംകെട്ടി.

അടുത്ത ദിവസം ചെയർമാൻെറ എഴുന്നെള്ളത്തുസമയത്ത് ഉദ്യോഗസ്ഥന്മാരെല്ലാം അണിയായി നിരന്നുനിന്നു. തോട്ടികൾ അവരുടെ ഉപകരണങ്ങളോടുംകൂടി നിരന്നുനിന്നു. ചെയർമാൻ അവരുടെ ഇടയിലേക്കു കടന്നപ്പോൾ എല്ലാവരും പട്ടാളമട്ടിൽ സലാംവെച്ചു. പണിക്കരദ്ദേഹം മന്ദസ്മിതപൂർവ്വം ഒരു ശിരശ്ചലനത്തോടുകൂടി സ്വീകരിച്ച് പ്രത്യഭിവാദ്യംചെയ്തുകൊണ്ട് മുന്നോട്ടുനീങ്ങി. ഇൻഡ്യൻ സർവ്വസൈന്യാധിപനായ ജനറൽ തിമ്മയ്യ, ഇൻഡ്യൻ പട്ടാളത്തിൻെറ ഒരു പരേഡ് പരിശോധിക്കുന്ന ഒരു മട്ടുണ്ടായിരുന്നു ആ ചടങ്ങിന്. പണിക്കർ ഒരു ശുംഭനെന്നതുപോലെ മിടുക്കനുമാണ്—അതും ബാല്യത്തിലെ. സ്വന്തം തടിയിൽനിന്ന് ഒരുതുള്ളി വിയർപ്പുപോലും ഒഴുക്കാതെ—തലച്ചോറുകൊണ്ട് യാതൊരു ജോലിയും ചെയ്യാതെ അദ്ദേഹം ജീവിച്ചു—വളർന്നു—തടിച്ചു—തടിച്ചു വളർന്നു. കോട്ടയം നഗരത്തിന് സംഭാവനചെയ്യാവുന്ന ഏററവും ഉയർന്ന പദവി അദ്ദേഹം വാങ്ങുകയുംചെയ്തു. അപ്പോളദ്ദേഹം മിടുക്കനല്ലെ?

പണിക്കർ തോട്ടമുടമയല്ല. കുടുംബത്ത് പറയത്തക്ക സ്വത്തുള്ളവനായിരുന്നില്ല. ഫാക്റ്ററിയുടമസ്ഥനുമല്ല. കച്ചവടക്കാരനുമല്ല. എന്നിരുന്നാലും അവരാരേയുംപോലെ അദ്ദേഹവും ജീവിക്കുന്നു. കുറെയൊക്കെ സമ്പാദ്യമുണ്ടാക്കിയിട്ടുണ്ട്. ആരും തുറന്നു പറയുന്നില്ലെങ്കിലും അതെങ്ങിനെന്ന് എല്ലാവർക്കും അറിയാം. പണിക്കരുടെ 'കറക്കു'കമ്പനിയും കറക്കുപണിയും പ്രസിദ്ധമാണ്. കറക്കുകമ്പനിയുടെ കുട്ടപ്പ് മീനാറാണ് ഗോപാലകൃഷ്ണാ ഫിലിംസ്. പല കീശകളിലായി കിടന്നിരുന്ന കുറെ രൂപാ ആ വിധത്തിൽ പണിക്കർകീശയിലേക്ക് സ്ഥലംമാറി. പിന്നദ്ദേഹത്തിനൊരു കറക്കുസൂത്രമുണ്ട്. കാൺസ്റ്റബിളിനേയോ ഹേഡിനേയോ കണ്ടാൽ, ഇൻസ്പെക്ടർ അദ്ദേഹത്തിൻെറ സ്വന്തമാണെന്ന ഭാവിക്കുക. ഇൻസ്പെക്ടരുടെയും ഡി. എസ്. പി–യുടേയും അടുത്ത് ഐ. ജി–മൂലം എനിക്കൊട്ടും തിരിയേണ്ട; അയാളെ സ്ഥിരപ്പെടുത്തിക്കൊടുക്കാൻ ഞാൻ പോലീസുമന്ത്രിയോടു പറയണംപോലും. പോലീസ്മന്ത്രിയെ മന്ത്രിസഭയിൽ എടുപ്പിച്ചതു് ഞാനാ. അതുകൊണ്ട് ഇപ്പംവന്ന നാശം നോക്കിയാട്ടെ." എന്ന് അവരോട് പറയും. സ്റ്റേററ്മന്ത്രിസഭയെ ധരിപ്പിക്കും, പണ്ഡിററ്നെഹ്റുവും മൊറാർജിദേശായിയും മൂന്നാം പഞ്ചവത്സരപദ്ധതിയെക്കുറിച്ച് ആലോചിക്കാൻ അങ്ങോട്ടടൻ ചെന്നെത്താൻ ക്ഷണിച്ചിരിക്കുന്നെന്ന്. സിനിമാഭ്രമിയായ ഒരു പെൺകൊച്ചിനെ കണ്ടാൽ, നർഗ്ഗീസിനെ ഈ നിലയിലെത്തിച്ചതു് താനൊരുത്തനാണെന്ന് അവളോട് പറയും. ഇതെല്ലാം കറക്കു പണിയുടെ ആദ്യത്തെ വലവീശലാണ്. ഈ വീശലിൽക്കൂടി കൊച്ചുപരൽ മുതൽ വലിയ വാഹമീൻവരെ പണിക്കരുടെ കൂടയിൽ ആവും.

ഈവിധമുള്ള പണിക്കർസാമർത്ഥ്യം കടുകട്ടിയാണെങ്കിലും പണിക്കർ ഒരാളിൻെറ മുമ്പിൽ തലകുനിച്ച് ഓച്ഛാനിച്ചു നിന്നുപോകും—സ്വന്തം ഭാര്യയുടെ. ഈ വിധത്തിൽ അങ്ങുമിങ്ങുംനിന്നും നക്കാപ്പിച്ചവാങ്ങിയും കറക്കിയടിച്ചും ഉണ്ടാക്കിയതെല്ലാം ഭാര്യയുടെപേക്കാണ് സമ്പാദിച്ചുകളഞ്ഞതു്. കൊടുക്കാനുള്ളവരുടെ വായിൽ മണ്ണടിക്കാനാവാം ആ വിദ്യ പ്രയോഗിച്ചതു്. എന്തായാലും ശരി, ആ മാന്യയൊന്ന് വെറുപ്പുഭാവിച്ചാൽ, മറെറാരു ഭാഗത്തേയ്ക്കു കണ്ണൊന്നു ചായ്ച്ചുപോയാൽ തീർന്നു പണിക്കരുടെ കഥ. അങ്ങിനെ വന്നാൽ ഇന്നത്തെ പ്രതാപശാലിയായ പണിക്കർ പഴയ പണിക്കരായി കോട്ടയം തെരുവീഥികളിൽ നടക്കുന്നതു കാണാം. ദൈവമെ! അങ്ങിനെ സംഭവിപ്പിക്കല്ലെ.

N. B. "കോട്ടയം മുനിസിപ്പൽ മലം പാട്ട" എന്ന് വലിയ അക്ഷരത്തിൽ എഴുതിയിട്ടുള്ള രസികൻ ബോർഡുകൾ, തോട്ടികൾ വലിച്ചുകൊണ്ടു നടക്കുന്ന പാട്ടകളുടെ മുൻവശത്ത് ഉണ്ടായിരിക്കേണ്ടതാണെന്ന് ചെയർമാൻ ഉത്തരവിട്ടിട്ടുള്ളതായി, ഇത്രയും എഴുതിക്കഴിഞ്ഞപ്പോൾ അറിവുകിട്ടിയിരിക്കുന്നു. —o—




★ ഹനീഡ്യൂ ജർദാ ★

**സുഗന്ധ ഔഷധപ്പുകയില**

താംബൂലാവശ്യത്തിന് അനുയോജ്യവും തുഷ്ടികരവുമാണ്. ഞങ്ങളുടെ ഫോട്ടോ ട്രേഡുമാർക്ക് ലേബൽ പരിശോധിച്ചു വാങ്ങുവിൻ. വ്യാജനിർമ്മാണം കണ്ടു വഞ്ചിതരാകരുതു്.

**നിർമ്മാതാക്കൾ– കെ. ഷണ്മുഖസുന്ദരം, മുല്ലയ്ക്കൽ-ആലപ്പുഴ.**

Phone No. 632. P. B. No. 188.

# ഞങ്ങൾ കരയുന്നു-നിങ്ങളോ-?

## നമ്പർ 1.

ഫിറോസ്ഗാന്ധി മരിച്ചു—അതും പെട്ടെന്ന്. ആധുനികയിൻഡ്യൻ സതീത്വത്തിന്റെ മാതൃകയും, പുരാതന സീതയുടെ യഥാർത്ഥ പ്രതിനിധിയുമായ ഇന്ദിരാഗാന്ധിയുടെ സുരഭിലപരിചരണങ്ങൾ വേണ്ടവിധം ലഭിക്കാതെ; രാജീവൻ സഞ്ജീവൻ എന്നീ ഓമനക്കുട്ടന്മാരുടെ മാർദ്ദവതലോടലുകൾ ആവോളം കിട്ടി പരമാനന്ദമടയാതെ, ആ സ്വതന്ത്രഭാരതഗർജ്ജനം നമ്മെ വിട്ടുപിരിഞ്ഞുകളഞ്ഞു. കരയരുതെന്ന് വൈരാഗ്യംപിടിച്ചിട്ടും പൊട്ടിത്തകർന്നുപോകത്തക്കവണ്ണം തൊണ്ട വിങ്ങിപ്പോകുന്നു. അടക്കിയിട്ടും അടങ്ങാതെ കരച്ചിലുകൾ ഗംഗപോലെ ഒഴുകിപ്പോകുന്നു. ലോകമഹാന്മാരിൽ അഗ്രേസരനും, ലോകസമാധാനത്തിന്റെ അപ്പോസ്തലനും, ഇൻഡ്യൻ പ്രധാനമന്ത്രിയുമായ പണ്ഡിററ്ജിയുടെ മരുമകനായതുകൊണ്ടുമാത്രമാണോ ഞങ്ങൾ ഇങ്ങിനെ കരഞ്ഞുപോകുന്നത്? ഇൻഡ്യൻ രാഷ്ട്രീയാന്തരീക്ഷത്തിലെ ഉജ്ജ്വലതാരവും, ഭാരത മഹിളാമണികളുടെ അഭിമാനസമ്പത്തും, ഇന്ത്യൻ പ്രധാനമന്ത്രിയുടെ അരുമമകളുമായ ഇന്ദിരാദേവിയുടെ ഭർത്താവായതുകൊണ്ടാണോ തോരാത്ത കണ്ണുനീർ ചോർന്നുപോകുന്നത്? ഭാവിഭാരതത്തിന്റെ ഭീമാർജ്ജുനന്മാരാകാനിടയുള്ള രാജീവസഞ്ജീവന്മാരുടെ പിതാവായതുകൊണ്ടാണോ, ഹൃദയം പൊടിഞ്ഞുപൊടിഞ്ഞു കരഞ്ഞുപോകുന്നത്? ഇതെല്ലാം കരച്ചിലിന് ന്യായമായ കാരണമാണെന്ന് സമ്മതിക്കുന്നു.

എന്നാൽ ഇതിലൊക്കെ വസ്തുത കിടക്കുന്നു. അതോക്കുമ്പോഴാണ്, കരച്ചിലിന്റെ അണപൊട്ടി കുത്തനെ ഒഴുകിപ്പോകുന്നത്. കോടീശ്വരനായ ഡാൽമിയായെ വരച്ച വരയിൽ നിറുത്തി വിറപ്പിച്ചതാരാണ്? പൊതുജനങ്ങളെ കവർച്ചചെയ്ത് മാന്യജംബുലിംഗനായി, ഡൽഹിയിലേയും ബോംബെയിലേയുമൊക്കെ ഉന്നതകേന്ദ്രങ്ങളിൽ നിർഭയം വിഹരിച്ചുകൊണ്ടിരുന്ന മുണ്ട്റായെ തൊലിയുരിച്ച് പൊതുജനങ്ങളുടേയും ഗവമ്മെൻറിന്റെയും മുമ്പിൽ നിറുത്തിക്കൊടുത്തതാരാണ്? ഇൻഡ്യൻ പ്രധാനമന്ത്രിയുടെ പാദസേവക്കാരനായിരുന്നോണ്ട്, പല പ്രമുഖ കേന്ദ്രങ്ങളിൽനിന്നും കോഴയായും കൈക്കൂലിയായും അനേകലക്ഷം രൂപാ തട്ടിയെടുത്ത് കുളു താഴ്വരയിൽ മുഗൾചക്രവർത്തിമാരെപ്പോലെ ഇന്ന് വിശ്രമിക്കുന്ന ചെങ്ങന്നൂർക്കാരൻ മത്തായി "അത്ര നല്ലവനല്ല" എന്ന് പ്രധാനമന്ത്രിയുടെ ചെവിയിൽ ഓതിക്കൊടുത്തതാരാണ്? വലിച്ചുപറിച്ചെറിഞ്ഞാലും പിന്നെയും ചോരയൂററിക്കുടിക്കാൻ കാലിൽ ഞാന്നുപിടിച്ചു പററിക്കിടന്ന ആ കുളയട്ടയെ, പ്രധാനമന്ത്രിയെക്കൊണ്ട് തോണ്ടിയെറിയിച്ചതാരാണ്? ഇതിനൊക്ക ഒററയുത്തരം മാത്രം—ഫിറോസ് ഗാന്ധി.

ഇൻഡ്യൻ വൻകിടകച്ചവടക്കാരൻ, പാവപ്പെട്ട ജനതയെ കൊള്ളയടിക്കാ



നായി ചരക്കുകൾ നിലവറകളിൽ ഒളിച്ചുവെക്കാൻ ശ്രമിക്കുമ്പോൾ, നീതിയുടെയും സത്യത്തിന്റെയും ഒരു ഉഗ്രമുഖം അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുമായിരുന്നു. വ്യവസായപ്രമുഖന്മാരായ മേൽത്തരം മുതലാളിമാർ തൊഴിലാളികളെ ചൂഷണംചെയ്യാൻ പ്ളാനുകൾ ആസൂത്രണംചെയ്യുമ്പോൾ, രൗദ്രസുന്ദരമായ ഒരു മുഖം അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് അവരെ നടുക്കുമായിരുന്നു. പക്ഷപാതരഹിതനെന്നും, നീതിനിഷ്ഠനായ സത്യസന്ധനെന്നും, വിഖ്യാതനായ പ്രധാനമന്ത്രി പ്രസംഗിക്കാനായി പാർലമെന്റിൽ എഴുന്നേററുനിൽക്കുമ്പോൾ, ആശങ്കയുടെ വിറയലോടുകൂടി ഒരു മുഖത്തേക്കു നോക്കുമായിരുന്നു. പി. എസ്. പി—യോ, കമ്മ്യൂണിസ്റ്റോ ആരുതന്നെയുമാവട്ടെ, ഒരു സമരത്തിനു തയ്യാറെടുക്കുമ്പോൾ ആദ്യമായി ഒരു മുഖത്തേക്കു നോക്കുമായിരുന്നു. 'സമരമൂർദ്ധന്യത്തിൽ, ഒരു പരിഹാരമുണ്ടാക്കിത്തരു" എന്നർത്ഥത്തിൽ സമരക്കാരും ഗവമ്മേൻറും ഒരു മുഖത്തേക്കു നോക്കുമായിരുന്നു. ആരുടെ മുഖം അല്ലെങ്കിൽ ഏതു മുഖം? ഫിറോസ്ഗാന്ധിയുടെ. കണ്ണുനീർ പമ്പയാറുപോലെ ഒഴുകിപ്പോകുന്നതിനെ എങ്ങിനെ തടയാനൊക്കും.

ഡൽഹിയിലെ ഫിറോസ് കാർണറിലെ ഒരു ഗുഹയിൽ സദാ മുരണ്ടുകൊണ്ടും പാർലമെന്റിൽ തുടരെത്തുടരെ ഗർജ്ജനങ്ങൾ നടത്തിക്കൊണ്ടുമിരുന്ന, നീതിയുടേയും സ്വാതന്ത്ര്യത്തിന്റേയും ആ ഉഗ്രസിംഹം എന്നന്നേക്കുമായി നമ്മളെ വിട്ടുപിരിഞ്ഞിരിക്കുന്നു. ആ ഗർജ്ജനങ്ങളിൽ തങ്ങിയിരുന്ന ആത്മവീര്യത്തിന്റെ തരികളെങ്കിലും നമ്മുടെ ഹൃദയങ്ങളിൽ വിതറിയിട്ടാവണം ആ ധീരൻ അന്ത്യയാത്രപറഞ്ഞത്.

## നമ്പർ 2

പാലാ സെൻട്രൽബാങ്കിന്റെ വീഴ്ച ഞങ്ങളുടെ ഹൃദയത്തിന് ഇടിവെട്ടായിത്തീർന്നു. തുടർന്ന് ഇടവപ്പാതിപോലെ കരച്ചിലുമായി. കള്ളമോ വഞ്ചനയോ, ജനദ്രോഹമോ, അറിഞ്ഞുകൂടാത്ത പച്ചപ്പാവങ്ങളായ കൊട്ടുകാപ്പള്ളി തോമാച്ചനേയും കൂട്ടുഡയറക്ടറന്മാരേയും മററു സഹപ്രവത്തകരേയും, അവരുടെ ബന്ധുക്കളേയും പിടിച്ച് മുക്കാലിയിൽ കെട്ടി അടിക്കുമെന്നും, അവരേവരുടെയും സ്വത്തുക്കളും പണ്ടങ്ങളുമെല്ലാം കണ്ടുകെട്ടി ജീവപര്യന്തം ശിക്ഷിക്കുമെന്നും ചിലർ രഹസ്യമായി പറഞ്ഞുപരത്തിത്തുടങ്ങിയിരിക്കുന്നു. അങ്ങിനെയാണെങ്കിൽ ആ പരമപുണ്യശാലികളെ ചൊല്ലി കരയാതിരിക്കാൻ നിവൃത്തിയില്ല. പക്ഷെ അത്തരം ഒരക്കിടി ഈ രാജ്യത്താർക്കും ഉണ്ടാകാൻ പോകുന്നില്ലെന്ന് നമുക്കുറപ്പിക്കാം. കർമ്മകുശലന്മാരായ നമ്മുടെ പ്രധാനമന്ത്രിയും ഡപ്യൂട്ടി മുഖ്യമന്ത്രിയും മററും ഇവിടെ കിടപ്പില്ലെ? എങ്കിലും ഞങ്ങൾ കരഞ്ഞുപോകയാണ് എന്തിനെന്നോ?

ഇതാ നിങ്ങളുടെ മുമ്പിലേക്ക് ഞങ്ങൾ ഏലിയാമ്മസ്സാറിനെ നീക്കിനിത്തുന്നു. അവരു പറയട്ടെ കാര്യങ്ങൾ! "പറഞ്ഞാട്ടെ ഏലിയാമ്മച്ചേടത്തി, ഈ മാളോരോട് കാര്യങ്ങൾ"

"പൊന്നുംകുടത്തു മാളോരെ! ഞാനൊരു ഗ്രാൻറുസ്കൂൾ പെൺവാദ്ധ്യാരാ അപ്പന്മാരെ, കൊച്ചുത്രേസ്യായുടെ അപ്പച്ചന്റെ സമ്പാദ്യമായിട്ട്—നിങ്ങൾ എന്റെ ത്രേസ്യാക്കുഞ്ഞിനെ അറിയുമോ—എന്റെ പൊന്നുമോളാ—അതൊന്നേയുള്ള എനിക്ക് നെല്ലിനും വിത്തിനുംകൂടി—ഈ ചിങ്ങത്തിലവൾക്ക് വയസ്സു പതിനേഴുകഴിഞ്ഞു—വരുന്ന മകരത്തിൽ കല്യാണമുറച്ചിരുന്നതാ—(ഏ—ങ്ങേ—ങ്ങേ—ബാക്കി പറയാൻ വയ്യാതെ ഏലിയാമ്മസാറ് കരഞ്ഞുതുടങ്ങി)

ഞങ്ങൾ— ഇനി കരഞ്ഞിട്ടെന്തുവാ പ്രയോജനം ഏലിയാമ്മച്ചേട്ടത്തി സംഗതിയങ്ങു തുറന്നു പറഞ്ഞാട്ടെ"

"ഞാൻ പറയാം മാളോരെ. ഓക്കുന്തോറും എന്റെനെഞ്ചു പൊട്ടിപ്പോവാ. കൊച്ചുത്രേസ്യായുടെ അപ്പച്ചന്റെ സമ്പാദ്യമായിട്ട് പതിനഞ്ചുസെൻറു പുരയിടം ഉണ്ടായിരുന്നതു വിററ് ആയിരത്തിഅഞ്ഞൂറു രൂപാവാങ്ങി, ആ എച്ചിമാനേജരുടെ വ..ക്കൂരിക്കിട്ടേച്ചാ വാദ്ധ്യാരുദ്യോഗം വാങ്ങിയതു്. കൊച്ചുത്രേസ്യാക്ക് രണ്ടു വയസ്സായപ്പോൾ അവളുടെ അപ്പച്ചനങ്ങു മരിച്ചു. എന്തിനാ വല്ലോരേം പറയുന്നതു്? എരണംകെട്ടനേരത്തു പെറന്ന പെണ്ണിന് എങ്ങിനെഗുണംപിടിക്കും? കൊച്ചുത്രേസ്യായെ വളത്തിയെടുത്ത് കെട്ടിച്ചുകൊടുക്കേണ്ട ചുമതല എന്റെ തലയിൽ മാത്രമായി വന്നുവീണു. മിശിഹാതമ്പുരാനോട് ഞാനെന്റെ സങ്കടം ബോധിപ്പിച്ചു. ഒടയതമ്പുരാൻ എനിക്കൊരു ബുദ്ധിതോന്നിച്ചു. ഒടയതമ്പുരാൻ മാത്രമല്ലാ, പത്രക്കാർ അവകൊലകളുംകൂടിച്ചേർന്നാ അപ്പണിപററിച്ചതു്. ഒരു കൊച്ചുപെണ്ണ് ഇത്തിരിശ്ശീ വളർന്നുവരുന്നതായും, അതിന്റെ അമ്മ ആന അടയാളമുള്ള ഒരു ബാങ്കിൽ കുറേശ്ശ പണമിടുന്നതായും പത്തുപതിനഞ്ച് വർഷംകഴിഞ്ഞ് പെണ്ണ് പ്രായം മുററിയപ്പോൾ ബാങ്കിൽനിന്ന് പതിനായിരം രൂപയോളം ആയിത്തീർന്ന സ്വന്തപണമെടുത്ത് പെണ്ണിനെ കല്യാണം നടത്തുന്നതായും ഒക്കെയായി പത്രങ്ങളിൽ പടംകണ്ടു. അതുള്ളതാണല്ലോ എന്നുകരുതി, കൊച്ചുത്രേസ്യാക്ക് മൂന്നുവയസ്സായപ്പോൾമുതൽ ഞാനും കുറേശ രൂപാ പാലാസെൻട്രൽബാങ്കിൽ കൊണ്ടുചെന്നിട്ടു. പതിനാലുവർഷം അങ്ങിനിട്ടു മാളോരെ. കഴിഞ്ഞയാഴ്ച, തണ്ടിയും തറവുമൊത്ത ഒരു ചെറുക്കന്റെ കല്യാണാലോചനവന്നു. "അയ്യായിരം രൂപാ സ്ത്രീധനമായിട്ടും മൂവായിരം രൂപാ ആഭരണം, കല്യാണച്ചെലവ്, തുടങ്ങിയവയ്ക്കുമായിട്ട് കൊടുക്കണമെന്നു ചെറുക്കന്റെ തന്തപറഞ്ഞു. ബാങ്കിൽ ഒൻപതിനായിരം രൂപാ എന്റേതായി കിടക്കുമ്പോൾ, ഞാനെന്തിനു പേടിക്കണം? എണ്ണായിരമല്ലെ നിങ്ങളാവശ്യപ്പെട്ടുള്ളു. എണ്ണായിരത്തി അഞ്ഞൂറു പിടിച്ചോളു. എന്നു ചെറുക്കന്റെ തന്തയോടു വാക്കു പറഞ്ഞു. മകരത്തിലേക്ക് കല്യാണവും ഉറപ്പിച്ചു. ആനപോലെ വലുതായ ആ ബാങ്കിൽ രൂപാ എടുക്കാൻ മിനിഞ്ഞാന്നു ചെന്നപ്പോൾ എന്റെ പൊന്നു മാളോരെ—(ഏ—ങ്ങേ—ങ്ങേ—ജീ—ജീ—) "ഈ നിലവിളി കാണുമ്പോൾ ഏലിയാമ്മച്ചേട്ടത്തിയിൽ ഞങ്ങൾക്കും നിലവിളി വരുന്നു. "കരയാതിരുന്നാട്ടെ ചേട്ടത്തി, ഇത്തരം ഒത്തിരി ത്രേസ്യാമ്മമാരും കമലമ്മമാരും, വളക്കുഴിയിലെ വാഴകണക്കെ വളർന്നുനിൽപ്പുണ്ടു ചേട്ടത്തി, ഈ ദ്രോഹികൾ കാരണം" മാളോർ ഏലിയാമ്മസ്സാറിനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

....0...


## ദി ഹിന്ദുസ്ഥാൻ ചിട്ടിഫണ്ട് പ്രൈ: ലിമിററഡ്

**ആലപ്പുഴ.**

ഏ. ബി. സി. ഡി. ഈ. എന്നീ അഞ്ചു ക്ലാസുകളിലായി

**8,000 രൂപയുടെ പ്രതിമാസ ലേലച്ചിട്ടി**

ക്യാഷ്സെക്യൂരിററിയിന്മേൽ വീണ്ടും ഉടനെ ആരംഭിക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|
| A. | മാസം ഒന്നിന് | 50 | ഇ. രൂപാവീതം | 40 | മാസം ഇ. രൂപാ | 2000 |
| B. | ,, | 30 | ,, | 40 | ,, | 1200 |
| C. | ,, | 25 | ,, | 40 | ,, | 1000x2 |
| D. | ,, | 20 | ,, | 40 | ,, | 800x2 |
| E. | ,, | 15 | ,, | 40 | ,, | 600x2 |

വയ്യോലയും മററു വിവരങ്ങളും ആവശ്യപ്പെട്ടാൽ അയച്ചുതരുന്നതാണ്.

മാനേജർ, ദി ഹിന്ദുസ്ഥാൻ ചിട്ടിഫണ്ട് പ്രൈവററ് ലിമിററഡ്

പാലസ്റോഡ്, ആലപ്പുഴ.

# കേരളത്തിന്റെ വീതം

## ആറായിരംകോടി രൂപയുടെ മൂന്നാം പദ്ധതിയിൽ കേരളത്തിനുള്ള വീതം നമ്മുടെ മന്ത്രിമാർ നേടും

ഡൽഹിയിൽ ഒരു സദ്യ നടക്കുന്ന വിവരം അറിഞ്ഞു കേരളമന്ത്രിമാർ അവിടെയെത്തി. ചോറും കറിയുമല്ലാ ആ സദ്യക്കു വിളമ്പുന്നതു്. പവനും ഡോളറും റൂബിളുമൊക്കെയാണു് വിഭവങ്ങൾ. പ്രത്യേകം ക്ഷണിക്കുന്നവർക്കു് അവരവരുടെ ഇഷ്ടംപോലെ കൊടുക്കും. നെല്ലരിയുണ്ണാത്ത പ്രമാണികൾക്കു ഗോതമ്പുചോറു കൊടുക്കുന്ന പതിവു് ഈ നാട്ടിലെ സദ്യയിലുമുണ്ടല്ലോ. അതുപോലെ ഡൽഹിയിലെ സദ്യയിൽ പവൻ തിന്നാൻ വയ്യാത്തവർക്കു് ഡോളർ വിളമ്പും. അതും വയ്യാത്തവർക്കു് റൂബിൾ കൊടുക്കും. അതും മേലാത്തോർക്കു യെൻ വിളമ്പും. പക്ഷെ ഇതെല്ലാം ക്ഷണിച്ചവർക്കേ കിട്ടൂ. എന്നുവച്ചു ക്ഷണിക്കാത്തവർ ചെല്ലരുതെന്നില്ല. ഏതു സദ്യയ്ക്കും ചില ആണ്ടിപാണ്ടികൾ പന്തലിനു പുറത്തു കൂടാറുണ്ടല്ലോ. സദ്യയിലെ ക്ഷണിക്കപ്പെട്ടവരുടെ ഊണുകഴിഞ്ഞു ബാക്കിയുള്ളതു് പുറത്തുനിൽക്കുന്നവർക്കു കിട്ടും. അടപ്രഥമനും മറ്റും അകത്തെ വിളമ്പിലേ തീർന്നുപോകും. എന്നാൽ എരിശേരി ഏതായാലും ശേഷിക്കും. അതു പുറത്തുള്ളവർക്കു കിട്ടും.

ഡൽഹിയിലെ സദ്യയ്ക്കു സംസ്ഥാനമന്ത്രിമാരെയെല്ലാം ക്ഷണിച്ചു. എങ്കിലും കേരളമന്ത്രിമാരെ വിട്ടുകളഞ്ഞു. പന്തിന്റേയോ മൊറാർജിയുടേയോ മനപ്പൂർവംകൊണ്ടായിരിക്കാം അതു സംഭവിച്ചതു്. അവർക്കു കേരളത്തിനോടു പണ്ടേ വെറുപ്പാണു്. കേരളത്തിനോടെന്നല്ല, തെക്കേഇന്ത്യയോടു പൊതുവെ അതാണു മനോഭാവം. എങ്കിലും മദ്രാസ്, മൈസൂർ, ആന്ധ്രാ മന്ത്രിമാരെ ക്ഷണിച്ചു. അവർ ആദരണീയരായതുകൊണ്ടായിരിക്കാം. കേരളമന്ത്രിമാർ അതല്ലെന്നായിരിക്കാം പന്തിനും മൊറാർജിക്കും തോന്നിയതു്. പക്ഷെ വിളിച്ചേ പോകാവൂ എന്നില്ലല്ലോ സദ്യയ്ക്കു്! അതോർത്തു കേരളമന്ത്രിമാരും ചെന്നു. ക്ഷണിക്കാത്തവർക്കു പന്തലിൽ പ്രവേശനമില്ലാത്തതുനിമിത്തം അവർ പുറമേതന്നെ നിന്നു. അകത്തു് ആദ്യപന്തിയുടെ വിളമ്പു നടക്കുന്ന കോലാഹലമാണു്. നെഹ്റുവാണു വിളമ്പിക്കുന്നതു്. പന്തും മൊറാർജിയും നന്ദായുമാണു വിളമ്പുന്നതു്. ഇടയ്ക്കിടെ നെഹ്റു വിളിച്ചുപറയുന്നതു പുറത്തുള്ളവർക്കു കേൾക്കാമായിരുന്നു.

"ഈ പന്തിയിൽ ഡോളർ വിലക്കിച്ചോ?"

"അതാ അവിടെ യെൻ വിളമ്പാത്തതെന്തു്?"

"റൂബിൾ എടുത്തതാരാ? ഇവിടെ വിളമ്പൂ"

പുറത്തു നിന്നിരുന്ന കേരളമന്ത്രിമാ



രുടെ വായിൽ വെള്ളപ്പൊക്കം തുടങ്ങി. ധനകാര്യമന്ത്രി സദ്യപ്പന്തലിൻെറ ചെററയുടെ ഇടയിൽക്കൂടി ഒന്നൊളിഞ്ഞു നോക്കി. മൊറാർജി അതുകണ്ടു.

മൊറാ– ആരാ അതു്?

ശങ്കർ– കേരളമന്ത്രിയാണേ

മൊറാ– കൊള്ളാവുന്നവർ ഉണ്ണുന്നിടത്തു് ആണ്ടികൾക്കെന്താ കാര്യം?

ശങ്കർ– വിശക്കുന്നേമാനേ.

മൊറാ– (ദേഷ്യത്തിൽ) ആരവിടെ–? ഈ തെണ്ടികളെ ആട്ടിപ്പായിക്കു.

പട്ടം– (മുന്നോട്ടുചെന്നു്) ഞങ്ങൾക്കുള്ളതു ഞങ്ങൾ പിടിച്ചുപററും, ഞങ്ങൾ അവകാശം വെടിയുന്നവരല്ല.

മൊ– പിടിക്കുവോ പററുകയോ ആയിക്കോളൂ. പക്ഷെ സദ്യപ്പന്തലിൽ എത്തിനോക്കരുതു്. നോക്കിയാൽ പോലീസിനെ വിളിക്കും.

പന്തലിൻെറ മറെറാരുവശത്തുനിന്നും ഒരു വിളി ഉയർന്നു. ശങ്കരും പട്ടവും അങ്ങോട്ടു ശ്രദ്ധിച്ചു.

പട്ടം– ചാക്കോച്ചനാ വിളിക്കുന്നതു്. എന്താണെന്നു ശ്രദ്ധിക്കൂ. എനിക്കീയിടെ ചെവിക്കു നല്ല മൂർച്ചയില്ല.

ശങ്കർ– ആരാണ്ടുമായിട്ടു് അടിപിടികൂടുകയാണെന്നാ തോന്നുന്നതു്. അപ്പുറത്തുനിന്നും എത്തിനോക്കിയതായിരിക്കും.

വിളി– മുഖ്യന്മാരേ, ഇപ്പുറത്തേക്കു വരണേ. ഇവിടെ ഡോളർ ധാരാളം വാരിയെറിയുന്നു.

ശങ്കർ– ഡോളർ എറിയുന്നെന്നു്. നമുക്കപ്പുറത്തേക്കു പോകാം.

പട്ടം– എനിക്കു പവനാ ഇഷ്ടം.

ചാക്കോ– ഇടയ്ക്കിടെ പവനും വരുന്നുണ്ടു്. ഓടിവന്നാട്ടെ വേണമെങ്കിൽ. എൻെറ കയ്യിൽ കുറച്ചു കിട്ടിയതു് പോണ്ടിച്ചേരിയിൽനിന്നും വന്നവർ പിടിച്ചുപറിക്കാനൊരുങ്ങുകയാ.

ശങ്കർ– (ഓടിക്കൊണ്ടു്) വന്നാട്ടെ, അപ്പുറത്തേക്കു ചെല്ലാം.

പട്ടവും ശങ്കരും അപ്പുറത്തേക്കു് ഓടിച്ചെന്നു. അവിടെ എച്ചിലിലകൾ തുരുതുരാ വീഴുന്നു. ഇലയിലുള്ള ഡോളർ കഷണങ്ങൾ ചാക്കോച്ചൻ പെറുക്കിക്കൂട്ടുകയാണു്. പോണ്ടിച്ചേരിക്കാർ മൂന്നുപേർ അതു പിടിച്ചുപറിക്കാൻ ശ്രമിക്കുന്നു. ശങ്കരും പട്ടവും കശപിശയിൽ ഇടപെടുന്നു.

പോണ്ടി– ഇതു ഞങ്ങൾക്കുള്ളതാ. മന്ത്രിമാർക്കു് അകത്താ സദ്യ.

ചാക്കോ– ഞങ്ങൾക്കിതാ ഇഷ്ടം.

പട്ടം– ഇതെല്ലാം എച്ചിലാണല്ലോ.

ശങ്കർ– എന്നാലും നല്ലനല്ല കഷണങ്ങളുണ്ടു്. അകത്തിരുന്നാൽ ചോദിക്കുന്നതേ കിട്ടൂ. ഇവിടെയാകുമ്പോൾ എല്ലാ ഇലയിലേയും കുറേശ്ശ കിട്ടും.

പട്ടം– എന്നാലും എച്ചിലല്ലിയോ? മ്ളേച്ഛമാണെന്നൊരു ശങ്ക.

ചാക്കോ– ചങ്കിച്ചും തർക്കിച്ചും നിന്നോണ്ടാൽ ഇവിടുന്നു കിട്ടേണ്ടതും ആമ്പിള്ളേർ കൊണ്ടുപോകും.

പോണ്ടി– ഇവിടെക്കിടന്നു അടിപിടിയുണ്ടാക്കിയാൽ ഏമാന്മാരാരെങ്കിലും ഇറങ്ങിവന്നു തല്ലിയോടിക്കും. കിട്ടുന്നതു രണ്ടുകൂട്ടർക്കുംകൂടി പങ്കിട്ടെടുക്കാം.

ശങ്കർ– ഇനി പങ്കിടീലൊന്നുമില്ല. കേരളത്തിൻെറ വീതം എന്തായാലും നേടിയിട്ടേ പോകൂ.

പോണ്ടി– ഞങ്ങളുടെ വീതം നേടാതെ ഞങ്ങളും പോകുന്നില്ല.

പണ്ഡിററ്പാന്തു് ലഹളകേട്ടു പന്തലിനു പുറത്തുവന്നു നോക്കുന്നു. കേരളമന്ത്രിമാർ കാച്ചാനിച്ചുനിൽക്കുന്നു.

പാന്തു്– എന്താ ഇവിടെ ലഹള? അകത്തിരിക്കുന്നോർക്കു് അസഹ്യമാകുന്നല്ലോ.

പട്ടം– കേരളത്തിൻെറ വീതം വാങ്ങാൻ വന്നോരാ.

പാന്തു്– കശപിശയുണ്ടാക്കാതെ നിന്നോളാമെങ്കിൽ അനുവദിക്കാം.

പട്ടം– ഇനിയത്തെ ഇല ഞങ്ങൾക്കു തരാൻ പറയണം.

പോണ്ടി– ഇവരു വന്നതിൽപ്പിന്നെ ഒരിലപോലും ഞങ്ങൾക്കു കിട്ടിയില്ല. ഇനിയത്തെ ഇലയെങ്കിലും ഞങ്ങൾക്കു തരുവിക്കണം.

പാന്തു്– എന്നാൽ രണ്ടിടത്തു് എച്ചിലിടാൻ പറയാം. ഒരിടത്തു പോണ്ടികളും ഒരിടത്തു കേരളത്തുകാരും നിൽക്കട്ടെ. (അകത്തേയ്ക്കുനോക്കി നന്ദായേ വിളിക്കുന്നു)

നന്ദാ– (ഇറങ്ങിവന്നു്) എച്ചിലിടാൻ വടക്കും തെക്കും പ്രത്യേകം രണ്ടു കുഴി വേണം. തെക്കു കേരളത്തുകാരും വടക്കു പോണ്ടികളും നിന്നോളും.

ശങ്കർ– ഡോളർപ്രഥമനും പവനുപ്പേരിയും രണ്ടിടത്തും വീഴണം.

പാന്തു്– അതെല്ലാം ഉണ്ണുന്നവരുടെ ഇഷ്ടമാ. ചിലർ എന്തുവിളമ്പിയാലും തിന്നുകളയും. ഇലയിൽ ബാക്കിയൊന്നും കാണുകയില്ല. ഉണ്ണാതെ ഇലയെടുക്കണമെന്നു പറയാനും വയ്യാ. ക്ഷമിച്ചുനിന്നു് ഓരോ ഇലയും നോക്കണം. വല്ലതുമൊക്കെ കാണും. കശപിശ കൂട്ടിയാൽ രണ്ടു കൂട്ടരേം ദൂരെമാററാൻ ശട്ടം കെട്ടും. ഒടുക്കം പുറത്തേക്കെടുക്കുമ്പോൾ വിളിക്കാം.

പട്ടം— അപ്പോഴത്തേക്കു് എല്ലാം തീർന്നുപോകും. ശല്യമുണ്ടാക്കാതെ ഞങ്ങൾ ഇവിടെ നിന്നോളാം.

പോണ്ടി— ഞങ്ങളും

പാന്തു്— ശരി.

....0....



# പേട്ടയിലെ നാക്കുമാററം!

## സി. പി-സ്വീകരണത്തിൽവച്ചു സംഭവിച്ച ഒരു അമളി

സ്വാമിഭക്തി തിരതല്ലുന്ന ഒരു മനുഷ്യമഹാസമുദ്രമാണ് റോട്ടറിയുടെ ഉൽഘാടനത്തിനായി പേട്ടയിലെത്തിയ സി. പി. രാമസ്വാമിഅയ്യരെ സ്വീകരിച്ചത്. ആർപ്പും കുരവയും പുഷ്പമാല്യവും മംഗളപത്രവുംമൂലം അദ്ദേഹത്തിനു വീർപ്പുമുട്ടുകതന്നെ ചെയ്തു. എങ്കിലും പതിമ്മൂന്നുവർഷത്തെ വിരഹവേദനയ്ക്കുശേഷം കണ്ടുമുട്ടുന്ന സുഹൃത്തുക്കളുടെ ഉപചാരങ്ങൾ ഒന്നും നിഷേധിക്കാതെ അദ്ദേഹം സ്വീകരിച്ചു. തന്റെ ചുററും തിങ്ങിക്കൂടിയ പ്രമാണികളിൽ ഓരോരുത്തരോടും അദ്ദേഹം കുശലപ്രശ്നം നടത്തി. അടുത്തൊന്നു കാണുവാൻ, പാദങ്ങളിലെങ്കിലും ഒന്നു തൊടുവാൻ, ഭക്തന്മാർ കാണിച്ച അക്ഷമ അദ്ദേഹം വിനയപൂർവം സഹിച്ചു. ആരെയും അദ്ദേഹം നിരാശപ്പെടുത്തിയില്ല. ഇങ്ങനെ മന്ദം മന്ദം പ്ളാററുഫോറത്തിലേക്കു നീങ്ങുന്നതിനിടയിൽ അദ്ദേഹത്തിനു തുലോം അപ്രതീക്ഷിതമായ ഒരനുഭവമുണ്ടായി. ഉന്തുംതള്ളുംമൂലം ഉഷ്ണിച്ചിരുന്ന ശരീരത്തിൽ പുറകുവശം കാലുമുതൽ തലവരെ ഒരു തണുപ്പുണ്ടായി. ഒച്ചിനെക്കാൾ തണുപ്പുണ്ടാക്കുന്ന ഏതോ ഒരു ജീവി കാലുമുതൽ പുറംവഴി മേലോട്ടിഴയുന്നതുപോലുള്ള അനുഭവം. അദ്ദേഹം ഞെട്ടിത്തിരിഞ്ഞുനോക്കി. രണ്ടുമുഴം നാക്കുംനീട്ടി ശ്രീ. കെ. ആർ. നാരായണൻ നിൽക്കുകയാണ്.

"തണുപ്പുതോന്നിയപ്പോഴേ ഞാനോർത്തു നാരായണനെപ്പററി." സ്വാമി പ്രസാദപൂർവ്വം മൊഴിഞ്ഞു. "ഇതുപോലുള്ള നാക്ക് തമിഴ്നാട്ടിൽ കാണുകില്ല. എന്തൊരു മാർദ്ദവം, എന്തൊരു മെഴുമെഴുപ്പ്!" ഇത്രയും പറഞ്ഞുതീരുന്നതിനുമുമ്പ് കെ. ആർ-ന്റെ തലയ്ക്കുമീതേക്കൂടി മറെറാരു നാക്ക് മുന്നോട്ടു നീണ്ട് സ്വാമിയുടെ മുഖംമുതൽ താഴോട്ടിഴയുവാൻ തുടങ്ങി. സ്വാമി പെരുവിരലിൽ പൊങ്ങിനിന്ന് നാക്കിന്റെ ഉടമസ്ഥനെ നോക്കി. "ആര് പൊതുവാളോ? നാരായണനെ പുകഴ്ത്തിയതുകൊണ്ട് പൊതുവാളിനെ മറന്നെന്നു കരുതരുത്." പാവം സ്വാമിയ്ക്ക് ഈ സർട്ടിഫിക്കററു പൂർത്തിയാക്കുവാൻ സമയംകിട്ടിയില്ല. ചുററിലും നിന്നിരുന്നവരുടെ പരശ്ശതം ജിഹ്വകൾ അദ്ദേഹത്തെ ആമൂലാഗ്രം പട്ടീസുചുററുന്നതുപോലെ പൊതിഞ്ഞു. കോട്ടും തലപ്പാവും രണ്ടാംമുണ്ടും സർവത്ര നനഞ്ഞു. രണ്ടുപേരുടെനേർക്ക് പ്രത്യേകം പ്രീതികാണിച്ചതിന്റെ നയവൈകല്യത്തിൽ അദ്ദേഹം വിഷമിച്ചു. "എന്നെ വിടണം. നിങ്ങളെയെല്ലാം എനിക്കിഷ്ടമാണ്. തിരുവിതാംകൂറിലെ നാക്കുകൾ ഒന്നും മോശമല്ല. വിടണം. എനിക്കു ശ്വാസംമുട്ടുന്നു." പക്ഷേ ആര് കേൾക്കാനാണ് ആ നിലവിളി? ജിഹ്വാസഹസ്രപരിവേഷ്ടിതനായിട്ടു തന്നെയാണ് അദ്ദേഹം പ്ളാററുഫോറത്തിൽ പ്രവേശിച്ചത്. ചുററിപ്പിണഞ്ഞുപോയ നാക്കുകൾ അഴിച്ചുമാററാൻ സ്വാമിക്ക് വളരെ നേരം വേണ്ടിവന്നു. ചില



## ദാമ്പത്യജീവിതം ആനന്ദപ്രദമാക്കുക!

ശീഘ്രസ്ഖലനവും, ലൈംഗിക ബലഹീനതയുംമൂലം സംയോഗസുഖം അനുഭവിക്കാൻ സാധിക്കാത്ത സ്ത്രീപുരുഷന്മാൎക്ക് ഒരനുഗ്രഹമാണ്.

**ജീവക്** അസ്ഥിസ്രാവത്തെ നിശ്ശേഷം മാററുകയും ആരോഗ്യത്തെ വൎദ്ധിപ്പിച്ച് ഉന്മേഷം നൽകുന്നു.

**മെൻസെസൻ** ആൎത്തവസമയത്തുണ്ടാകുന്ന കഠിനവേദനയെ ഇല്ലാതാക്കി ആൎത്തവം സുഖപ്രദമാക്കുന്നു. ഗൎഭകാലങ്ങളിൽ ഉപയോഗിക്കരുതു്.

സ്റ്റോക്കിസ്റ്റുന്മാരെ ആവശ്യമുണ്ട്.

**ബാപ്പുവൈദ്യർ ഫാർമസി, ആലപ്പുഴ.**


രുടെ നാക്ക് ചുവടോടെ പിഴുതുപോകാനും ഇടയായി. മററു കേടൊന്നും വരുത്താതെ അതു തിരികെ ഉടമസ്ഥനുതന്നെ കൊടുക്കുവാൻ സ്വാമി ശ്രദ്ധിച്ചതുകൊണ്ടു് ആൎക്കും നാക്ക് നഷ്ടപ്പെട്ടില്ല. സ്വന്തം നാക്കുതന്നെയാണോ തിരിച്ചുകിട്ടിയതെന്നുള്ള സംശയം മാത്രം ചിലൎക്കുണ്ടായി. സ്വീകരണം കഴിഞ്ഞ് അന്യോന്യം സംസാരിച്ചുതുടങ്ങിയപ്പോഴാണ് സംശയം ബലപ്പെട്ടതു. ശ്രീമാൻ ഏ. നാരായണപിള്ള ശ്രീമാൻ കെ. സുകുമാരൻെറ ചെവിയിൽ പറഞ്ഞു "സുകുമാരാ നിങ്ങടെ നാക്കാ എനിക്കു കിട്ടിയതെന്നു തോന്നുന്നു. നിങ്ങടേതൊന്നു പരിശോധിച്ചുനോക്കണം. എൻേറതാണെങ്കിൽ എനിക്കതിങ്ങു വേണം." സുകുമാരൻ വായിൽ കയ്യിട്ടു നാക്കിൽ തപ്പിനോക്കി.

സുകുമാരൻ— നേരാ എൻെറ നാക്കല്ല എനിക്കു കിട്ടിയതു്. അൽപ്പം വീതി കൂടുതൽ തോന്നുന്നു. കാളനാക്കുപോലെ ഒരു പരുപരുപ്പും. നിങ്ങടേതാണോ എന്നുനോക്കാം. എൻേറതിങ്ങു കിട്ടിയാൽ മതി.

ഏ. നാ. പിള്ള— പരുപരുപ്പുണ്ടെങ്കിൽ അതെൻേറതല്ല. ശങ്കറിനോടൊന്നു ചോദിക്കാം. അയാടെ നാക്കാണോ അയാൾക്കു കിട്ടിയതെന്ന്.

രണ്ടുപേരും ശങ്കറെ അടുത്തുവിളിച്ചു വിവരം ധരിപ്പിച്ചു. നാക്കുമാറിപ്പോയതിലുള്ള അസുഖം സഹിച്ചുകൊണ്ടു നിൽക്കയായിരുന്നു അദ്ദേഹം. മൂന്നുപേരും നാക്കു പരിശോധിച്ചു. അവരവരുടെ നാക്കല്ല കിട്ടിയതെന്നു വ്യക്തമായി. ആരുടെ നാക്കാണു മാറിക്കിട്ടിയതെന്നു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

ഏ. നാ. പിള്ള— ഇതു നാശമായല്ലൊ. എനിക്ക് എൻെറ നാക്കുതന്നെ കിട്ടിയേതീരൂ.

സുകു— എനിക്കെൻേറതും വേണം. വളരെനാളത്തെ അഭ്യാസംമൂലം ഞാനതു ഭംഗിയായി വഴക്കിയെടുത്തിരുന്നതാ.

ശങ്കർ— ഇന്നത്തെ എൻെറ പദവിയനുസരിച്ചുള്ള ഒരു നാക്കായിരുന്നു എൻേറതു്. ഇപ്പോൾ പകരം കിട്ടിയിരിക്കുന്നതു് ഏതോ ദരിദ്രവാസിയുടേതാ.

ഏ. നാ. പി— മൈക്കിൽക്കൂടെ ഒന്നു വിളിച്ചുപറഞ്ഞാലോ?

സുകു— നല്ല നാക്കുകിട്ടിയവർ അതു തിരിച്ചുതരുമെന്നു തോന്നുന്നില്ല.

ശങ്കർ— നാക്കുമാറിയവർ ഒററക്കു പ്ളാററുഫോറത്തിൽവന്ന് നാക്കുനീട്ടിക്കാണിക്കണമെന്നു പറഞ്ഞാലോ?

ഏ. നാ. പി— അതനുസരിച്ചില്ലെങ്കിൽ എന്തുചെയ്യും? എൻേറതു് ഒരു ഓമനനാക്കായിരുന്നു. അതു കിട്ടീട്ടൊള്ളവൻ എന്തായാലും തിരിച്ചുതരാൻ മടിക്കും—

ശങ്കർ— അൽപ്പം കാലതാമസം വരുമെന്നേയുള്ളു. സി. ഐ. ഡി. വകുപ്പിനെ ചുമതലപ്പെടുത്തിയാൽ കണ്ടുപിടിച്ചുതരും.

സുകു— അതിനകം അതു കണ്ടമാനം ഉപയോഗിച്ചു നാശപ്പെടുത്തിയേക്കും.

അടുത്തിരുന്ന സ്വാമി ഈ സംഭാഷണം ശ്രദ്ധിച്ചു. ഭക്തന്മാൎക്കു പററിയ അമളിയുടെ ഗൗരവം അദ്ദേഹം മനസ്സിലാക്കി. അവരെ സഹായിക്കേണ്ടതു തൻെറ കടമയാണെന്നു തീരുമാനിക്കയും ചെയ്തു. മൂവരേയും അടുത്തുവിളിച്ചു അദ്ദേഹം പറഞ്ഞു:—

"നിങ്ങൾക്കു പററിയ അപകടം എനിക്കു മനസ്സിലായി. പരിഭ്രമിക്കാൻ കാൎയ്യമില്ല. എനിക്കറിയാം നിങ്ങളുടെ ഓരോരുത്തരുടെയും നാക്കിൻെറ സ്വഭാവം. ഞാൻ തിരിച്ചു പോകുന്നതിനകം വേറെയും സ്വീകരണങ്ങൾ കാണുമല്ലൊ. അപ്പോൾ പ്രത്യേകം ശ്രദ്ധിക്കാം. നാക്കു മാറിയെടുത്തിട്ടുള്ളവരെ കണ്ടുപിടിച്ച് യഥാൎത്ഥ ഉടമസ്ഥൎക്കുതന്നെ തിരിച്ചുകൊടുപ്പിക്കാം"

.... .... ....

അടുത്ത ദിവസത്തെ സ്വീകരണത്തിൽ നാരായണപിള്ളയുടെ നാക്കു തിരിച്ചുകിട്ടി. ഭക്തിവിലാസം വാച്ചറായിരുന്ന ഒരു പെൻഷൻശിപായിക്കാണതു കിട്ടിയിരുന്നതു്. അയാളുടേതു നാരായണപിള്ളക്കും. അബദ്ധം തെളിഞ്ഞപ്പോൾ പരസ്പരം വച്ചുമാറാൻ രണ്ടുപേൎക്കും വിസമ്മതമുണ്ടായില്ല. എന്നാൽ സുകുമാരൻെറയും ശങ്കറിൻെറയും നാക്കിൻെറ കാൎയ്യത്തിൽ തീരുമാനമുണ്ടായില്ല. അതു കൈയ്ക്കലാക്കിയവരെ സ്വാമി കണ്ടുപിടിക്കാഞ്ഞല്ല, കണ്ടുപിടിച്ചിട്ടും അതുവിട്ടുകൊടുക്കാതെ സ്വന്തമാണെന്നുള്ള അവകാശവാദവുമായി അവർ എതിൎത്തുനിൽക്കുകയാണ്. ഹൈക്കോടതിയിലോ മറേറാ ഒരു റിട്ടുകൊടുക്കുന്നതിനെപ്പററി ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

....0....


FOR
LINE
HALF-TONE
TRI-COLOUR and
ENGRAVING BLOCKS
CINEMA SLIDES, RUBBER STAMPS etc.
PLEASE CONTACT:—
ANTONEYS STUDIO
BLOCK MAKERS
KOTTAYAM - PHONE 720

# മൊട്ടച്ചി ആയ്യമ്മ

## അഖിലേന്ത്യാ വനിതാസമ്മേളനത്തിൽ സംബന്ധിച്ചിരുന്ന വനിതകളുടെ രഹസ്യം.

തിരുവനന്തപുരത്തു് ഈയിടെ കൂടിയ അഖിലേന്ത്യാ വനിതാസമ്മേളനത്തിൽ പലതും നടന്നു. ചിലതെല്ലാം പത്രത്തിൽ വന്നു. വരാത്തതാണ് അധികവും. അതിലൊന്നാണ് ഒരു മൊട്ടച്ചിയുടെ കഥ.

മൊട്ടച്ചിആയ്യമ്മ എവിടുത്തുകാരിയാണെന്നു് ആർക്കും മനസ്സിലായില്ല. മൊട്ടച്ചിക്കു പൊതുക്കാര്യങ്ങളിൽ താൽപ്പര്യം തോന്നുക സാധാരണവുമല്ല. ഗുജറാത്തിയിൽനിന്നുംവന്ന ഒരു പാഴ്സിപ്പെണ്ണിനു് ഈ കാര്യത്തിൽ ഗവേഷണം നടത്തണമെന്നുതോന്നി. സമ്മേളനത്തിന്റെ രണ്ടാംനാൾ രാവിലെ അവൾ മൊട്ടച്ചിയുടെ മുറിയുടെ വാതിലിൽചെന്നു മുട്ടിവിളിച്ചു. മൊട്ടച്ചി കതകുതുറന്നില്ല. കതകിന്റെ വിടവിൽക്കൂടി അവൾ ഉളിഞ്ഞുനോക്കി. മൊട്ടച്ചി ഇരുന്നു മുഖം ഷേവുചെയ്യുന്നതാണു കണ്ടതു്! പെണ്ണുങ്ങൾ മുഖം വടിക്കുന്നതു് ഗുജറാത്തിയിൽ പതിവില്ല. പാഴ്സി പെണ്ണിനു കൗതുകം വർദ്ധിച്ചു. അതുവഴിപോയ ഒരു ആസാംകാരിയെ അവൾ തടഞ്ഞുനിറുത്തി കതകിന്റെ വിടവിൽക്കൂടെ നോക്കിച്ചു. ആസാംകാരിക്കു പ്രത്യേകിച്ചൊന്നും തോന്നിയില്ല.

പാഴ്സിപ്പെണ്ണു്– ആയ്യമ്മ മുഖം വടിക്കയാ.

ആസാംകാരി– അതിനെന്താ? തലയിൽ മുടിയില്ലാത്തവർക്കു മുഖത്തെങ്കിലും വേണ്ടെ?

പാഴ്സി– ആയ്യമ്മ ആണോ പെണ്ണോ?

ആസാം– നിനക്കിതൊക്കെ എന്തിനറിയണം?

പാഴ്സി– ഇതു വനിതാസമ്മേളനമാണ് ഇതിൽ മീശയുള്ള പെണ്ണുങ്ങൾക്കെന്താ സ്ഥാനം?

ആസാംകാരി പാഴ്സിപ്പെണ്ണിനെ പിടിച്ചു് അൽപ്പം അകലെക്കൊണ്ടുപോയി അവളുടെ മുഖത്തു സൂക്ഷിച്ചുനോക്കി. പാഴ്സിപ്പെണ്ണിനു് അതത്ര രസിച്ചില്ല.

പാഴ്സി– എന്താ ഇത്രനോക്കാൻ.

ആസാം– നീ ഏതു ബ്ലേഡാ ഉപയോഗിക്കുന്നതു്? പനാമായാണോ? എടീ കുഞ്ഞേ സെവൻ ഓ ക്ലോക്കാണു നല്ലതു്. പനാമായും ഭാരതും തൊലി ചെത്താനല്ലാതെ മീശ വടിക്കാൻ പററുകില്ല.

പാഴ്സി– (തോററഭാവത്തിൽ) ചേട്ടത്തി ഏതാ?

ആസാം– നീയേതാ? അതാദ്യം പറ. ആറന്മുളവച്ചു നിന്നെ കണ്ടിട്ടുള്ളതായി ഒരു തോന്നൽ. ഗോപിനാഥപിള്ള എം. എൽ. ഏ. യുടെ പെങ്ങളാണോ?

പാഴ്സി– ഞാൻ ഗുജറാത്തുകാരിയാ

ആസാം– അല്ലെന്നാരുപറഞ്ഞു–? എങ്കിലും ചോദിക്കുവാ ആറന്മുളയാണോ വീട്ടു്.

പാഴ്സി– ആറന്മുളയും വന്നിട്ടുണ്ടു്, ചേടത്തി തൃശ്ശൂർകാരിയാണെന്നു തോന്നുന്നല്ലോ. ആസാമിൽ പോയിട്ടു പോലും ഉണ്ടാവില്ല.

ആസാം– ഇനി നമുക്കു നേരുപറഞ്ഞുതുടങ്ങാം, എന്റെ പേരു് ഏ. ആർ. മേനോനെന്നാ. അനിയത്തിയുടെ പേരു് മാലേത്തു ഗോപിനാഥപിള്ളയെന്നാണോ?

പാഴ്സി— അപ്പോൾ നമ്മൾ രണ്ടും ആണുങ്ങളാണോ? ഈ പെൺപടയിൽ കേറിയതിൽപിന്നെ എനിക്കതേപ്പററി സംശയമാ.

മേനോൻ– എന്തിനാ ഇതിനകത്തു കേറിയതു്? വീട്ടിലറിഞ്ഞാൽ വഴക്കാവില്ലേ?

മാലേത്തു ഗോപി– ഞാൻ വന്നതു വനിതകളുടെ പ്രശ്നങ്ങൾ നേരിട്ടുകണ്ടു പഠിക്കാനാ. മേനോൻചേട്ടനോ?

മേനോൻ– ഞാൻ വന്നതു് മൂതുക്കായ പുരുഷന്മാരുടെ പ്രശ്നം വനിതകൾ എങ്ങനെപരിഹരിക്കുമെന്നറിയാനാ.

മാ: ഗോപി– മൊട്ടച്ചിയേതാ?

മേനോൻ– (ഗോപിയുടെ ചെവിയിൽ) താണുപിള്ളസ്സാറാണെന്നാ തോന്നുന്നതു്. അദ്ദേഹത്തിനും പ്രശ്നങ്ങൾ കാണും. പരിഹരിച്ചോട്ടെ. നമ്മളെന്തിനാ എത്തിനോക്കുന്നതു്.

മാ: ഗോപി– ഒരു മംഗലാപുരത്തുകാരി ഇതിനകത്തുണ്ടു്. ചേട്ടൻ ശ്രദ്ധിച്ചോ?

മേനോൻ– തകഴി മെമ്പർ തോമ്മസ് ജോണാ. അഞ്ചാംനമ്പർ മുറിയിൽ പാർക്കുന്ന മതാമ്മയേ കണ്ടോ? എം. ആർ. ഏ–ക്കാരിയാ. പക്ഷേ പുത്തൂർ രാമൻചാന്നാരുടെ മോൻ ചങ്കരനാ.




എന്റെ അത്താഴം

മാ: ഗോപി— നമ്മുടെ ഡെപ്യൂട്ടി യോ?

മേനോൻ— അതേ. എൻെറ പഴയ കണ്ണുകൊണ്ടു നോക്കീട്ടായിരിക്കം. ഇരുപത്തികന്നിൽ പാർക്കുന്ന സിലോൺകാരി തോപ്പിൽഭാസിയാണെന്നാ തോന്നുന്നത്.

മാ: ഗോപി— പതിമ്മൂന്നിലെ വല്യമ്മയെ ശ്രദ്ധിച്ചോ? ചാഴിക്കാടനാണെന്നാ എൻെറ പക്ഷം. ഒന്നു കണ്ടു ചോദിക്കണമെന്നു വിചാരിക്കയാ.

മേനോൻ— ചാഴിയല്ലെങ്കിൽ റാന്നി മെമ്പർ വയലാ ആയിരിക്കം. എതായാലും ചോദിക്കുന്നതു ശരിയല്ല.

മാ: ഗോപി— അപ്പോൾ ഈ വനിതകളിൽ എത്രപേരുകാണം പെണ്ണായിട്ട്?

മേനോൻ— അതിൻെറയൊക്കെ കണക്കെടുക്കുന്നതെന്തിനാ? നമ്മുടെ എം. എൽ. ഏ-മാരിൽ മിക്കതും ഇതിൽ കാണം. എക്സ് എം. എൽ. ഏ-മാരും കുറവാണെന്നു തോന്നുന്നില്ല.

ഈ ഘട്ടത്തിൽ ഒരു ബംഗാൾകാരി അതുവഴിചെന്ന് ആസാംകാരിയെ തട്ടിയുരുമ്മി കടന്നുപോകാൻ ശ്രമിച്ചു. ആസാംകാരി ചെവത്തു.

ബംഗാൾ— കഖഘ കടന്നുപോട്ടെ.

മാ: ഗോപി— ഈ. എം. എസ്സ്. ആണോ.




# ശ്വാസം മുട്ടിക്കുന്ന സഖാക്കൾ

മേനോൻ— അതിവിടെ പ്രശ്നമല്ല. കോൺഗ്രസ്സും കമ്മ്യൂണിസ്റ്റും പി. എസ്. പി-യും ലീഗും ഇതിലുണ്ട്.

ബംഗാൾ— ഖഘക്ക ഗ്ഗ്ടന്നുപോട്ടെ.

.... .... .... ....

അടുത്തദിവസത്തെ പത്രത്തിൽ പി. ടി. ഐ-യുടെ വാർത്തവന്നു. തിരുവനന്തപുരത്തെ വനിതാസമ്മേളനത്തിൽ പതിനയ്യായിരത്തിൽപ്പരം വനിതകൾ സംബന്ധിച്ചിരുന്നതായി. പത്രംവായിച്ചിട്ട് കെ. ആർ. ഗൗരിയമ്മ ടി. വി. തോമ്മസ്സിനെ തട്ടിയുണർത്തി വിവരം പറഞ്ഞു.

ടി. വി— കണക്കു തെററാ. പതിനാലായിരത്തിത്തൊള്ളായിരത്തിതൊണ്ണൂററൊമ്പതാ ശരി. ഞാനായിരുന്നു ഒരു പെണ്ണ്.

ഗൗരി— ഞാൻ പ്രതിഷേധിക്കുന്നു.

ടി. വി— അഖിലേന്ത്യാ പുരുഷസമാജം വരുമ്പോൾ നിങ്ങൾക്കുംപോകാം.

—o—


## ആലപ്പിയൻസ് ഡ്രമാററിക്ക് സൊസൈററി, പാലസ്‌വാർഡ്—ആലപ്പുഴ.

കലാമൂല്യങ്ങൾക്ക് കോട്ടംതട്ടാതെ സാമൂഹ്യപുനഃരാഗതിക്ക് മാർഗ്ഗനിർദ്ദേശംചെയ്യുന്ന— കഥ, സംഭാഷണം, സംഗീതം, സംവിധാനം, അഭിനയം, അങ്ങിനെ എല്ലാപ്രകാരത്തിലും വിജയിക്കുവാൻ കഴിഞ്ഞ ഒരു ഉന്നത കലാശില്പമാണ് "പങ്കാളികൾ" സാമൂഹ്യസംഗീതനാടകം എന്നഭിപ്രായപ്പെടുന്നതിൽ ഒരു കലാസ്വാദകനായ ഞാൻ അഭിമാനംകൊള്ളുന്നു.

—Sir Johns (Apy)

1 പങ്കാളികൾ

സാമൂഹ്യ സംഗീതനാടകം — By ആലപ്പി ചന്ദ്രമോഹൻ.

2 ★ പടച്ചോൻ വലിയോനാ ★

സാമുദായിക സംഗീതനാടകം. — By പ്രതാപഭവനം

അഭിനയിക്കുന്നവർ:— മിസ്സ്. ആനന്ദവല്ലി, കുമാരി ആനന്ദവല്ലി, പൊന്നമ്മ, ചെല്ലമ്മ, ആലപ്പി ചന്ദ്രമോഹൻ, പ്രതാപഭവനം, കളർകോട്ട് ഉണ്ണിക്കൃഷ്ണൻ, സതീശ് ബാബു, ഗംഗ, മാധവൻ, ജോസഫ് തയ്യിൽ, ജോത്സ്നകുമാർ Etc

ഡയറക്ഷൻ: ആലപ്പി ചന്ദ്രമോഹൻ. ഗാനരചന: പ്രതാപഭവനം.

സംഗീതസംവിധാനം: കളർകോട്ട് മഹാദേവൻ.

പിന്നണിയിൽ— വി. എ. മാധവൻ, എൻ. എൽ. അലക്സ്, ബാബു, ഒ. ജെ. ചാക്കോ:

ബുക്കിംഗിന്— പ്രതാപഭവനം ഭാസ്ക്കരൻനായർ, സെക്രട്ടറി, ആലപ്പിയൻസ് ഡ്രമാററിക്ക് സൊസൈററി, പാലസ് വാർഡ്, ആലപ്പുഴ.

# പാലാബാങ്ക് തകർന്നില്ല!

## ദൈവം വിളിച്ചതനുസരിച്ച് സ്വർഗ്ഗത്തിലേക്കു മാറുകമാത്രമാണു ചെയ്തത്.

പാലാബാങ്കിന്റെ തകർച്ചയെപ്പററി പല വിധത്തിലുള്ള അപവാദവും പ്രചരിക്കുന്നുണ്ടല്ലൊ. മൊറാർജിയും കൂട്ടരുംകൂടി പ്രയോഗിച്ച കടുംകൈയ്യാണു മുഖ്യകാരണമെന്നു പലരും വിശ്വസിച്ചു. എന്നാൽ മൊറാർജിക്കോ റിസർവ്വ്ബാങ്കിനോ ഇതിൽ കൈയ്യില്ലെന്നും സാക്ഷാൽ ദൈവംതന്നെ പാലാബാങ്കിനെ സ്വർഗ്ഗത്തേക്കെടുത്തതാണെന്നും ഇപ്പോൾ വിവരം ലഭിച്ചിരിക്കുന്നു.

സി. പി. യുടെ ചതിവുമൂലം ഭൂമിയിൽനിന്നും സ്വർഗ്ഗത്തേക്കുപോയ നാഷണൽ ക്വയിലോൺ ബാങ്കായിരുന്നു ഇതുവരെയും സ്വർഗ്ഗത്തിലെ പ്രധാനബാങ്ക്. ദൈവവും മാലാഖമാരും അവരുടെ അക്കൗണ്ടുകൾ അതിലാണ് ഏർപ്പെടുത്തിയിരുന്നത്.

എന്നാൽ പണമിടപാടിനെ സംബന്ധിച്ചിടത്തോളം ദൈവം അത്ര കണിശക്കാരനൊന്നുമല്ല. കിട്ടുന്നിടത്തുനിന്നെല്ലാം പണം കടമെടുക്കുക ദൈവത്തിന്റെ ശീലമാണ്. മാമ്മൻമാപ്പിള പത്തുചെന്നു നാഷണൽ ക്വയിലോൺബാങ്കിന്റെ മേൽനോട്ടം ഏറെറടുത്തപ്പോഴാണ് ദൈവത്തിന്റെ പാപ്പരത്തം വെളിപ്പെട്ടത്. വമ്പിച്ച തുകകൾ മുറയ്ക്കു ഓവർ ഡ്രാഫ്ററായി എടുത്തു ദീപാളികുളിക്കുകയല്ലാതെ അതിന്റെ പലിശപോലും തീർത്തടച്ചതായി കണ്ടില്ല. ദൈവത്തിന്റെ ദുർച്ചെലവ് മാലാഖമാക്കും പുണ്യവാളന്മാർക്കും അമ്പരപ്പുണ്ടാക്കിക്കൊണ്ടിരിക്കയുമായിരുന്നു. എങ്കിലും ദൈവത്തിനെ ഗുണദോഷിക്കാനൊ എതുക്കാനൊ അവർക്കാർക്കും ധൈര്യമുണ്ടായില്ല. മനുഷ്യരുടെയിടയിൽ ദൈവത്തിന്റെ അനുയായികൾ കുറഞ്ഞുവരുന്നതു പരിഹരിക്കാൻ ലോകത്തിൽ ദൈവഭക്തന്മാരുടെ ഒരു അഞ്ചാംപത്തി സംഘടിപ്പിക്കാനാണ് ഇത്രയധികം പണം ചെലവാക്കേണ്ടിവരുന്നതെന്നായിരുന്നു ദൈവത്തിന്റെ സമാധാനം. ഏതായാലും മാമ്മൻമാപ്പിള ചെന്നതോടുകൂടി ദൈവത്തിന്റെ ഓവർഡ്രാഫ്ററിൽ കുറേശ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിത്തുടങ്ങി. ആദ്യമൊന്നും ദൈവം അതറിഞ്ഞില്ല. എവിടെയെങ്കിലും ചെന്നിരുന്നു ചെക്കെഴുതി അയക്കുകയല്ലാതെ അതു പാസ്സാകുന്നുണ്ടോ എന്നുള്ള വിവരം ദൈവം അന്വേഷിച്ചിരുന്നില്ല. ഈയിടെ ആ ചെക്കിൽ പലതും ബാങ്കിൽനിന്നും നിഷേധിച്ചതായി ദൈവം അറിഞ്ഞു. തന്നെ ധിക്കരിച്ച നാ:ക്വയിലോൺബാങ്കിനു ബദലായി തുല്യശക്തിയുള്ള ഒരു ബാങ്കുകൂടി സ്വർഗ്ഗത്തിൽ സ്ഥാപിക്കണമെന്നു ദൈവം നിശ്ചയിച്ചു. ബാങ്കിംഗു പരിചയമുള്ള ചില പുണ്യവാളന്മാരെ രഹസ്യമായി വിളിച്ചു ഇതേപ്പററി ദൈവം ആലോചനനടത്തി. ദൈവത്തിന്റെ ദുർച്ചെലവുകാരണം സ്വർഗ്ഗത്തിൽ പൊതുവേ സാമ്പത്തികാധപ്പതനമായിരുന്നതിനാലും ഒരു എതുബാങ്കു നടത്തി മാമ്മൻമാപ്പിളയോടു ജയിക്കാമെന്ന് ധൈര്യം തോന്നായ്കയാലും പുണ്യവാളന്മാർ ദൈവത്തിന്റെ നിർദ്ദേശത്തിനു വഴങ്ങുവാൻ മടിക്കയാണു ചെയ്തത്, അഥവാ ഒരു ബാങ്കു തുടങ്ങിയാൽതന്നെയും അതിലുള്ള പണം ആദ്യംതന്നെ ദൈവം എടുത്തുകളയും, പുണ്യവാളന്മാരെ വിശ്വസിച്ച് അക്കൗണ്ടു തുടങ്ങുന്നവർ വെള്ളത്തിലാവുകയുംചെയ്യും.

ഈ ഘട്ടത്തിലാണു ദൈവം പാലാബാങ്കിനേപ്പററി ചിന്തിച്ചത്. ഒരു പുതിയ ബാങ്കിനൊരുങ്ങാതെ ദീർഘനാളായി പ്രശസ്തമായവിധം സേവനം നടത്തുകയും സ്വർഗ്ഗത്തു സ്ഥാപിക്കത്തക്ക പരിശുദ്ധി നേടുകയും ചെയ്ത ഒരേ ഒരു ബാങ്കാ പാലാബാങ്കെന്നദ്ദേഹം മനസ്സിലാക്കി. പിന്നെ താമസമുണ്ടായില്ല. സ്വർഗ്ഗത്തുനിന്നും അദ്ദേഹം ബാങ്കിനെ മേലോട്ടു വിളിച്ചു. ദൈവം വിളിച്ചാൽ ചെല്ലാതിരിക്കുന്ന ബാങ്കല്ലാ പാലാബാങ്ക്. ലോകത്തിൽ ദൈവപ്രവത്തനംനടത്തി ദൈവകാര്യങ്ങളുമായി അഭേദ്യബന്ധം സ്ഥാപിച്ചതാണത്. ദൈവകല്പന ഉണ്ടായപ്പോൾ ഭൂലോകത്തെ നിക്ഷേപകരുടെ പണം തിരിച്ചുകൊടുക്കാനുംമററും കൂട്ടാക്കാതെ അതു നേരേ സ്വർഗ്ഗത്തേക്കുയരുകയാണു ചെയ്തത്. ഇപ്പോൾ സ്വർഗ്ഗത്തിന്റെ തലസ്ഥാനമായ അമരാവതിയിൽ നാ: ക്വ: ബാങ്കിന്റെ നേരേ എതുവശം ദൈവത്തിന്റെ സ്വന്തംവക ഒരു കൂററൻ കെട്ടിടത്തിൽ അതു സ്ഥാപിച്ചിരിക്കയാണ്. ഭൂമിയിലെ കണക്കെല്ലാം അങ്ങോട്ടു മാററുകയും ചെയ്തിട്ടുണ്ട്. ഡിപ്പോസിറററന്മാർ പാസുബുക്കുമായി സ്വർഗ്ഗത്തുചെന്നാൽ ഒററ പൈപോലും കുറയ്ക്കാതെ മുഴുവൻ തുകയും തിരിച്ചുകൊടുക്കുകയുംചെയ്യും. നാ:ക്വ:ബാങ്കിന് ഇതൊരു വലിയ തിരിച്ചടിയാണെന്നുള്ളതിൽ സംശയമില്ല. ഏ. വി. ജോർജ്ജ് സി. പി. മാത്തൻ മുതലായവർ ദൈവത്തിന്റെ പ്രേരണയിൽ അവരുടെ ഡിപ്പോസിററുകൾ നാക്വയിൽനിന്നും പാലാബാങ്കിലേക്കു അടുത്ത ദിവസംതന്നെ മാററി. ബാങ്കിന്റെ ചെയർമാനായി ഏ. വി. ജോർജ്ജോ, അന്തപ്പേരോ തെ




കൃപലാനി പി. എസ്സ്. പി. യും വിടുന്നു.

# പതിനൊന്നാം പനി

## കോയക്കും പട്ടത്തിനും ബാധിച്ച വിചിത്രരോഗം.

മന്ത്രി ഉമ്മർകോയയ്ക്കു വലതുകൈയ്ക്കു വാതമായിട്ടാണ്" ദീനം തുടങ്ങിയതു്. ഒന്നുരണ്ടുദിവസം കഴമ്പുതേച്ചു തിരുമ്മിയപ്പോൾ അതു ഭേദമാവുകയും ചെയ്തു. അടുത്തദിവസം തിരുവനന്തപുരത്തേക്കു പോകാനും അദ്ദേഹം തീരുമാനിച്ചു. പക്ഷെ പോകാൻ സാധിച്ചില്ല. പുറപ്പെടുന്നതിനു് അഞ്ചുമിനിട്ടു മുമ്പേ കൈയ്ക്കു വീണ്ടും തളർച്ചയായി; ഒരാഴ്ച കൂടി യാത്രമാററിവച്ചു. പോകേണ്ടെന്നു തീരുമാനിച്ചപ്പോൾ ദീനവും ഭേദമായി. ഈ തവണ കഴമ്പു തേയ്ക്കുകപോലും വേണ്ടിവന്നില്ല, അവധി റദ്ദുചെയ്തു് അടുത്തദിവസംതന്നെ പോകാമെന്നു തീരുമാനിച്ചു. പക്ഷെ അന്നും യാത്ര മുടങ്ങുകയാണു ചെയ്തതു്. തിരുവനന്തപുരത്തിനെന്നു നിശ്ചയിച്ചുകൊണ്ടിറങ്ങുന്നമാത്രയിൽ കൈയ്ക്കു തളർച്ചയായി! മന്ത്രിയും വീട്ടുകാരും വൈദ്യനും അൽഭുതപ്പെട്ടു. കോയ മന്ത്രിയാകുന്നതു സഹിക്കരുതാതെ :ആരെങ്കിലും കൂടോത്രംചെയ്തതാണോ എന്നുപോലും സംശയമായി. ഉൽപതിഷ്ണുവായ മന്ത്രിക്കു് അതിലൊന്നും വിശ്വാസമില്ല. അദ്ദേഹം ഒരു ദീർഘചികിത്സയ്ക്കു തയ്യാറായി. നാട്ടുവൈദ്യംവിട്ടു ഇംഗ്ലീഷ്വൈദ്യം സ്വീകരിച്ചു. പക്ഷേ വിദഗ്ദ്ധന്മാരായ പല ഡോക്ടറന്മാർ പരിശോധിച്ചിട്ടും ദീനകാരണം കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. രക്തപരിശോധനയും മൂത്രപരിശോധനയും നടത്തി. അറിയപ്പെട്ടയിനത്തിലുള്ള രോഗാണുക്കളൊന്നും കണ്ടില്ല. അലോപ്പതിയാണെങ്കിൽ രോഗാണുവില്ലാതെ രോഗം ഉണ്ടാവുകില്ലല്ലൊ. ഇവിടത്തെ പരിശോധനകൊണ്ടു തൃപ്തിപ്പെടാതെ രക്തവും മൂത്രവും അമേരിക്കയ്ക്കയച്ചുകൊടുത്തു. അതിവിദഗ്ദ്ധന്മാർ നടത്തിയ അതിസൂക്ഷ്മമായ പരിശോധനയുടെ ഫലമായി ഏതോ ഒരു പുതിയതരം അണുവിന്റെ സാന്നിദ്ധ്യം രക്തത്തിൽ കണ്ടു. അണുവിനോ അതുകൊണ്ടുണ്ടാകുന്ന രോഗത്തിനോ പേരുണ്ടായില്ല. ലോകത്തിൽ ആദ്യമാണു് അങ്ങനെ ഒരണു ശാസ്ത്രകാരന്മാരുടെ നിരീക്ഷണത്തിനു വിധേയമാകുന്നതു്.

ഇതിനകം കോയാമന്ത്രിയുടെ വിദ്യാഭ്യാസവകുപ്പു് മുഖ്യമന്ത്രി പട്ടം ഏറെറടുത്തു. അനേകം ഡയറക്ടറന്മാർ ആതുരയിലുള്ളതുകൊണ്ടു് ഭരണകാര്യങ്ങളിൽ മന്ത്രി അധികമായി ശ്രദ്ധിച്ചു ക്ലേശിക്കേണ്ടിവന്നില്ല. കാര്യങ്ങൾ അങ്ങനെ ഒരു വിധം നടന്നുവന്നു. അപ്പോഴാണു് പതിനൊന്നാംവകുപ്പു് സസ്പെൻറുചെയ്തതിന്റെ കാലാവധി അവസാനിക്കാറായതും അതു സംബന്ധിച്ചുള്ള ആലോചന അടിയന്തിരമായതും. മന്ത്രിസഭ നേരിട്ടു തീരുമാനിക്കേണ്ട പ്രശ്നമാണതു്. മുഖ്യമന്ത്രി തത്സംബന്ധമായ ഫയലെടുത്തു പരിശോധിച്ചു. ഒന്നോ രണ്ടോ മാനേജരന്മാരുമായി ചർച്ചനടത്തുകയും ചെയ്തു. അപ്പൊഴേക്കും അദ്ദേഹത്തിനും ചില അവയവത്തിനു വിറയലും തളർച്ചയും തുടങ്ങി. പരിപാടിയെല്ലാം റദ്ദുചെയ്തു് അസംബ്ലിയിൽപോലും പോകാതെ അദ്ദേഹം ചികിത്സയ്ക്കു വിധേയനായി. വലിയ ചികിത്സയൊന്നും വേണ്ടിവന്നില്ല. ചില്ലറ ചില മരുന്നും ഒരു ദിവസത്തെ വിശ്രമവുംകൊണ്ടു് ദീനം ഭേദമായി. കർത്തവ്യനിരതനായ അദ്ദേഹം മടിച്ചിരിക്കാതെ ഹജൂരിലെത്തി പതിനൊന്നാംവകുപ്പിന്റെ ഫയലെടുത്തു പരിശോധനയ്ക്കിരുന്നു. അത്ഭുതമെന്നു പറയട്ടെ, ഫയൽ കയ്യിലെടുത്തനിമിഷം പഴയ വിറയലും തളർച്ചയും തുടങ്ങി. വീണ്ടും ഫയൽ മാററിവച്ചിട്ടു് അദ്ദേഹം താമസസ്ഥലത്തെത്തി ചികിത്സ ആരംഭിച്ചു. അല്പവിശ്രമംകൊണ്ടുമാത്രം ദീനം വീണ്ടും ഭേദമായി. താമസസ്ഥലത്തുവച്ചുതന്നെ ഫയൽ നോക്കാനായി സിക്രട്ടറിമുഖേന അദ്ദേഹം ഫയൽവരുത്തി. ഭിന്നതാൽപ്പര്യക്കാരെ പ്രീണിപ്പിക്കത്തക്ക ഒരു ഫോർമുല കണ്ടുപിടിക്കാനായിരുന്നു ശ്രമം. പക്ഷേ ഫയൽ കൈയിലെടുത്തില്ല, അതിനുമുമ്പേ വിറയൽ തുടങ്ങി.



"അല്ലേ! ഒളിമ്പിക്സിനു് കൂടുതൽ സ്വർണ്ണമെഡലും അടിച്ചോണ്ടുപോയതു് റഷ്യക്കാരല്ലാ!!"

"എടാ മായാ! അമേരിക്കയ്ക്കു് അതിനോടത്രയാക്കമൊന്നുമില്ല. അവിടെ കുന്താലിവരെ പൊന്നുകൊണ്ടാ....!"

---

രഞ്ഞെടുക്കപ്പെടുമെന്നും ശ്രുതിയുണ്ടു്. അങ്ങനെയാണെങ്കിൽ ഭൂമിയിൽവച്ചുസംഭവിച്ചതുപോലെ നാ:ക:ബാങ്കു് സ്വർഗ്ഗത്തിലും പൂട്ടേണ്ടിവന്നേക്കും. ഈ അത്യാഹിതം തടയുന്നതിലേക്കു് ചില മൂത്ത മാലാഖമാർ, മാമ്മൻമാപ്പിളയും ദൈവവും തമ്മിൽ സൗഹാർദ്ദം സ്ഥാപിക്കുവാൻ തിരക്കിട്ട ആലോചന നടത്തിത്തുടങ്ങിയിരിക്കയാണു്. അതു ഫലപ്പെട്ടന്നപക്ഷം പാലാബാങ്കും നാ:ക:ബാങ്കും സംയോജിപ്പിച്ചു് ഒററ സ്ഥാപനമാക്കി പാലാ നാഷണൽ കയിലോൺ ബാങ്കു് എന്ന പേരിൽ പൂർവാധികം അഭിവൃദ്ധിയിൽ നടത്താൻ ഇടയാകും.

—o—



ദീനം നിസ്സാരമല്ലെന്ന് അതോടുകൂടി ബോദ്ധ്യമാവുകയുംചെയ്തു. മെഡിക്കൽ കോളേജ്ആസ്പത്രിയിലെ ഏററവും മികച്ച വിദഗ്ദ്ധന്മാരെ വരുത്തി പരിശോധിപ്പിച്ചു. വാർദ്ധക്യത്തിന്റെ ക്ഷീണമല്ലാതെ ദീനമൊന്നും കണ്ടുപിടിക്കാൻ അവർക്കു കഴിഞ്ഞില്ല. കുറെ ദിവസത്തെ സമ്പൂർണ്ണവിശ്രമമാണ് അവർ നിർദ്ദേശിച്ച പ്രതിവിധി. രണ്ടുദിവസം അദ്ദേഹം വിശ്രമിച്ചു. ഒരു ദീനവും ഉള്ളതായി തോന്നിയില്ല. ഫയൽ ഒന്നു കൂടെ നോക്കുന്നതിൽ വലിയ വിശ്രമഭംഗമൊന്നുമുണ്ടാവാനില്ലെന്നുള്ള അനുമാനത്തിൽ മൂന്നാംദിവസം രാവിലെ അദ്ദേഹം വീണ്ടും പതിനൊന്നാംവകുപ്പിന്റെ ഫയലെടുത്തു. പക്ഷേ അതൊന്നു തുറന്നുനോക്കാൻപോലും കഴിഞ്ഞില്ല, അതിനുമുമ്പേ വിറയൽ തുടങ്ങി. അദ്ദേഹത്തിനും കുടുംബത്തിനും ഉൽക്കണ്ഠയായി. ഉമ്മർകോയയുടെ രക്തം അമ്മേരിക്കയിൽ പരിശോധിപ്പിച്ച വിവരം അദ്ദേഹം അറിഞ്ഞിരുന്നു. സ്വന്തം രക്തവും അങ്ങനെ ഒന്നു പരിശോധിപ്പിക്കുന്നതിനുവേണ്ടി അതേ വിദഗ്ദ്ധന്മാർക്കുതന്നെ അയച്ചുകൊടുത്തു. പരിശോധനയുടെ ഫലം അത്ഭുതാവഹമായിരുന്നു. കോയയുടെ രക്തത്തിൽ കണ്ട അതേ അപൂർവരോഗാണു പട്ടത്തിന്റെ രക്തത്തിലും കണ്ടത്രേ. പക്ഷേ കോയയുടെ കാര്യത്തിലെന്നപോലെ ദീനത്തിനു പേരുപറയാനോ ചികിത്സ നിർദ്ദേശിക്കുവാനോ അവർക്കു കഴിഞ്ഞില്ല. എന്തുചെയ്യണമെന്നറിയാതെ പട്ടം തിരുവനന്തപുരത്തും കോയ കോഴിക്കോട്ടും വിശ്രമംതുടർന്നു.


റബ്ബർ മുദ്രകൾ
മലയാപ്രസ്
ആററിങ്ങൽ.


ഇതിനിടെ അസംബ്ളിയും തുടങ്ങി. വിദ്യാഭ്യാസവകുപ്പിനെപ്പററിയുള്ള ചോദ്യങ്ങൾക്കു മറുപടിപറയുന്ന ചുമതല മന്ത്രി ചന്ദ്രശേഖരൻ ഏറെറടുത്തു. പതിനൊന്നാംവകുപ്പിനെപ്പററി ചില ചോദ്യം കിട്ടി. അതിനുത്തരംപറയുവാൻവേണ്ടി ബന്ധപ്പെട്ട ഫയൽ അല്പനേരം അദ്ദേഹം കൈകാര്യംചെയ്തു. രണ്ടോ മൂന്നോ ഷീററു വായിച്ചപ്പോഴേക്കും അദ്ദേഹത്തിനു വിറയൽതുടങ്ങി. ഫയൽ ദൂരെയെറിഞ്ഞിട്ട് അദ്ദേഹം പട്ടത്തിന് ഫോൺചെയ്തു:—"അങ്ങയുടേയും കോയയുടേയും ദീനം ഞാൻ കണ്ടുപിടിച്ചുകഴിഞ്ഞു. പതിനൊന്നാം വകുപ്പിന്റെ ഫയലിൽനിന്നാണതുണ്ടാകുന്നത്. അതു തൊടാതിരുന്നാൽ ദീനവുമില്ല. പതിനൊന്നാംപനിയെന്നോമറേറാ ദീനത്തിനു പേരിടാം. വിവരം അമ്മേരിക്കക്കാരെ അറിയിക്കണം."

വളരെ ബാലിശമെന്നു തോന്നിയതുകൊണ്ട് ഈ കണ്ടുപിടുത്തം അമ്മേരിക്കക്കാരെ അറിയിക്കാൻ പട്ടം ഒരുങ്ങിയില്ല! എങ്കിലും മേലാൽ പതിനൊന്നാംവകുപ്പിന്റെ ഫയൽ തൊടുകില്ലെന്നു സ്വകാര്യമായി തീരുമാനിച്ചു. ഫയലും ആ വകുപ്പും പാടേ നശിപ്പിക്കയാണു നല്ലതെന്നുള്ള നിശ്ചയം ദൃഢപ്പെടുകയും ചെയ്തു.

—•—



# അവിടെയും ഭാരതം മുന്നേറുന്നു!

(എൻ. പി.)

നൂററാണ്ടുകൾക്കു മുൻപാണു്. അങ്ങേതിലും ഇങ്ങേതിലും ഉള്ള രണ്ടു യോദ്ധാക്കൾ പടയ്ക്കുപോയി. അവരിൽ തെക്കേതിലെ യോദ്ധാവു് പടയിൽ വെട്ടേററു ചത്തു. മററവൻ തിരിച്ചുപോന്നു. ചത്തവൻെറ ശേഷക്രിയ സംബന്ധിച്ചുള്ള അടിയന്തരങ്ങൾ അതികേമമാംവണ്ണം നടത്തുകയാണു് അവൻെറ തള്ള. കൊട്ടിലിടുന്നു, കായ്കറികൾ മുററത്തങ്ങിനെ വന്നുമറിയുന്നു, അരികുമിയുന്നു, ആളുകൾ അങ്ങോട്ടും ഇങ്ങോട്ടും കാര്യ്യാന്തരബഹുലതയോടെ ഓടുന്നു. ഊളൻ ഓലിയിടുന്ന ശബ്ദത്തിൽ ആരോ ആരെയൊക്കെയോ വിളിക്കുന്നു. ആകെക്കൂടി ഒരു വലിയ ബഹളം. വടക്കേതിക്കാർ ഒഴിച്ചു് ആ കരയിലുള്ളവരെല്ലാമുണ്ടു് ആ മുററത്തു്. കുടിപ്പകമൂലം ആ വീട്ടുകാരെ ക്ഷണിച്ചിട്ടില്ല, ക്ഷണിക്കുകയുമില്ല.

എരിശ്ശേരിയും പുളിശ്ശേരിയും കടുകുവറുത്തപ്പോൾ പുറപ്പെട്ട എരിയൻ മണം, വടക്കേവീട്ടിലെ ഉമ്മറത്തു് കാലുകീഴ്പ്പോട്ടിട്ടിരുന്നു മുറുക്കാൻ ഇടിയ്ക്കുന്ന മുത്തശ്ശിയുടെ മൂക്കിൽകയറി. തിളച്ച വെളിച്ചെണ്ണയിൽ ഇട്ട പർപ്പടകത്തിൻെറ ശ്രൂ ശ്രൂ ശബ്ദം ആ സ്ത്രീയുടെ ചെവി തുളച്ചു. തെക്കേതിലെ മുററത്തു കൂടിനിൽക്കുന്ന ആളുകളുടെ രൂപങ്ങൾ ആ കിഴവിയുടെ കുഴിഞ്ഞതെങ്കിലും, തിളങ്ങുന്ന കണ്ണുകളിൽ പററിപ്പിടിച്ചുനിന്നു. അസൂയ, അമർഷം, നൈരാശ്യം, ദുരഭിമാനം എല്ലാം ചേർന്നു് ഒരു വീർപ്പുമുട്ടലുണ്ടാക്കി ആ പെണ്ണുംപിള്ളയ്ക്കു്. അടിയന്തരവീട്ടിലേക്കു നോക്കിക്കൊണ്ടു് ആ തള്ള പിറുപിറുക്കുകയാണു്—"ഹും! ആ എന്ധ്യാനിയേപ്പോലെതന്നെ ഞാനും ഒരു ചെറുക്കനെ പെററതാണു്, വളത്തിയതാണു്, പയററു പഠിപ്പിച്ചതാണു്, പയററിനയച്ചതുമാണു്. എന്നിട്ടു നോക്കണം, ആ അഴ്വാണിച്ചിയുടെ യോഗം. നാലു മാളോരെ വിളിച്ചു് കുശാലായി ശാപ്പാടുകൊടുക്കാനുള്ള ഭാഗ്യം അവൾക്കു കിട്ടി—" എന്നു്.

ഇററലിയിലെ റോമാനഗരത്തിൽ നടന്ന പതിനേഴാമത്തു് ഒളിമ്പിക്കുമത്സരങ്ങളിൽ പങ്കെടുത്തിട്ടു് അവരവരുടെ വീടുകളിലേക്കു് മാറാപ്പുമായി കയറിപ്പോകുന്ന ആളുകളേയും അവരെ സ്വീകരിക്കുവാൻ പടിക്കൽ നിൽക്കുന്ന തള്ളമാരെയും നോക്കി മുത്തശ്ശിയായ ഭാരതം പിറുപിറുക്കുകയാണു്, ഒരു നെടുവീർപ്പോടെ—"എല്ലാ അവളുമാരെയുംകാൾ കൂടുതൽ ചുറുചുറുക്കോടെ ഞാൻ പെററു, വളത്തി, പഠിപ്പിച്ചു, ഒളിമ്പിക്കു മത്സരങ്ങൾക്കു് അവന്മാരേം അവളുമാരേം ആർപ്പും വിളിച്ചു് കുരവയും ഇട്ടു് അയക്കുകയുംചെയ്തു. എന്നിട്ടു നോക്കണം ആ റഷ്യാക്കാരി—നത്തിൻെറ മോന്തപോലിരിക്കും അവളുടെ മോന്ത—ചന്തംനോക്കുന്നവൻ തിരിഞ്ഞുനോക്കത്തില്ല—അവളുടെ പിള്ളേരുടെ മാറാപ്പിൽ നാൽപ്പത്തിമൂന്നു സ്വർണ്ണമെഡലും ഇരുപത്തൊൻപതു വെള്ളിമെഡലും മുപ്പത്തൊന്നു് ഓട്ടുമെഡലും ഉണ്ടു്. എന്തൊരു യോഗശാലിയാണവൾ. ആ അമേരിക്ക പെണ്ണുംപിള്ളയെ പൂച്ചക്കണ്ണിയെന്നും ഉറിവയറി എന്നുമൊക്കെ ഞാൻ ആക്ഷേപിച്ചു, അവളുടെ പിള്ളേരുടെ മാറാപ്പിലുമുണ്ടു്, മുപ്പത്തിനാലു സ്വർണ്ണമെഡലും, ഇരുപത്തൊന്നു വെള്ളിമെഡലും, പതിനാറു് ഓട്ടുമെഡലും. ഒരു നരന്തുജന്തുവാണു് ആ ഇററലിയെന്നു പറയുന്നവൾ. അപ്പിടി രോഗമാണവൾക്കു്, എങ്കിലും ആ കൊക്കപ്പുഴുവിൻെറ മക്കളു കൊള്ളിക്കാവുന്നവരാ. പതിമൂന്നു സ്വർണ്ണമെഡലും, പത്തു വെള്ളിമെഡലും, പതിമൂന്നു് ഓട്ടുമെഡലും കിട്ടി അവക്കു്. എന്തിനാ നഞ്ചുനാനാഴി. എല്ലാവരും വിളിച്ചുകൂവി, ജമ്മനി ജമ്മനി എന്നുപറയുന്ന ആ തോന്ന്യാസക്കാരിയുടെ മക്കളെ എല്ലാത്തിനേം കുറെ പട്ടമ്പികളുചേന്നു് അടിച്ചും ഇടിച്ചും കുറുകൊടിച്ചിട്ടിരിക്കുകയാണെന്നു്. ചുത്ത പൊയ്. അടിച്ചിട്ടുണ്ടെങ്കിൽ ആ പിള്ളേരു് ഊളന്മാരേപ്പോലെ ചത്തെന്നുംപറഞ്ഞു കിടന്നുകളഞ്ഞിരിക്കണം. അല്ലെങ്കിൽ ആ പിള്ളേരുടെ ഭാണ്ഡത്തിൽ എങ്ങിനെകാണും, പന്ത്രണ്ടു സ്വർണ്ണമെഡലും, പത്തൊൻപതു വെള്ളിമെഡലും, പതിനൊന്നു് ഓട്ടുമെഡലും. അങ്ങിനെ എല്ലാ അവളുമാരുടെയും മക്കൾക്കു കിട്ടി. ലോകത്തിൽ ആകപ്പാടെ ഇരുനൂററിഅറുപതു കോടി മനുഷ്യരേയുള്ളു. അതിൽ നാല്പതുകോടിയും എൻെറ മക്കളാ. എന്നിട്ടു് അവരു കൊണ്ടുവന്നതോ, ആകെക്കൂടി ഒരു വെള്ളിമെഡൽ. നോക്കിനിന്നപ്പം പിച്ചക്കാർക്കു കൊടുക്കുന്നതുപോലെ എറിഞ്ഞുകൊടുത്തതായിരിക്കണം? മത്സരങ്ങളൊക്കെ ഈ രാജ്യത്തുവച്ചു നടത്തിയിരുന്നെങ്കിൽ, നൂററുക്കു് അറുപതു മെഡൽവീതം, പിന്നോക്കസമുദായങ്ങൾക്കെന്നുംപറഞ്ഞു്, എൻെറ മക്കൾ വഴക്കുപറഞ്ഞെടുത്തേനെ. പിന്നോക്കന്മാരെന്നു പറഞ്ഞാൽ മതി, ഉറങ്ങിക്കിടക്കുന്നവനെ വിളിച്ചുണത്തിക്കൊടുക്കും. ആ റോമാക്കാരനുണ്ടോ മുന്നോക്കനെന്നും പിന്നോക്കനെന്നും. എനിക്കിങ്ങനെയൊരു പോക്കണംകേട് വന്നല്ലൊ എൻെറ ദൈവമെ—" മുത്തശ്ശിയുടെ ചുക്കിച്ചുളിഞ്ഞ കവിളുകളിൽക്കൂടി കണ്ണുനീർ കുടുകുടാ ഒഴുകി. മൂക്കുപിഴിഞ്ഞു് അവർ മുണ്ടിൽതുത്തു. എങ്ങിനെ കരയാതിരിക്കും. വയസ്സായാലും പെണ്ണുങ്ങൾക്കു്




ചില അഭിമാനങ്ങളെല്ലാമുണ്ടു്. മാറത്തു് ആരും നോക്കുകില്ലെന്നു് തീർച്ചവന്നാലും അവൾക്കു് ബ്ളൗസിടണം. ഹും! നല്ല ഒന്നാംതരം പോക്കററടിക്കാരുണ്ടു്, ആണുങ്ങളും പെണ്ണുങ്ങളുമായി, മുത്തശ്ശിയുടെ മക്കളുടെ കൂട്ടത്തിൽ. ഇന്ദ്രപ്രസ്ഥത്തിലുള്ളവരുപോലും മഹാവിരുതന്മാരാണു്, ബസ്സ്സ്റ്റാൻഡിലും ഉത്സവസ്ഥലത്തുംവച്ചു് പോലീസുകാരനേപ്പോലും പോക്കററടിക്കാൻ. റോമിൽ നടന്ന ഒളിമ്പിക്കു് ഉത്സവത്തിൽ ആൾക്കൂട്ടത്തിനിടയിൽ ആ റഷ്യാക്കാരേയൊ അമ്മേരിക്കാക്കാരെയോ പോക്കററടിച്ചു പത്തു സ്വർണ്ണമെഡലെങ്കിലും കരസ്ഥമാക്കുവാൻ തന്റെ മക്കൾക്കു കഴിഞ്ഞില്ലല്ലോ എന്നോർത്തപ്പോൾ, വല്ല്യമ്മ പൊട്ടിക്കരഞ്ഞുപോയി.

എങ്ങിനെ കരയാതിരിക്കും. 1928 മുതൽ റോമായിലെ മത്സരംവരെ വല്ല്യമ്മയുടെ മക്കളായിരുന്നു ലോകത്തിലെ ഹോക്കിച്ചാമ്പിയന്മാർ. പരിശീലനവേളകളിലെല്ലാം ഒന്നാന്തരമായി അവർ കളിച്ചു. ഞങ്ങൾ പതിവുപോലെ മെഡലു കൊണ്ടുവരുവാൻ പോകുന്നു എന്നു വീമ്പടിച്ചുകൊണ്ടുപോയി. ഒടുവിൽ, ഈയിടെമാത്രം കുടിലുകെട്ടി പൊറുതി തുടങ്ങിയ പാത്തുമ്മായുടെ മക്കൾ തോൽപ്പിച്ചുവിട്ടു. ഓന്തിനേപ്പോലെ തലയും പൊക്കിപ്പിടിച്ചുപോയവർ, കൊഞ്ചുപോലെ കുനിക്കുനി തിരിച്ചുപോന്നു.

വല്യമ്മ കരയുകതന്നെവേണം. പതിനെട്ടുദിവസം രാപകൽ എന്നില്ലാതെ എരിഞ്ഞുകൊണ്ടിരുന്ന ആട്ടവിളക്കിന്റെ മുമ്പിൽ വേഷംകെട്ടിക്കളിച്ച പലരും, ചെങ്ങന്നൂർ രാമൻപിള്ളമാരും, മാങ്കുളന്മാരും ആയി. അമേരിക്കയിലെ റെയിഫർ ജോൺസൺ ലോകത്തിലെ ഏററവും വലിയ കായികാഭ്യാസിയായി അംഗീകരിക്കപ്പെട്ടു. നൂറുമീററർ ഓട്ടത്തിൽ ജയിച്ച ജർമ്മനിയിലെ ഹാരി, ലോകത്തിലെ പറക്കുന്ന ഓട്ടക്കാരൻ എന്ന ഖ്യാതിനേടി. റഷ്യയിൽനിന്നും താറാവിൻകൂട്ടംപോലെ വന്ന തടിച്ചിപ്പെണ്ണുങ്ങൾ എല്ലാംതന്നെ, കുട്ടനാട്ടിലെ കൊയ്ത്തുകഴിഞ്ഞു മടങ്ങുന്ന കിഴക്കൻ പുലയികളേപ്പോലെ, വട്ടിയും പുട്ടിലും നിറയെ മെഡലുകളുമായാണു് തിരിച്ചുപോയതു്. ബോറിസ് ഷാഖ്ലിൻ എന്ന ഒരൊററ റഷ്യാക്കാരനുമാത്രംകിട്ടി; നാലു സ്വർണ്ണമെഡലും, രണ്ടു വെള്ളിമെഡലും, ഒരു ഓട്ടുമെഡലും. എല്ലാ തള്ളമാരേയും പോലെ ഭാരതമുത്തശ്ശിയും കുറെ തിമ്മന്മാരേയും തിമ്മിമാരേയും, പുട്ടും ഇടിയപ്പവും എല്ലാംതീററി വീർപ്പിച്ചയച്ചതാണു്. ഇങ്ങേഅററം വെറും എത്തിയോപ്പിയാക്കാരനായ അബീബു് ബിക്കിലാ എന്ന കാപ്പിരിയാണു്, മാരത്തോൺ ഓട്ടത്തിനുള്ള സ്വർണ്ണമെഡൽ തട്ടിയെടുത്തതു്. ജയിക്കുന്നതുവരെ അങ്ങിനെ ഒരു ചെറുക്കനെ ആരും അറിഞ്ഞിരുന്നില്ല, അന്വേഷിച്ചപ്പോഴാണു് അവൻ അബിസീനിയാചക്രവത്തിയുടെ അംഗരക്ഷകന്മാരിൽ ഒരുവനാണെന്നറിഞ്ഞതു്. ആ മത്സരത്തിൽ ചേർന്നിരുന്ന ഭാരതവല്ല്യമ്മയുടെ മക്കൾ, ലാൽചന്ദും, ജഗമൻ രഘുവും നാല്പതാമതും നാല്പത്തിയെട്ടാമതും ആയാണു് ഓടിഎത്തിയതു്. ഭാഗ്യംകൊണ്ടു് രഘുവിന്റെ പിന്നിൽ ആരും ഇല്ലായിരുന്നു! കരയൂ മുത്തശ്ശീ, വേണ്ടുവോളം കര.

മുത്തശ്ശി എല്ലാവരോടും പൊങ്ങച്ചം പറഞ്ഞതാണു്, അവരുടെ മകൻ മിൽഖാസിംഗ് നാനൂറുമീററർ ഓട്ടത്തിൽ ഒന്നാമനാകുമെന്നു്. നേരുപറഞ്ഞാൽ അയാൾ കൊണ്ടുവരുന്ന സ്വർണ്ണമെഡൽ ഇട്ടുവയ്ക്കാൻ വല്യമ്മ പുഴക്കനെല്ലിടുന്ന പത്തായത്തിന്റെ പിള്ളമുറി ഒഴിച്ചിടുകയുംചെയ്തു. ഹനുമാന്റെ അവതാരമാണു് മിൽഖാസിംഗ് എന്നു് എല്ലാവരും ഘോഷിച്ചു. സംഗതി പററിയേനേം, ആ മത്സരത്തിൽ ഒന്നാമതായി ജയിച്ച അമ്മേരിക്കയിലെ ഡേവിഡും, രണ്ടാമതായി ഓടിയെത്തിയ ജർമ്മനിയിലെ കോഫ്മാനും, മൂന്നാമതായിവന്ന തെക്കേ ആഫ്രിക്കയിലെ സ്പെൻസും വല്ല വയററിളക്കമോ മററോ ആയി കിടന്നുപോയിരുന്നെങ്കിൽ! കരയൂ മുത്തശ്ശീ, വേണ്ടുവോളം കര.

മുത്തശ്ശി മൂല തടവിക്കൊണ്ടു് കുത്തിയിരുന്നാലോചിക്കുകയാണു്, എന്താണു് തന്റെ മക്കൾ ഇങ്ങിനെ തോററു തൊപ്പിയിട്ടതെന്നു്. എന്തോ മറിമായമുണ്ടു് റോമിലെ ഒളിമ്പിക്സിൽ എന്നാണവരുടെ വിചാരം. ഓട്ടത്തിനു മോശമാണോ യഥാർത്ഥത്തിൽ തന്റെ മക്കൾ. ഇന്ത്യാക്കാരനായ അജിത്സിംഗ് അമ്പതു കിലോമീററർ നടപ്പിൽ പതിനഞ്ചാമനായിപ്പോയി. തന്റെ അടുത്ത മുറിയിൽ ഇരുന്ന അന്തോണിച്ചായനെ നൂറുരൂപാ കള്ളനോട്ടുകേസിൽ പോലീ



ഒളിമ്പിക്സ് മത്സരത്തിൽ ഇൻഡ്യ

സുകാർ അറസ്റ്റുചെയ്യുന്നതുകണ്ട, കോട്ടയത്തുകാരൻ കുര്യാക്കോ, ഒരു മണിക്കൂറും അഞ്ചുമിനിട്ടും മൂന്നേകാൽ സെക്കണ്ടും കൊണ്ടാണു് ഊടുവഴിയെ ഓടി കോട്ടയത്തുനിന്നും മുപ്പത്തഞ്ചുമൈൽ അകലെയുള്ള മൂവാററുപുഴയിലെ പെമ്പിളവീട്ടിലെത്തിയതു്! ഇന്നുവരെ ഓട്ടത്തിനു് ലോകത്തിൽ ആരും അങ്ങിനെയൊരു റിക്കാർഡു സൃഷ്ടിച്ചിട്ടില്ല! പക്ഷെ ആ മിന്നലോട്ടക്കാരൻ കുര്യാക്കോവിനെ ഒളിമ്പിക്മത്സരങ്ങൾക്കയച്ചില്ല. പക്ഷെ ഒന്നുണ്ടു്. അയച്ചാലും കള്ളനോട്ടിനുള്ള അറസ്റ്റുകണ്ടാലേ കുര്യാക്കോവിനു് ആ ഓട്ടംവരു.

അമ്മേരിക്കക്കാരും ആസ്ത്രേലിയാക്കാരുംതമ്മിലായിരുന്നു, മലനും കമിഴ്ന്നും മുക്കിളിയിട്ടും ഉള്ള നീന്തൽമത്സരം. ആ മത്സരങ്ങളിൽ അമ്മേരിക്ക പതിനൊന്നും ആസ്ത്രേലിയാ അഞ്ചും സ്വർണ്ണമെഡൽവീതം നേടി. ആ നീന്തൽമത്സരങ്ങളിൽ ഇൻഡ്യയെ പ്രതിനിധീകരിച്ചതു്, നാലുവാലൻമാക്രികൾ ഒന്നിച്ചു മൂത്രവിസർജ്ജനം നടത്തിയാൽ, അതുമൂലമുണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ കുഞ്ഞുകുട്ടികന്നുകാലികളടക്കം മുങ്ങിച്ചാവുന്ന ഔത്തരാഹന്മാരാണു്. വയലാർ ലഹളക്കാലത്തു് പട്ടാളക്കാരാൽ അനുധാവനംചെയ്യപ്പെട്ട ഒന്നരക്കാലൻ സഖാവു വേലായുധൻ, വയലാറിൽനിന്നു് വേമ്പനാട്ടുകായലിൽ ചാടി മുപ്പത്തിമൂന്നുമിനിട്ടു് പതിനാറേമുക്കാലേഅരയ്ക്കാൽ സെക്കണ്ടുകൊണ്ടു്, കുററാക്കൂററിരുട്ടത്തു് ഫ്റീസ്റ്റൈലിലും അല്ലാതെയും നീന്തി കുമരകത്തു ചെന്നു കയറി. ഇന്നും ഒരമേരിക്കനും അത്ര വേഗത്തിൽ നീന്തിയിട്ടില്ല. ഒരു ഒളിമ്പിക്കുകാരനും ആ സ്പീഡിന്റെ അടുത്തെങ്ങും എത്തിയിട്ടില്ല. പംഗുപാദൻ വേലായുധനെ അയച്ചാൽ നീന്തലിനുള്ള എല്ലാ മെഡലുകളും അയാൾ നേടും. പക്ഷെ ഒന്നുണ്ടു്. പോലീസുകാർ അശ്ളീലംവിളിച്ചുകൊണ്ടു് തോക്കുമായി കുറേദൂരം ഓടിക്കണം. ശരീരത്തിൽ എന്തെങ്കിലും തുണിക്കഷണം ഒട്ടുണ്ടായിരിക്കയുമരുതു്.

കഴിഞ്ഞ കക്കിടകമാസത്തിലെ കറുത്തവാവിൻനാൾ രാത്രിയാണു്. ആ മന്ദിരത്തിൽ താമസിക്കുന്ന ഒരു കോളേജുകുമാരിയുടെ സമ്മതപത്രംവാങ്ങി കാളേജിലെ ആർട്ട്സ്സിക്രട്ടറി സുഖദേവൻനായർ ആ വളപ്പിൽ പ്രവേശിച്ചു. അപ്പോഴാണു് ഒരു അൽസേഷ്യൻപട്ടി കുരച്ചുകൊണ്ടു് പടററുവാഴക്കൂട്ടത്തിനിടയിൽ പതുങ്ങിയിരുന്ന അയാളുടെനേക്കോരു ചാട്ടംചാടിയതു്. മതിലിനു് ഒൻപതടി പൊക്കമുണ്ടു്. കൊട്ടമുടിയിൽ നിരപ്പെ കുപ്പിച്ചില്ലുകൾ നിരത്തിവച്ചിട്ടുമുണ്ടു്. എന്നിട്ടും, പട്ടിയുടെ പിടിയിൽപ്പെട്ടാൽ തന്റെ കച്ചവടം അവസാനിക്കുമെന്നു മനസ്സിലാക്കിയ സുഖദേവൻ പിന്നോട്ടോടി മതിലിന്റെ ചുവട്ടിൽനിന്നു് ഒരു ചെറിയ കുതിപ്പു കുതിച്ചതേയുള്ളു. കൗപീനത്തിന്റെ അഗ്രംപോലും കുപ്പിച്ചില്ലുകളിൽ ഉടക്കാതെ അയാൾ മതിലിനു മുകളിൽക്കൂടി വെളിയിലുള്ള മുടുക്കിൽ വന്നുവീണു. ആ മഹാചാട്ടക്കാരൻ സുഖദേവൻ ജീവിച്ചിരിക്കുമ്പോഴാണു്, ഉയരച്ചാട്ടത്തിനുള്ള സ്വർണ്ണമെഡൽ അന്യരാജ്യക്കാർ കൊണ്ടുപോയതു്. ഏതു് ഒളിമ്പിക്കറിക്കാർഡും സുഖദേവ...നായർ ഭേദിക്കും, പക്ഷെ കടിച്ചുകീറിത്തിന്നുന്ന ഒരു അൽസേഷ്യൻപട്ടി പുറകിൽ വേണം.

ഭാരതത്തിലെ ഭാരോദ്ധ്വാഹനവിദഗ്ദ്ധൻ ദാസിനു് പതിനൊന്നാമത്തെ സ്ഥാനമേ റോമിൽ കിട്ടിയുള്ളു. നാല്പതുകോടി ജനങ്ങളുടെ പ്രതിനിധിയാണു് താൻ എന്നാണു് ദാസ് അഭിമാനിക്കുന്നതു്. മണ്ണാങ്കട്ട! ഈയിടെ, തീയതി ഓർമ്മയില്ല, ആലപ്പുഴ മുല്ലയ്ക്കൽറോഡിലുള്ള ദാമു ജ്യൂവലേഴ്സിൽ ഒരു ഭാര്യയും ഭർത്താവുംകൂടി വരുന്നതു കണ്ടു. ഭാര്യ ഉരുണ്ടും, ഭർത്താവു നടന്നും. ഭാര്യ നിശ്ചയമായും ഒരു എഴുന്നൂറു റാത്തൽ തൂങ്ങും. ഭർത്താവു് ഒരു എൺപതു്, എൺപത്തഞ്ചു റാത്തലും. ആരു പറയും, ആ പെൻസിൽമാർക്കുഭർത്താവിനെ ഒളിമ്പിക്സിനയച്ചാൽ, ഭാരോദ്ധ്വാഹനത്തിനുള്ള സ്വർണ്ണമെഡൽ അയാൾ നേടുകില്ലെന്നു്! പക്ഷെ അങ്ങിനെയുള്ള പിടിയാനകളുടെ മൂഷികസദൃശന്മാരായ ഭർത്താക്കന്മാരെ കണ്ടുപിടിച്ചയയ്ക്കണം. ഭാര്യമാർ പ്രതിഷേധിച്ചേക്കും: വകവയ്ക്കരുതു്.

നമ്മുടെ പെണ്ണുങ്ങൾ കലികേറുമ്പോൾ എന്തെല്ലാം പെറുക്കിയാണു് ഭർത്താക്കന്മാരെ എറിയുന്നതു്. അരകല്ലിന്റെ അമ്മിയെടുത്തു് ഒരേറു് എറിഞ്ഞാൽ, ഭർത്താവിന്റെ ദേഹത്തു തട്ടിയില്ലെങ്കിൽ, അടുത്ത പറമ്പിനും അപ്പുറത്തു പോയി വീഴും. അമ്മിക്കുഴവി കണ്ടില്ലെങ്കിൽ അരകല്ലുകൂടി എടുത്തെറിയും. അത്തരം പെണ്ണുങ്ങളെ കണ്ടുപിടിച്ചു് ഡിസ്ക് എറിയാൻ അയച്ചാൽ, ഭർത്താക്കന്മാരെ വെറും സ്ഫൂൺകൊണ്ടും പ്ളേറുകൊണ്ടും മാത്രം എറിഞ്ഞു ശീലിച്ചിട്ടുള്ള പടിഞ്ഞാറൻപെണ്ണുങ്ങളെ നിഷ്പ്രയാസം തോല്പിക്കാൻ കഴികയില്ലെ. ഡിസ്ക് എറിയുന്നതിനുമുൻപു്, അവളെ ഒന്നു ഞോണ്ടിയിട്ടു് ഓടണം ഭർത്താവു്, എന്നുമാത്രം.

"ഉം! ഇനിയത്തെ ഒളിമ്പിക്മത്സരങ്ങൾ 1964-ൽ ജപ്പാനിലെ ടോക്കിയോവിൽവച്ചു നടക്കും. അന്നെങ്കിലും എന്റെ പിള്ളേരുപോയി മാനംനേടിക്കൊണ്ടു വന്നാൽമതിയായിരുന്നു—" മുത്തശ്ശി കണ്ണുനീരുതുടച്ചുകൊണ്ടു്, മുറുക്കാൻചെല്ലം നീക്കിവച്ചു് കുശാലായി ഒന്നു മുറുക്കി, കുഷ് എന്നൊരു തുപ്പുതുപ്പി.

—o—


**രാധാകൃഷ്ണാ സ്വർണ്ണാഭരണ ഇൻസ്റ്റാൾമെൻറ് പദ്ധതി No. 2.**

**ആദ്യനറുക്കെടുപ്പു് 1960 സെപ്തംബർ 3-നു് നടന്നു.**

455-ാംനമ്പർ ശ്രീ. മാക്കോത ഗംഗാധരൻ, പുറംതറ, മറവന്തുരുത്തു് P. O., മണകുന്നം വിജയിയായിരിക്കുന്നു എന്നുള്ള വിവരം സസന്തോഷം അറിയിച്ചുകൊള്ളുന്നു.

**അടുത്ത നറുക്കെടുപ്പു് 1960 ഒക്ടോബർ 10-ാംനു (25—2—1136) കൃത്യസമയത്തുതന്നെ നടത്തുന്നതാണു്.**

പ്രൊപ്രൈറററ്: **കെ. വി. തങ്കപ്പൻ, രാധാകൃഷ്ണാ ജ്യൂവലേഴ്സ്, P. O. ചേർത്തല.**

# സീപീവാക്യം

## [സങ്കരമന്ത്രിമുഖ്യനു് മുൻ തിരുവിതാംകൂർ ദിവാനായിരുന്ന സർ സീ. പി. ഉപദേശിച്ച വിശിഷ്ടസന്ദേശം!]

[വാണക്കുററി]

വാട്ടീസ് ദിസ് ദി രാഷ്ട്രീയഃ
വാട്ടീസ് കേരള മന്ത്രിഭിഃ
ഈസ് ദിസ് ഭരണം? നോ, നോ,
യൂസ്‌ലസ്!! ശ്രൂയമേ ഗിരം!

സാരം— കൊള്ളാം! ഇതെന്തുവാ താണുപിള്ളേ! കേരളം ഒന്നിച്ചു ഭരിക്കുന്നെന്നു കേട്ടു. ഇതാണോ ഭരണം? ഇതാണോ രാഷ്ട്രീയം? വളരെ മോശം! ഭരിക്കാനറിഞ്ഞുകൂടെങ്കിൽ പോയി മരിക്കൂ. ഒരു മണിക്കൂർ സമയത്തേക്കു് എന്നെ ഒന്നു ഭരിക്കാൻ സമ്മതിക്കൂ ഞാൻ കാണിച്ചുതരാം. ഹും! നിങ്ങളുടെ ജനാധിപത്യവും മണ്ണാങ്കട്ടയും!

നഹി 'ഡമ്പിടി' നേതൃസ്യഃ
'സപാലങ്കിടി' സങ്കരഃ
ഹൗ മച്ച് മണി! ഓ! മൈ ഗോഡ്!
അയാം അഫ്രൈഡ് ദി ഫൂളിസാൻ

സാരം— നല്ല ജനാധിപത്യഭരണം! ഞാൻ ചോദിക്കട്ടെ; യോഗ്യന്മാർ പതിനൊന്നെണ്ണം ഭരിക്കാൻകേറീട്ടുണ്ടു്. ഒററ ഒരുത്തന്റെ കയ്യിലെങ്കിലും ഒരു പത്തു കാശു തികച്ചെടുക്കാനുണ്ടോ? ഞാൻ ഇവിടെ ഭരിച്ചുകൊണ്ടിരുന്ന സംഗതി നിങ്ങൾക്കറിയാമോ! ഓ, താനന്നു് പൂജപ്പുരയിലായിരുന്നല്ലോ! ഇന്നു കാശിനുവേണ്ടി നിങ്ങൾ കടപ്പത്രമെന്നുംപറഞ്ഞു് പിച്ചച്ചട്ടിയുംകൊണ്ടു നടന്നതെണ്ടുകല്ല്യോ! അന്നു് ഞാനൊന്നു തുമ്മിയാൽ മതി. എത്രകോടി രൂപായാണു കാൽച്ചുവട്ടിൽ കുമിഞ്ഞുകൂടുന്നതെന്നറിയാമോ! നിങ്ങൾക്കു വലിയ പിടിപ്പില്ല താണുപിള്ളേ, പിടിപ്പില്ല. പിന്നെയും ആ പങ്കരനറിയാം!

വൺ ഓഫ് ദി ഗുഡ്, ത്വം ഡൂയിങ്ങ്
പാരഡിം നിർഗ്ഗുണോന്യഥാ
തകർപ്പസ്യ മഹാ ബാങ്കിംഗ്
അപ്രീഷ്യേററിംഗ് യഥാ തഥാ

സാരം— നിങ്ങൾ ചെയ്തിട്ടുള്ളതെല്ലാം അബദ്ധങ്ങളാണു്. ഇതിനിടയിൽ എന്നെ ഒന്നനുകരിച്ചതുമാത്രമെ നന്നായിട്ടുള്ളു. അതായതു് ഒരു ബാങ്കു തകർത്തുകളഞ്ഞതുമാത്രമുണ്ടു് ഒരു നേട്ടമെന്നു പറയാൻ. അതിൽ ഞാൻ നിങ്ങളെ അഭിനന്ദിക്കുകയും ചെയ്യുന്നു.

(ഇത്രയുമായപ്പോൾ പട്ടം സ്വാമിയുടെ പാദംതൊട്ടു നമസ്കരിക്കാൻ തുടങ്ങി. എന്നിട്ടു് കണ്ണീരോടുകൂടി കരഞ്ഞുപറഞ്ഞു)

"ക്ഷമസ്യ സ്വാമിം സന്തുഷ്ടാൻ!
മമ സർവ്വാപരാധിനം!
കിമുക്ഷേമപ്രകരശ്ചഃ
ഭരണം കരണീയതേ?"

സീരം— അല്ലയോ ദീനദയാവാരിധിയായ സ്വാമീ! അടിയന്റെ അപരാധങ്ങൾ അവിടുന്നു ക്ഷമിക്കണം. സ്വാമി ഇവിടെനിന്നു പോയതിൽപിന്നെ ഞാൻ ഇവിടെ മൂന്നു പ്രാവശ്യം മുഖ്യമന്ത്രിയായി ഭരിച്ചു. എന്തുകൊണ്ടെന്നറിവില്ല; എന്റെ ഭരണം അങ്ങോട്ടേൽക്കുന്നില്ല. ഈ പ്രാവശ്യമെങ്കിലും സ്വൽപ്പം "ഫല"മായി ഭരിച്ചാൽക്കൊള്ളാമെന്നുണ്ടു്. ദയവുചെയ്തു് അതിനുള്ള വഴി അവിടുന്നു് ഉപദേശിച്ചുതരണം. പിന്നെ മറെറാരു ഗ്രഹപ്പിഴകൂടി ഒഴിച്ചുതരണം. വേറൊന്നുമല്ല. ഞാൻ മുഖ്യമന്ത്രിയായിരിക്കുന്നു. എന്റെ ഒപ്പത്തിനു് പങ്കരൻ സഹമുഖ്യനെന്നുംപറഞ്ഞു കൂടിയിരിക്കയാണു്. അങ്ങേയ്ക്കറിയാമല്ലോ, എനിക്കതിഷ്ടമില്ല. ഞാൻ വളരെ പേടിച്ചാണിവിടെ ജീവിക്കുന്നതു്. വല്ല സ്ഥലത്തും പോകേണ്ടിവരുന്ന സന്ദർഭത്തിൽ (അധികം പോകാറില്ല) എന്റെ കസേ



രയെടുത്തു് ഞാൻ തട്ടിൻപുറത്തുകയററി ഒളിച്ചുവച്ചിട്ടാണു പോകുന്നതു്. ഞാൻ തിരിച്ചുവരുമ്പോൾ അവൻ അതിൽ കയറി ഇരുന്നാൽ ഞാനെന്തുചെയ്യും? ഈ മൂന്നാംപ്രാശ്യത്തെ എൻെറ കാലൻ അവനാണെന്നാണു തോന്നുന്നതു്.

കിം മുഖ്യോ കിമുസ്സഹഃ
നശ്വരം പ്രിയനേഖിലം
ഗുട്ടൻസ്യ ഭരണാൽ ശ്രേഷ്ഠഃ
വെട്ടസ്യാഭി ഗമഞ്ചമേ

സാരം— എന്തുമുഖ്യൻ? എന്തു സഹമുഖ്യൻ! എന്തൊരു മന്ത്രിത്വം! എല്ലാം മായയല്ല്യോ താണുപിള്ളേ! നിങ്ങൾക്കറിയാമല്ലോ! ഏററവും മഹത്തരമായ ഭരണം നടത്തിയവനാണു ഞാൻ. എന്നിട്ടെന്തായി? പട്ടുകൊണ്ടു കോട്ടകെട്ടിയ ഞാൻ വെട്ടുകൊണ്ടു് നാടുവിട്ടില്ലേ! എങ്കിലും നിങ്ങളുടെ ആഗ്രഹമല്ലേ; എനിക്കറിയാവുന്നതു ഞാൻ പറയാം.

ആവഹോ നേതൃഭിഃ ക്ഷിപ്ര
സ്യാണിർഘടിത് പൃശ്ചതേ
നഭരഃ നഭയോ ശേഷ
സ്സുഖം ഭരണ മുത്തുതേ

സാരം— സമുദായത്തിലെ ആണിയായിട്ടുള്ളവന്മാരെ ആദ്യം വശത്തിൽ പിടിക്കണം. എന്നിട്ടു് ആ സമുദായത്തിനു ഗുണംചെയ്യാമെന്നുപറഞ്ഞു് വല്ലതും എറിഞ്ഞുകൊടുത്തേക്കണം. അങ്ങനെയുള്ള നല്ല നാലാണി ശേഖരിച്ചു് രാഷ്ട്രത്തിൻെറ നാലുമൂലക്കും അടിച്ചു താഴ്ത്തിയേക്കുക. അത്രമാത്രം. സകലതും ജയിച്ചു. മന്നത്തെ ഞാൻ എന്തുചെയ്തു പറയൂ! നിങ്ങൾ ബുദ്ധിയുള്ളയാളായതുകൊണ്ടു് ശേഷം ഞാൻ വ്യക്തമാക്കുന്നില്ല. ഊഹിച്ചുകൊള്ളു.

ധനഃശ്ശങ്കര; ചാക്കോശ്ചഃ
വശഃസ്സുകുമാരകഃ
പ്രതാപസ്മാൻ പിട്ടങ്ങസ്യഃ
പനമ്പള്ളിം പാതേഹിതേ

സാരം— ഞാൻ ഒരുതരം പുതിയ പഞ്ചശീലം ഉപദേശിക്കാം; അഞ്ചുകൂട്ടം കാര്യങ്ങൾ അഞ്ചുപേരെ കണ്ടു പഠിക്കണം. കാശുണ്ടാക്കാനുള്ള അടവും, തണ്ടും ശങ്കറിനെയും ചാക്കോച്ചനേയും കണ്ടു പഠിക്കണം. വശത്തിനു നിൽക്കാൻ സുകുമാരനോടു പഠിക്കുക. ഇപ്പോൾതന്നെ ഞാനിവിടെ വന്നപ്പോൾ സുകുമാരൻ എന്നേക്കൊണ്ടും അവരുടെ റോട്ടറിപ്രസ്സ് ഉൽഘാടിപ്പിച്ച സംഗതി അറിയരുതോ! ഇതിനകം നാലോ അഞ്ചോ ഉൽഘാടനങ്ങൾ ആ പ്രസ്സിനു കഴിഞ്ഞിട്ടുണ്ടു്. ഇനി വേറെ വല്ല ആമ്പിള്ളേരും ഇവിടെ വന്നാൽ അവരേക്കൊണ്ടും ഈ ചടങ്ങുതന്നെ അയാൾ നടത്തിക്കും, അതൊക്കെയാണു് "വശ"മെന്നു പറയുന്നതു്. പിന്നെ; പ്രതാപം എന്നോടുതന്നെ പഠിക്കാതെ നിവൃത്തിയില്ല. ധനം അടവേ തട്ടണമെങ്കിൽ നേരെ പനമ്പള്ളിയുടെ അടുക്കലേക്കും പോകണം.

അഥവിദ്യസ്യതോ ശങ്കർ
സഹമുഖ്യ വിജൃംഭിതേ
നഫലസ്യ നിർന്നാണഃ
തെററുകുററസ്യ കുത്രചിൽ

സാരം— ഇനി അവസാനമായി "ശങ്കർബാധ" ഒഴിക്കാനുള്ളവിധംകൂടി പറയാം. വാസ്തവം പറഞ്ഞാൽ അയാളൊരു "വെള്ളത്തിലട്ട"യാണു്. ഒരററംവിട്ടാൽ മറേറ അററംകൊണ്ടു് അള്ളിപ്പിടിക്കും. അതിനൊരു മാർഗ്ഗമുണ്ടു്, കുറാപ്പെട്ടത്തൽ എന്ന ചുണ്ണാമ്പുവെള്ളം അവിശ്രമം ധാരകോരുക! പക്ഷെ ഒന്നോ ഒരായിരമോ പ്രാവശ്യംകൊണ്ടായില്ല. അതു ലജ്ജയുള്ളവർക്കേ പററു, കുറഞ്ഞതു് ഒരു ദിവസം ലക്ഷംപ്രാവശ്യമെങ്കിലും ചെയ്യണം. അഥവാ അതിനു നിങ്ങൾക്കു നിവൃത്തിയില്ലെങ്കിൽ അയാളേപ്പോലെ നിങ്ങളും നാണംകെട്ടവനായിത്തീരണം. ഈ മൂന്നാംപ്രാവശ്യത്തെ മുഖ്യമന്ത്രിത്വത്തിലേക്കുള്ള നുഴഞ്ഞുകയററംകൊണ്ടു് നിങ്ങളും ഏതാണ്ടു് അങ്ങനെയായിത്തീർന്നിട്ടുണ്ടു്, അത്രയധികം നീട്ടുന്നില്ല. എനിക്കു് ഇവിടെയുള്ള താമസം വളരെ പരിമിതമാണു്. ബാക്കിവല്ലതും അറിയാനുണ്ടെങ്കിൽ എഴുതിയയച്ചേക്കു! അറിയിച്ചുതരാം. എന്നാൽ നിർത്തട്ടെ! ഗുഡ്ബൈ!

....0....


ലൈൻ, ഹാഫ്ടോൺ, കളർബ്ലോക്കുകൾ, സിനിമാസ്ലൈഡുകൾ,
റബ്ബർ സ്റ്റാമ്പുകൾ മുതലായവയ്ക്കു് ഞങ്ങളെ സമീപിക്കുക

# അശോക് പ്രോസ്സസ്സ് സ്ററുഡിയോ

## എം. സി. റോഡ് :: കോട്ടയം.

കേരളാ സ്റ്റോറു്.

# വാളെടുത്തവൻ മാലയിടുന്നു!

## കററച്ചക്കോണത്തു നടന്ന ഒരു രഹസ്യ സംഭവം

പതിമ്മൂന്നുവർഷത്തിനുശേഷം കേരളം സന്ദർശിക്കുന്ന സി. പി-യ്ക്കു് അത്യന്തം അപ്രതീക്ഷിതവും അത്യാനന്ദകരവുമായ സ്വാഗതമാണു ലഭിച്ചതു്. പണ്ടത്തെ കൊടുംവൈരികൾ പൂമാലകളും വിരുന്നുസൽക്കാരവുമായി അദ്ദേഹത്തെ സ്വീകരിച്ചു. സഹിക്കാനും ക്ഷമിക്കാനും മാത്രമല്ല മറക്കാനുംകൂടി മലയാളികളെ ജയിക്കാൻ ഒരുകൂട്ടരും ഉണ്ടായിരിക്കയില്ല. ഒരു ചെകിടിനടിച്ചാൽ മറേറ ചെകിടുകൂടെ കാണിച്ചുകൊടുക്കണമെന്നുള്ളതു് ക്രിസ്തു പറയുന്നതിനുമുമ്പേ മലയാളികൾ അനുവർത്തിച്ചുവന്നിരുന്നതുമാണു്.

കനകക്കുന്നുകൊട്ടാരത്തിൽ വച്ചു് സി. പി. രാമസ്വാമിഅയ്യർക്കു് അദ്ദേഹത്തിന്റെ മുൻശത്രുക്കളിൽ അഗ്രഗണ്യനും അദ്ദേഹത്തിനാൽ അനേകവർഷം തടവിലാക്കപ്പെട്ടവനുമായ പട്ടംതാണുപിള്ള അവർകൾ വിരുന്നു നൽകിയപ്പോൾ വിരുന്നിലെങ്ങും പങ്കുകൊള്ളാതെയും എന്നാൽ പങ്കുകൊണ്ടാൽക്കൊള്ളാമെന്നുള്ള ആഗ്രഹത്തോടുകൂടിയും ഒരാൾ പരിസരത്തിൽ തങ്ങിനിന്നിരുന്നു. പോലീസുകാർ അയാളെ കണ്ടില്ലെങ്കിലും സീ. പി. അയാളെകണ്ടു. 47-ൽ സംഗീതഅക്കാഡമിയിൽനിന്നും സുഖകരമായ സംഗീതവുംകേട്ടു് പുറത്തിറങ്ങിയപ്പോഴുണ്ടായ മുറിവു് കരിഞ്ഞെങ്കിലും അതിന്റെ നോവ ദേഹത്തിനു് മാറിയിരുന്നില്ല. അതുകൊണ്ടു് നിഴലിൽ പരുങ്ങിനിൽക്കുന്ന രൂപം അദ്ദേഹം കണ്ടു, കുശലംപറഞ്ഞു സ്വീകരിച്ചുകൊണ്ടിരുന്ന പട്ടത്തിന്റെ ചെവിയിൽ ആ രൂപത്തിന്റെ കാര്യം അദ്ദേഹം മന്ത്രിച്ചു. ശ്രീ. പട്ടം ഉടൻതന്നെ പിന്നോട്ടുതിരിഞ്ഞു് ഐ. ജി-ക്കു് നിർദ്ദേശംകൊടുത്തു. നിഴലത്തു തങ്ങിനിന്ന രൂപം തൽക്ഷണം മറഞ്ഞു.

അടുത്തദിവസം മഹാത്മഗാന്ധി കോളേജിൽ സി. പി-യ്ക്കുവേണ്ടി ശ്രീ. മന്നം നടത്തുന്ന വിരുന്നിൽ സംബന്ധിക്കുന്നതിനു് സീ. പി-യ്ക്കു പേടിതോന്നി. നിഴലത്തുനിൽക്കുന്ന രൂപം അവിടെയും ചെന്നെങ്കിലോ—? ആ രൂപത്തിന്റെ കയ്യിൽ എന്തോ ഉണ്ടെന്നും തോന്നി. വടിവാളോ കോടാലിയോ എന്താണെന്നു വ്യക്തമായില്ലെന്നുമാത്രം. എങ്കിലും പേടി പുറത്തുപറയുന്നതു ശരിയല്ലല്ലോ. അദ്ദേഹം യഥാസമയം എം. ജി-കോളേജിൽ എത്തി. ഗാർഡൻപാർട്ടിയിൽ സംബന്ധിച്ചു കുശലംപറഞ്ഞു കൊണ്ടു് സ്വാദേറിയ വിഭവങ്ങൾ ആസ്വദിക്കുന്നതിനിടയിലും അദ്ദേഹം ഉൽക്കണ്ഠയോടുകൂടി ഇടംവലം നോക്കുന്നുണ്ടായിരുന്നു. നിഴലത്തെങ്ങാനും രൂപങ്ങൾ നിൽക്കുന്നുണ്ടോ എന്നു്. ഭാഗ്യവശാൽ ഒരു സൂചനയും കണ്ടില്ല. സാമാന്യം ആശ്വാസത്തോടുകൂടി പാർട്ടി കഴിഞ്ഞു. മന്നം സി. പി-യെപ്പററിയും സി. പി. മന്നത്തിനെപ്പററിയും സ്തുതിച്ചു പ്രസംഗിച്ചു. തുടർന്നു് അഞ്ഞൂറോളം പൂമാലയും എഴുനൂറോളം ബൊക്കേയും അദ്ദേഹത്തിനു കിട്ടി. സൽക്കാരമെല്ലാംകഴിഞ്ഞു് രാത്രി ഒട്ടധികം ഇരുട്ടിയപ്പോൾ സീ. പി. കാറിൽ കയറി സർക്കാർവക അതിഥിമന്ദിരത്തിലേക്കു പുറപ്പെട്ടു. കററച്ചക്കോണം കവലയിൽ എത്തിയപ്പോൾ കാറിന്റെ മുമ്പിൽ ഒരാൾ പ്രത്യക്ഷനായി. കൈയിൽ വലിയ പൂമാലയുമുണ്ടു്. എം. ജി. കോളേജിലെ സ്വീകരണത്തിനു വന്നുപേരാൻ എന്തോ കാരണത്താൽ അമാന്തിച്ചുപോയ ഒരുത്തൻ പൂമാലയെങ്കിലും സ്വാമിക്കു കൊടുക്കാനായി ബദ്ധപ്പെടുകയാണെന്നു സ്വാമിക്കും ഡ്രൈവർക്കും അകമ്പടിക്കാർക്കും തോന്നി. കാർനിർത്തി. മാലക്കാരൻ നേരേ അടുത്തുചെന്നു് സ്വാമിയുടെ കഴുത്തിൽ മാലയിട്ടിട്ടു് ഒന്നും മിണ്ടാതെ തിരിഞ്ഞുനടന്നു. സ്വാമി കൈകൊട്ടി വിളിച്ചു. അയാൾ തിരികെച്ചെന്നു.

സ്വാമി— നിങ്ങളാരു്? എനിക്കു പരിചയമില്ലല്ലോ.

ആൾ— അതൊക്കെ എന്തിനു പറയണം? സ്വാമിയുടെ കഴുത്തിൽ ഒരു മാലയിടാൻവേണ്ടി ഇന്നലെമുതൽ ഞാൻ നടക്കുകയാണു്.

സ്വാമി— ഞാൻ നിങ്ങൾക്കൊരു ഉപകാരവും ചെയ്തതായി ഓർക്കുന്നില്ലല്ലോ.

ആൾ— സ്വാമി എനിക്കൊന്നും ചെയ്തിട്ടില്ല. പക്ഷേ ഞാൻ സ്വാമിയോടു ചിലതെല്ലാം ചെയ്തിട്ടുണ്ടു്.

സ്വാമി— എന്നാലും ഞാനോർക്കണമല്ലോ?

ആൾ— ഓർക്കണമെന്നില്ല. ഞാൻ ചെയ്തതു് മററു കാര്യങ്ങളെല്ലാം മറക്കത്തക്ക ചിലതായിരുന്നു.

സ്വാമി— മനസ്സിലാകുന്നില്ല.

ആൾ— സ്വാമിക്കു് ഒരു വെട്ടുകൊണ്ടകാര്യം ഓക്കുന്നോ? ഞാനാ വെട്ടിയതു്!

സ്വാമി— നിങ്ങളോ? എന്നിട്ടിപ്പോൾ മാലയിടുന്നതു്?

ആൾ— സ്വാമി ഒരു മനുഷ്യദ്രോഹിയാണെന്നും കിരാതരാക്ഷസ്സനാണെ



# ഗൗരിഅമ്മയുടെ കുഞ്ഞ്

## അതിന്റെ കണ്ണുംമൂക്കും അക്രമികൾ നശിപ്പിച്ചതിൽ തള്ളയുടെ പരിഭ്രാന്തി

നിയമസഭയിൽ സംബന്ധിച്ചുകൊണ്ടു് തിരുവനന്തപുരത്തു പാർത്തിരുന്ന സഖാവു് കെ. ആർ. ഗൗരി സെപ്തംബർ 21-ാംതീയതി ശനിയാഴ്ച രാത്രി ഒരു പ്ളഷർകാറിൽ നേരെ ആലപ്പുഴയെത്തി നെഞ്ചത്തടിച്ചു നിലവിളിച്ചുകൊണ്ടു് ടി. വി. യുടെ മുറിക്കകത്തേക്കു് ഓടിക്കയറി. ടി. വി. വല്ലാതെ പരിഭ്രമിച്ചുപോയി. സങ്കരന്മാർ വല്ല കൈയേററവും നടത്തിയതാണോ എന്നായിരുന്നു ആദ്യത്തെ സംശയം.

ടി. വി– എന്താ എന്തുപററി? വേഗം പറയൂ.

ഗൗരി– ഞാനെങ്ങനെ സഹിക്കും? എന്റെ ചങ്കുപൊട്ടുന്നു.

ടി. വി– ചങ്കിനാരെങ്കിലും ദണ്ഡമേല്പിച്ചോ?

ഗൗരി– അമ്മേ അമ്മേന്നു വിളിച്ചോണ്ടു് അതുകിടന്നു പിടക്കുന്നതുകാണാനെനിക്കുവയ്യാ.

ടി. വി– ഏതുപിടക്കുന്നതാ?

ഗൗരി– എന്റെ കുഞ്ഞു്! ആ കാലന്മാർ അതിന്റെ കണ്ണുംമൂക്കുമെല്ലാം ചെത്തിയെടുത്തു.

ടി. വി– ഞാനറിയാതെ നിങ്ങൾ പെറേറാ?

ഗൗരി– നിങ്ങളറിയാതാണോ? നിങ്ങളുംകൂടെ അടുത്തിരിക്കുമ്പോഴല്ലിയോ ഞാനതിനെ പെററതു്?

ടി. വി– ഞാനോർക്കുന്നില്ലാ–നിങ്ങൾക്കു ഭ്രാന്താ

ഗൗരി– ഓർക്കുന്നില്ലിയോ? എന്തുപാടുപെട്ടാ ആ പേററുനടന്നതു്. കുറെ സാവകാശത്തിലാവട്ടെന്നു പറഞ്ഞിട്ടു് നിങ്ങളെല്ലാംകൂടി ധൃതിപിടിപ്പിച്ചു ഞെക്കിഞെക്കി പെറീച്ചതാ! എന്നിട്ടിപ്പോൾ അറിഞ്ഞില്ലപോലും. അന്നേ അതിനെ മാമോദീസായ്ക്കുകേം ചെയ്തു.

ടി. വി– തലയ്ക്കു വല്ല തളമോമറേറാ വച്ചിട്ടു് ഒന്നു കുളിക്കു. ഈ വിഭ്രാന്തി മാറും. കുഞ്ഞുങ്ങളുണ്ടാവണമെന്നു കൊതിക്കുന്ന പെണ്ണുങ്ങൾക്കു ചിലപ്പോൾ ഇങ്ങനെ പേക്കിനാവു തോന്നുമെന്നു ഞാൻ കേട്ടിട്ടുണ്ടു്.

ഗൗരി– പേക്കിനാവൊന്നുമല്ല. ഞാൻ നേരാപറഞ്ഞതു്. മാമോദീസായ്ക്കു കൊണ്ടുപോയ എന്റെ കുഞ്ഞിന്റെ കണ്ണുപോലും ചൂഴ്ന്നിട്ടാ തിരിച്ചുവന്നിരിക്കുന്നതു്. അതുംകണ്ടോണ്ടു് തിരുവനന്തപുരത്തിരിക്കാൻ വയ്യാഞ്ഞിട്ടു് ഇങ്ങുപോന്നതാ. നിങ്ങളെന്താ ഇങ്ങനെ വായുംപൊളിച്ചിരിക്കുതു്? കുഞ്ഞു നിങ്ങടേംകൂടാ.

ടി. വി– പെററതു നിങ്ങളാണെങ്കിൽ എന്റേംകൂടാണെന്നേ പറയാനൊക്കൂ. പക്ഷേ നിങ്ങൾ പെററകാര്യം ഞാനിപ്പോഴാ അറിഞ്ഞതു്.

ഗൗരി– പിന്നേം പിന്നേം ഇങ്ങനെ പറഞ്ഞോണ്ടാൽ എന്തുചെയ്യും? വിമോചനകാലത്തു നടന്ന നിയമസഭയിൽവച്ചു് ഞാൻ പെററതു് ഓക്കുന്നോ? കാർഷികബന്ധബില്ലെന്നു പേരിട്ട പൊന്നോമനക്കുഞ്ഞിനെ—?

ടി. വി– ഓ അതിന്റെ കാര്യമാണോ?ഞാൻ വല്ലാതെയങ്ങു പരിഭ്രമിച്ചുപോയല്ലോ! എന്നിട്ടതിനെന്തുപററി. സങ്കരന്മാർ തിരുത്തി അവതരിപ്പിച്ചോ?

ഗൗരി– തിരുത്തെന്നാ അവർ പറേന്നതു്. പക്ഷേ തിരുത്തുകേമൊന്നുമല്ല ചെയ്തിരിക്കുന്നതു്. അതിന്റെ കണ്ണായ വകുപ്പെല്ലാം മാററി. കണ്ടാൽ ഞാൻ പെററ ബില്ലാണെന്നുപോലും തോന്നുകില്ല.

ടി. വി– ഏതായാലും സഭയിലിരുന്നു കഴിയുന്നതു വാദിച്ചുനോക്കാതെ ഇങ്ങു പോന്നതു ശരിയായില്ല.

ഗൗരി– ഞാൻ പറഞ്ഞില്ലിയോ? എനിക്കതിനെ കാണാൻ വയ്യാഞ്ഞിട്ടു പോന്നതാണെന്നു്. പെററതള്ളയ്ക്കേ അറിയാവൂ കൊച്ചിന്റെ കണ്ണും മൂക്കും ചെത്തിയെടുക്കുന്നതു കണ്ടാലുള്ള വിഷമം.

ടി. വി– ഇവിടെക്കിടന്നു നിലവിളിച്ചാൽ അതിനു കണ്ണും മൂക്കും വരുമോ? നമുക്കെന്നെങ്കിലും ഭരണംകിട്ടുമ്പോൾ പോയതെല്ലാംചേർത്തു ഭേദഗതിചെയ്യാം.

ഗൗരി– എന്നാലെന്താ മെച്ചം? മാമോദീസായ്ക്കു ഡൽഹിക്കയയ്ക്കുമ്പം അവിടുള്ളവർ വീണ്ടും അക്രമം കാണിക്കും.

ടി. വി– അവിടവുംകൂടി കിട്ടുമ്പോൾ മതിയെന്നുവിചാരിച്ചു ക്ഷമിക്കണം.

ഗൗരി– അതെന്നാ? ഈയിടെയെങ്ങും ഒക്കുന്നമട്ടില്ലല്ലൊ. നിങ്ങളുംകൂടൊന്നിറങ്ങി നമ്മുടെ കക്ഷിക്കാരെ വിളിച്ചുകൂട്ടി ഈ അക്രമത്തിന്റെ കഥ വിവരിച്ചാൽ ജനങ്ങളിളകി സങ്കരന്മാരെക്കൊണ്ടു വേണ്ടതു ചെയ്യിക്കും.

ടി. വി– അതിനു് എ. കെ. ജി–യും, എം. എൻ–നും ഒക്കെയുണ്ടല്ലോ. ഞാനുംകൂടെ ഇടയ്ക്കിടെ ഇറങ്ങാം. നിങ്ങൾ തിരികെ തിരുവനന്തപുരത്തേക്കുതന്നെചെന്നു ഭേദഗതികളെ കഴിയുന്നത്ര എതിർക്കണം. കൊച്ചിനെ അക്രമികൾ ഉപദ്രവിക്കുമ്പോൾ തള്ള ഓടിക്കളയുകയാണോ വേണ്ടതു്?

ഗൗരി– ഞാൻ പോവാം. നിങ്ങളെന്നുവരും. തിങ്കളാഴ്ചയെങ്കിലും കുറെ ആൾക്കാരുമായി വരണം. നിയമസഭയുടെ പുറമേ ഒരു പ്രകടനം വേണം. ഞങ്ങൾ അകത്തിരുന്നും നിങ്ങൾ പുറത്തുനിന്നും നിലവിളിച്ചാൽ വല്ലതും ഫലമുണ്ടായേക്കും.

ടി. വി– തിങ്കളാഴ്ച എത്തിക്കൊള്ളാം. ഇപ്പോൾ ഒന്നുറങ്ങട്ടെ.

ഗൗരി വീണ്ടും കാറിൽ കയറി തിരുവനന്തപുരത്തേക്കു പോയി. മുറിഞ്ഞുപോയ ഉറക്കം തുടരാനായി ടി. വി. വീണ്ടും കിടക്കയിലേക്കു വീഴുകയുംചെയ്തു.

—o—

ന്നും സ്വാമിയെ എങ്ങനെയെങ്കിലും വകവരുത്തിയാൽ മോക്ഷംകിട്ടുമെന്നും പട്ടംതാണുപിള്ളയുടേയും മന്നത്തിന്റേയും കക്ഷിക്കാർ എന്നെ ധരിപ്പിച്ചു. നേരാണെന്നു ഞാൻ വിശ്വസിച്ചുപോയി. അവർ ഏർപ്പാടുചെയ്തതുപോലെ ചെയ്യുകയും ചെയ്തു. അല്ലൂട്ടർതന്നെ സ്വാമിയെ പൂജിക്കുന്നതു കണ്ടപ്പോഴാണു് എനിക്കു് എന്റെ തെററിനെപ്പററി ബോധംവന്നതു്. വെട്ടിയതിനു പ്രായശ്ചിത്തമായി ഒരു പൂമാലയെങ്കിലും തരണമെന്നു് തീരുമാനിച്ചു. ഇത്രയുമാണു് കഥ. ഇനി ഞാൻ പോകട്ടെ. ഇവിടെ നിന്നാൽ പോലീസുകാർ പിടിക്കും.

[മാലയിട്ട ആൾ ഇരുട്ടിലേക്കു മറഞ്ഞു. വീ. പി. ആ മാല പ്രത്യേകം താലോലിച്ചുകൊണ്ടു് യാത്രതുടർന്നു.]

—o—


"ശ്രീരംഗഭവൻ"

കാഫി & മീൽസ്

ആററിങ്ങൽ.

കച്ചേരിജംഗ്ഷനിൽ പുതുതായി തുറന്നിട്ടുള്ള ബ്രാഹ്മിൻസ് ഹോട്ടൽ സന്ദർശിക്കുക. യാത്രക്കാർക്കും മററും സൗകര്യപ്രദം.

Prop: K. V. UNNI.

# മന്ത്രിമന്ദിരത്തിൽ

[സ്കൂൾ ഇടിഞ്ഞുവീണു് അപകടംപററിയ കുട്ടികളുടെ രക്ഷകർത്താക്കളും നാട്ടുകാരുംകൂടി വിദ്യാഭ്യാസ മന്ത്രിമന്ദിരത്തിലേക്കു് പാഞ്ഞുകയറി—മന്ത്രി വിറച്ചുപോയി]

—തുള്ളൽ—

കിഞ്ചന മന്ത്രിപ്രവരൻ മുമ്പിൽ
നെഞ്ചിലടിച്ചു കരഞ്ഞൊരു നാരി

വായിൽത്തോന്നിയതൊക്കെയുരയ്ക്കുക
യായി"യിതുപോലൊരു നാടേതുണ്ടു്?
പണമില്ലെങ്കിൽ പള്ളിക്കൂടം
പണിയേണ്ടതിനില്ലാർക്കുംഖേദം!

ലാഭംനോക്കി ടെണ്ടർവിളിക്കും
കേമന്മാരവയേററുപിടിക്കും
മണ്ണുകുഴച്ചൊരു പന്തലുകെട്ടി-
ട്ടെണ്ണിക്കാശഥ കീശയിലാക്കും

അഞ്ചും മൂന്നും പത്തെന്നൊന്നുമൊ
രെഞ്ചിനീയറുവീരനതെല്ലാം
ഒന്നാംതരമായെന്നൊന്നെഴുതാൻ
വന്നാലഞ്ചോ പത്തോ മതിപോൽ

ചാരംകൊണ്ടു പൊതിഞ്ഞൊരു തീക്കന
ലാണീസ്കൂളെന്നാരറിയുന്നു!
പാവം കുട്ടികഠം തന്നുടെ ജീവിത
ഭാവികൊതിക്കും തന്തേം തള്ളേം

തെല്ലും വഞ്ചനയറിയാതെ'യര-
ക്കില്ലു'മതാമീ സ്കൂളിൽ തങ്ങടെ
ഓമനമക്കളെ യാത്രയയക്കും
കേമന്മാരായ് വരുമെന്നോർക്കും

കേഠംക്കാമൊരുദിനമാവിദ്യാലയ
മോർക്കാതുടനടി വീണെന്നൊരുകഥ

ജനവർദ്ധനവുകുറയ്ക്കാനുള്ളൊരു
പണിയാണിച്ചതിയെന്നും കേഠംപ്പൂ

ഇതിനോ സമരംചെയ്തു വരുത്തീ
വിരുതന്മാരേ നിങ്ങളെ ഞങ്ങഠം!"
ഉടനടി മറെറാരു മാന്യനുരച്ചു
"ഗതികേടായീ നിങ്ങളുമൂലം

ബില്ലുംവേണ്ടാ പുല്ലുംവേണ്ടാ
കുഞ്ഞുങ്ങളുടെ ജീവൻപോരും
വെറുതെ നിങ്ങളു തമ്മിത്തല്ലി
ത്തലകീറേണ്ട മുടിഞ്ഞു സർവ്വം

ചുവരെന്ന്യേ പടമെങ്ങനെയുണ്ടാം?
ചുവടറിയാതെ നടക്കാനാമോ?
ചെല്ലക്കുഞ്ഞു നശിക്കുകിലെന്തിനു
ബില്ലുകഠം നിങ്ങടെ പാട്ടിനുപോകിൻ

ഭാവിനശിച്ചാലില്ലൊരുഖേദം
കാവിയുടുത്തഥ തെണ്ടാം പക്ഷേ
ജീവൻപോയാൽ ഹന്ത സഹിക്കാൻ
കൂടുകയില്ലെന്നാവളുപറഞ്ഞു"

ഇങ്ങനെ പലവിധമുള്ളൊരു രോദന
മങ്ങുശ്രവിച്ചു വിയർത്തു മന്ത്രി
മറുപടിപറയാൻ വാക്കുകളില്ലാ
ഞ്ഞുരുകിവിയർത്തു നടുങ്ങിപ്പോയി.

★

# എൻ. ജി. ഓ. മാർക്കും രക്ഷകിട്ടും

## ഗസററഡുകാർക്ക് ശമ്പളം കൂട്ടാൻ പ്രയോഗിച്ച പദ്ധതി എൻ. ജി. ഓ. മാരും പ്രയോഗിച്ചാൽമതി.

ഒരു അസിസ്റ്റന്റ് സിക്രട്ടറിയുടെ മൂത്തമകളുടെ ഇളയ കുട്ടിയുടെ ചോറൂണിനു ചെന്നപ്പോഴാണ് ഗസററഡ് ഉദ്യോഗസ്ഥന്മാർക്ക് ശമ്പളംകൂട്ടേണ്ടതിന്റെ അത്യാവശ്യകതയെപ്പററി മുഖ്യമന്ത്രി പട്ടത്തിനു ബോദ്ധ്യമായത്. ചോറൂട്ടേണ്ട കൊച്ചിനേയുംകൊണ്ട് അതിന്റെ തള്ള ഇറങ്ങിവന്നു പട്ടത്തിന്റെ മുമ്പിൽ നിന്നു. അദ്ദേഹം ഒരു വല്യകാരണവരുടെ ദൃഷ്ടിയോടുകൂടി തള്ളയേയും കൊച്ചിനേയും അനുഗ്രഹ ഭാവത്തിൽ ഒന്നു നോക്കി. കൊച്ച് തരക്കേടില്ല. ഒരു ഗ്ലാസ്ഗോ ബേബിയാണ്. തള്ളയെ നോക്കിയതിൽ നോട്ടം പകുതിയാക്കിയിട്ട് കണ്ണ് പിൻവലിക്കുകയാണു ചെയ്തത്. അവൾ മിക്കവാറും പൂർണ്ണനഗ്നയായാണെന്നു പട്ടത്തിനു തോന്നി. ശരീരത്തിൽ സാധാരണ മറഞ്ഞിരിക്കേണ്ട ഭാഗങ്ങളിലെ വിശദവിവരങ്ങളെല്ലാം അദ്ദേഹം കണ്ടുപോയി. മകളെ ഇങ്ങനെ ഇറക്കിനിറുത്തിയത് ചാക്കോച്ചന്റെ അശ്ലീലയുദ്ധത്തിനോടുള്ള ഒരു വെല്ലുവിളിയാണെന്നാണ് അദ്ദേഹം ആദ്യം ധരിച്ചത്. എങ്കിലും വൃദ്ധനായ തന്റെ മുമ്പിൽ അതു വേണ്ടിയില്ലായിരുന്നെന്ന് അദ്ദേഹത്തിനു തോന്നി. മററതിഥികളുടെ ഇടയിൽവച്ച് ആ കാര്യം ഏതായാലും ചർച്ചചെയ്യേണ്ടെന്നുവിചാരിച്ചു ക്ഷമിച്ചു. അപ്പോഴാണ് പെണ്ണിന്റെ തള്ള—അസിസ്റ്റന്റസിക്രട്ടറിയുടെ ഭാര്യ—ഇറങ്ങിവന്നത്. നാല്പതോളം വയസ്സുള്ള ആ സ്ത്രീ മകളേക്കാൾ നഗ്നയായിട്ടാണിറങ്ങിയത്. പട്ടം വല്ലാതെ ഒന്നു ഞെട്ടി. അദ്ദേഹം അസിസ്റ്റന്റ സിക്രട്ടറിയെ കൈകാട്ടി അടുത്തു വിളിച്ചു.

പട്ടം— എന്താ ഈ സ്ത്രീകളെ ഇങ്ങനെ മുണ്ടില്ലാതെ ഇറക്കിയത്. ചാക്കോച്ചന്റെ അശ്ലീലത്തോടുള്ള പിണക്കമാണോ? ഉദ്യോഗസ്ഥന്മാർക്ക് പ്രത്യക്ഷമായോ പരോക്ഷമായോ മന്ത്രിമാരുടെ അഭിപ്രായം ചോദ്യംചെയ്യാനവകാശമില്ല. അതു ശിക്ഷാർഹമാണ്.

സിക്രട്ടറി— മുണ്ടുടുത്തിട്ടില്ലെങ്കിലും സാരിയുടുത്തിട്ടുണ്ട്.

പട്ടം— അതെന്തുസാരിയാണ്? അകത്തുള്ളതു മുഴുവൻ പുറത്തുകാണുന്ന സാരിയുണ്ടോ?

സിക്രട്ടറി— തീരെ വില കുറഞ്ഞ തരം തുണികൾ വാങ്ങാനേ ശമ്പളംകൊണ്ടു സാധിക്കൂ. നല്ല കട്ടിത്തുണിക്ക് വിലക്കൂടുതലാണ്.

പട്ടം— നിങ്ങൾ ഒരു ഗസററഡ് ഉദ്യോഗസ്ഥനല്ലേ—? നല്ല ശമ്പളം കാണണമല്ലോ.

സിക്രട്ടറി— അതങ്ങയുടെ തെററിദ്ധാരണയാണ്. ഞങ്ങളുടെ ശമ്പളം തീരെ മതിയാകുന്നില്ല. ഭാര്യയ്ക്കും മക്കൾക്കും തുണിവാങ്ങാൻപോലും ബുദ്ധിമുട്ടുകയാ.

പട്ടം— (ക്ഷോഭിച്ച്) അതുകൊണ്ട് ഒന്നും ഉടുക്കേണ്ടെന്നോ? മുണ്ടില്ലെങ്കിൽ ഒരു പായെങ്കിലും ഉടുക്കാൻ ഏർപ്പാടു ചെയ്യാമായിരുന്നല്ലോ.

ഒരു എം. ആർ. ഏ. മെമ്പർ— ഇവർ തുണിയുടുത്തിട്ടില്ലെന്നു പറയുന്നതു് സത്യമല്ല. നൈയ്‌ലോൺവർഗ്ഗത്തിൽപ്പെട്ട ഒരുതരം തുണി ഇപ്പോൾ പ്രചാരത്തിലുണ്ട്. എം. ആർ. ഏ. സ്ത്രീകൾ അതാണു ധരിക്കുന്നത്. വിലക്കുറവുണ്ടെന്നു മാത്രമല്ല അതുടുത്ത പെണ്ണുങ്ങൾ ആണുങ്ങളുടെയിടയിലിറങ്ങിയാൽ ധാർമ്മികബോധം തനിയേ ഉണരും.

പട്ടം— ഇങ്ങനെ ആയാൽ എം. ആർ. ഏ. മാത്രമല്ല നയ്‌ലോണും നിരോധിക്കേണ്ടിവരും.

അ: സിക്രട്ടറി— എം. ആർ. ഏ—യും ഇതുമായി വലിയ ബന്ധമൊന്നുമില്ല. വിലകുറഞ്ഞ തുണികൾക്കേ ശമ്പളം തികയുന്നുള്ളു. അല്പം വല്ലതും കൂട്ടികിട്ടിയാൽ ഇതു പരിഹരിക്കാം.

പട്ടം— അങ്ങനെയാണെങ്കിൽ എൻ. ജി. ഓ—കളുടെ നില എത്ര കഷ്ടമായിരിക്കണം.

സിക്രട്ടറി— അവർക്കിത്രയും ബുദ്ധിമുട്ടില്ല. ദിവസവും അലക്കിമാറണമെന്ന് അവർക്കു നിർബന്ധമില്ല. രണ്ടും മൂന്നും ആഴ്ചയ്ക്കിടയ്ക്ക് ഒന്നു തല്ലിനനച്ചാലും മതിയാകും. ഞങ്ങൾക്കതുപോരാ. മന്ത്രിമാരും എം. എൽ. ഏ—മാരും മററും പതിവായി സന്ദർശിക്കാൻവരും. സാരി ദിവസവും അലക്കിമാറിയില്ലെങ്കിൽ സർക്കാരിനു കുറച്ചിലാ.

പട്ടം— എം. എൽ. ഏ—മാർ എൻ. ജീ. ഓ—കളുടെ വീട്ടിൽ ചെല്ലുകില്ലേ—?

സിക്രട്ടറി— വല്ല പീറ എം. എൽ. ഏ—മാരോമറേറാ ചെന്നേക്കുമായിരിക്കും. നേതാക്കന്മാരായ എം. എൽ. ഏ—മാർ അസിസ്റ്റന്റസിക്രട്ടറിയുടെ പദവിയിൽ കുറഞ്ഞ ഉദ്യോഗസ്ഥന്മാരുടെ വീടുകളിൽ പോകുക പതിവില്ല.

പട്ടം— എം. എൽ. ഏ. മാരും മന്ത്രിമാരും ഉദ്യോഗസ്ഥന്മാരുടെ വസതികളിൽ കയറാൻ പാടില്ലെന്നു ചട്ടമുണ്ടാക്കിയാലോ?

സിക്രട്ടറി— സർക്കാർ കാര്യങ്ങൾ വേണ്ടവിധം നടക്കുന്നതിനു തടസ്സം വരും. എം. എൽ. ഏ. വന്ന് കാരോ ഫയലും എങ്ങനെ തീരുമാനിക്കണമെന്നു പറഞ്ഞുതരുന്നതുകൊണ്ടാണ് ഇപ്പോൾ ആർക്കും കാര്യമായ പരാതിയില്ലാതെ ഭരണം നടക്കുന്നത്.

പട്ടം— ഈ നഗ്നതയ്ക്കു പിന്നെന്താ പരിഹാരം?

സിക്രട്ടറി— ഗസററഡ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഒന്നു വർദ്ധിപ്പിച്ചാൽമതി. പെൺമക്കൾക്കും ഭാര്യമാർക്കും നഗ്നതമറയ്ക്കാനുള്ള തുണികൾ വാങ്ങാനെങ്കിലും തികയണം.

പട്ടം— ഖദറുടുക്കരുതോ? അല്ലെങ്കിൽ കൈത്തറിയാകുമല്ലോ. രണ്ടിന്റെയും വിലയ്ക്കു ഗവമ്മെന്റ നിയന്ത്രണവുമുണ്ട്.

സിക്രട്ടറി— ഖദറും കൈത്തറിയും സർക്കാർപെണ്ണുങ്ങൾ താങ്ങുകില്ല. അവക്കതിനുള്ള ആരോഗ്യമുണ്ടാവില്ല.

ഈ ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾ അന്നത്തെ അടിയന്തിരത്തിന് അതിഥികളായിവന്ന ഒരു സെററ് ഗസററഡ് പെണ്ണുങ്ങൾ ഏതാണ്ടൊരു ഘോഷയാത്രയുടെ മട്ടിൽ പട്ടത്തിന്റെ മുമ്പിൽക്കൂടി കടന്നുപോയി. കണ്ണു മുറുകെ അടച്ചിരിക്കാനല്ലാതെ മറെറാന്നിനും അദ്ദേഹത്തിനു കഴിഞ്ഞില്ല. പെണ്ണുങ്ങൾ കടന്നുപോയി എന്നുറപ്പുവന്നപ്പോൾ കണ്ണുതുറക്കാതെ അദ്ദേഹം സിക്രട്ടറിയോടു പറഞ്ഞു. "ഗസററഡ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടുന്നകാര്യം ഇന്നുതന്നെ ക്യാബിനററുകൂടി തീരുമാനിക്കാം. ഖജനാവു പൊളിഞ്ഞാലും തരക്കേടില്ല. ഈ പ്രകടനം സഹിക്കുക പ്രയാസം"

അന്നു വൈകിട്ടുതന്നെ ക്യാബിനററുകൂടി ഗസററഡ് തുറയിൽ ശമ്പളംകൂട്ടണമെന്നു തീരുമാനംചെയ്തു. എൻ. ജി. ഓ. മാർക്ക് പെട്ടെന്നു പ്രതിഷേധമാണു തോന്നിയത്. നേരത്തേതന്നെ അ

# നിയമസഭയിലെ ഒരു സീൻ

## സന്ദർശകഗാലറിയിൽനിന്നുമുള്ള റിപ്പോർട്ട്.

കേരള അസംബ്ളിയുടെ ഇത്തവണത്തെ സമ്മേളനം യു. എൻ. ജനറൽ അസംബ്ളിയുടെ ഈ തവണത്തെ സമ്മേളനംപോലെ പ്രാധാന്യമുള്ളതാണെന്നുള്ളതിൽ പക്ഷാന്തരമില്ലല്ലോ. അതിൽ പല രംഗങ്ങളും റിപ്പോർട്ടിനർഹമായിട്ടുണ്ടായിരുന്നെങ്കിലും സ്ഥലച്ചുരുക്കം കരുതി ഒന്നുമാത്രം റിപ്പോർട്ടുചെയ്യുകയാണ്.

നെടുമങ്ങാട് എം. എൽ. എ.– വെഞ്ഞാറൻമൂട് എന്ന സ്ഥലത്ത് ഒരു സ്കൂൾ വീണോ? വീണെങ്കിൽ കുട്ടികൾ ചത്തോ? ചത്തെങ്കിൽ എത്ര? ചത്തെങ്കിലും ചാകാത്ത കുട്ടികളുണ്ടോ?

ഉത്തരം– ഒരു സ്കൂൾമാത്രം വീണു. രണ്ടുകുട്ടികൾമാത്രംചത്തു. ഏതാനും കുട്ടികൾ ചതഞ്ഞു.

ചോദ്യം— ഇനിയും എത്ര സ്കൂളുകൾ വീഴത്തക്കതായിട്ടുണ്ട്.

ഉത്തരം— സർക്കാരിൻെറ കണക്കനുസരിച്ച് ആയിരത്തഞ്ഞൂറു സ്കൂളുകളാണ് വീഴേണ്ടിയിരുന്നത്. ചാകേണ്ടിയിരുന്ന കുട്ടികളുടെ എണ്ണം വെളിപ്പെടുത്താൻ നിർവാഹമില്ല.

ചോദ്യം— ഈ സ്കൂളുകൾ ഈ കൊല്ലംതന്നെ വീഴുമെന്നായിരുന്നോ എൻജിനീയറന്മാരുടെ റിപ്പോർട്ട്? എങ്കിൽ അതനുസരിച്ചു സ്കൂളുകൾ വീഴാതിരുന്നതിന് സമാധാനംചോദിച്ചു നടപടിയെടുക്കുമോ?

ഡ: മുഖ്യൻ:— (ഗൗരവത്തിൽ) പ്ളാനിംഗുകമ്മീഷനുമായി നടന്ന ചർച്ചകൾ വെളിപ്പെടുത്തുന്നത് ഉചിതമല്ലെങ്കിലും കേരളത്തിലെ ജനസംഖ്യാവർദ്ധനവ് രിഷ്ട്രനിർമ്മാണത്തിനു പ്രതിബന്ധമാണെന്നു കമ്മീഷൻ കരുതുന്നുണ്ട്. ഈ സ്കൂൾവർഷം കഴിയുമ്പോഴേക്കും അതിനു ഗണ്യമായ കുറവുവരുമെന്നായിരുന്നു പ്രത്യാശ. ആയിരത്തിഅഞ്ഞൂറു സ്കൂളുകൾ പഠിത്തമുള്ളസമയത്തു വീഴുകയാണെങ്കിൽ ഒരുവേള അദ്ധ്യാപകപ്രശ്നംവരെ പരിഹരിക്കാമെന്നു പ്രതീക്ഷിച്ചിരുന്നു. സ്കൂളുകൾ വീഴാതിരുന്നതു് മന്ത്രിസഭയുടെ തെററുകൊണ്ടല്ല. വീഴുമെന്നും വീഴത്തക്കവിധമാണു പണിയിച്ചതെന്നും റിപ്പോർട്ടുചെയ്തതു് എൻജീയറന്മാരാണ്. അവരെ കണ്ടുപിടിച്ചു കർശനമായ നടപടി എടുക്കുന്നതായിരിക്കും.

ചോദ്യം– ആടുന്ന സ്കൂളുകൾ ആയിരത്തഞ്ഞൂറുണ്ടായിരുന്നെങ്കിലും ഒന്നുമാത്രം വീണതു് അതു പണിയിച്ച കണ്ട്രാക്ടരുടെ ശ്രദ്ധക്കുറവുകൊണ്ടാണെന്നു ധരിക്കുമോ—?

ഉത്തരം– ധരിക്കുന്നുണ്ടെന്നുമാത്രമല്ല മേലാൽ ഏതു കണ്ട്രാക്ടർ ഏതു സ്കൂളു കെട്ടിയാലും അടുത്ത മഴക്കാലത്തു് ഇടിഞ്ഞുപോകത്തക്കവിധമായിരിക്കണമെന്നു് പ്രത്യേകം വ്യവസ്ഥചെയ്യുന്നതു് നല്ലതാണെന്നു് എനിക്കു തോന്നുന്നു.

സ്പീക്കർ– ഈ ഉറപ്പിന്മേൽ ഈ പ്രശ്നം ഉപസംഹരിക്കരുതോ—?

ഒരു കമ്മ്യൂ: മെമ്പർ– പാടില്ല. അടുത്ത മഴയ്ക്കു് ഇടിഞ്ഞുവീഴുമെന്നു് വ്യവസ്ഥചെയ്താൽമാത്രംപോരാ, ഇടിഞ്ഞുവീണില്ലെങ്കിൽ അതിനു മുഖ്യ ഉത്തരവാദി കണ്ട്രാക്ടർ ആയിരിക്കണം. അയാളുടെപേരിൽ നടപടി നടത്തണം.

മന്ത്രി– അടുത്ത സ്കൂൾക്കെട്ടിടനിർമ്മാണംസംബന്ധിച്ചു് ഈ കാര്യം ഓർമ്മിച്ചുകൊള്ളാം.

ചോദ്യം– വീഴുമെന്നുപറഞ്ഞ സ്കൂളുകൾ വീഴാതിരുന്നതുനിമിത്തം മരിക്കാനിടയാകാതെ ശേഷിക്കുന്ന കുട്ടികളുടെ കാര്യത്തിൽ എന്തുചെയ്യാനാണ് ഗവമ്മെൻറുദ്ദേശിക്കുന്നതു്.

സുഗതൻ– കമ്മ്യൂണിസ്റ്റുപാർട്ടിയുടെകാര്യത്തിലാണെങ്കിൽ........!

സ്പീക്കർ– ഓർഡർ, ഓർഡർ, ഈ പ്രശ്നം വളരെ ഗുരുതരമായതിനാൽ പാർട്ടിപരിഗണനയ്ക്കുപരിയായി ചർച്ചചെയ്യുന്നതായിരിക്കും ഉചിതം.

മെമ്പർ– പാർട്ടിയുടെ പേരുപറഞ്ഞതുകൊണ്ട് പ്രശ്നപരിഹാരവും അതുമായി ബന്ധമുണ്ടാകണമെന്നില്ല. ഏതായാലും ശാസ്താംകോട്ടയിലെ ലോകസഹായസേനയ്ക്കു പൂരിയുണ്ടാക്കാനുപയോഗിച്ച തൈലം കുട്ടികളുടെ ഉച്ചഭക്ഷണവും അതുമായി ബന്ധിപ്പിക്കുന്നതിനെപ്പററി ആലോചിക്കുമോ.

ഉത്തരം– സർക്കാർരഹസ്യങ്ങൾ വെളിപ്പെടുത്താനുദ്ദേശിക്കുന്നില്ല. ഉച്ചഭക്ഷണവും ജനസംഖ്യാവദ്ധനവും ഫോളിഡോളുംതമ്മിൽ ബന്ധിപ്പിച്ചു പ്രസ്താവനചെയ്യുന്നതു് ഉച്ചഭക്ഷണം വേണ്ടെന്നുവയ്ക്കാൻ കുട്ടികളെ പ്രേരിപ്പിച്ചേക്കും. ജനസംഖ്യാവർദ്ധനവു തടയുന്നതിനുള്ള സർക്കാരിൻെറ സദുദ്ദേശപരമായ യത്നങ്ങൾക്കു പ്രതിബന്ധമുണ്ടായെന്നുംവരാം.

മെമ്പർ– ഹോംഗാർഡു് സംഘടിപ്പിക്കുമ്പോൾ അവരെ ശട്ടംകെട്ടി കുട്ടികളെ തല്ലിക്കൊല്ലിക്കുന്നതിനെപ്പററി ഗവമ്മെൻറു് ആലോചിക്കുമോ.

സ്പീക്കർ– ചോദ്യം ഉദിക്കുന്നില്ല. സ്കൂൾ വീണതാണ് മുഖ്യചോദ്യം.

മെമ്പർ– സ്കൂൾ തലയിൽവീഴുന്നതും ഒരു മുണ്ടൻതടി തലയിൽവീഴുന്നതും ഒരേതരത്തിലുള്ള കാര്യങ്ങളാണ്.

[സ്പീക്കർ അടുത്ത ചോദ്യത്തിലേക്കു കടന്നു,]

—o—

ല്പശമ്പളക്കാരായ അവരെ വീണ്ടും അവഗണിക്കുകയാണു ചെയ്തതെന്നാണ് അവരുടെ വാദം. എൻ. ജി. ഓ. ചെന്നുങ്ങളുടെ യോഗമോ മറേറാ ചേർന്നു് എം. ആർ. ഏ. ഡ്രസ്സിൽ അവരുടെ ഒരു ഡപ്യൂട്ടേഷൻ മുഖ്യമന്ത്രിയെക്കണ്ടു നിവേദനം ചെയ്താൽ അവക്കും അൽപ്പം ശമ്പളവർദ്ധനവു കിട്ടിയേക്കും. എൻ. ജി. ഓ. മാർ ഇതേപ്പററി കാര്യമായി ആലോചിക്കുന്നതു കൊള്ളാം.

....o....


**ഐഡിയൽ വാച്ചുറിപ്പയറിംഗ് ഹൗസ്**

പ്രൈവററ് ബസ്സ്സ്റ്റാൻഡിനു തെക്കുവശം

**കായംകുളം.**

എല്ലാവിധ വാച്ചുകളും, ക്ലോക്കുകളും വിശ്വസ്തതയോടും ഉത്തരവാദിത്വത്തോടുംകൂടി റിപ്പയർചെയ്യിക്കുന്നതിനു്

**ഐഡിയൽ വാച്ചുറിപ്പയറിംഗ്ഹൗസിൽ**

ഏല്പിക്കുക

പ്രൊപ്രൈററർ— സി. എൻ ലൂയിസ്.

# കൈക്കൂലിയും കൂട്ടണം

## ഒരു ജി. ഓ. കൊച്ചമ്മയുടെ നിർബന്ധം.

സൂപ്രണ്ടേമാനേക്കൊണ്ടു് ഒരു നോട്ടിടീക്കാൻ എം. എൽ. ഏ. അദ്ദേഹത്തിനേംകൊണ്ടു മൂന്നുതവണ ചെന്നതിൽപിന്നെയാണു് നോട്ടിടാമെന്നു് ഏമാൻസമ്മതിച്ചതു്. അതുകേട്ടു സന്തോഷിച്ചിറങ്ങുമ്പോഴാണു് കൊച്ചമ്മപറഞ്ഞതനുസരിച്ചു് ശിപായി പുറകേചെന്നു് മുരടനക്കിയതു്. നോട്ടിടീക്കേണ്ട ചങ്കുവണ്ണൻ തിരിഞ്ഞുനിന്നു.

എന്താ?

നോട്ടിടീക്കുന്ന കാര്യമാ

ചെയ്യാമെന്നു പറഞ്ഞല്ലോ

പറഞ്ഞാൽ മതിയോ ചെയ്യേണ്ടേ?

എം. എൽ. ഏ. യെക്കൊണ്ടാ പറേച്ചതു്.

പതിനഞ്ചുരൂപായിൽ കൊറഞ്ഞാൽ പററുകില്ല.

ആരുപറഞ്ഞു?

കൊച്ചമ്മ

ചങ്കുവണ്ണൻെറ പക്കൽ അത്രയും പണം ബാക്കിയുണ്ടായിരുന്നില്ല. ഒരാഴ്ച കഴിഞ്ഞു വരാമെന്നും കൊച്ചമ്മയെ അത്രയുംദിവസം സമാധാനപ്പെടുത്തിവയ്ക്കണമെന്നും ശിപായിയെ ഏർപ്പാടുചെയ്തിട്ടു യാത്രയായി.

.... .... ....

ഒരാഴ്ചകഴിഞ്ഞു ചങ്കുവണ്ണൻ ആടിനേയും കുട്ടിയേയും വിററുകിട്ടിയ പണവുമായി സൂപ്രണ്ടേമാൻെറ വീട്ടിലെത്തി. ഏമാൻ ആപ്പീസുകഴിഞ്ഞു് വസതിയിലെത്തി കാപ്പിയും കുടിച്ചിട്ടു് ഈസിചെയറിൽ വിശ്രമിക്കുകയായിരുന്നു. സമീപത്തു കൊച്ചമ്മ ഒരു ഇരുപ്പുകസേരയിൽ സല്ലാപസന്നദ്ധയായി കൂടിയിട്ടുമുണ്ടു്. ചങ്കുവണ്ണൻ ആദ്യം ഏഴുനേററു തൊഴുതു. ഏമാൻ തലയാട്ടി പ്രത്യഭിവാദനം നടത്തി. അനന്തരം അണ്ണൻ കൊച്ചമ്മയെ തൊഴുതശേഷം അടുത്തുചെന്നു് പതിനഞ്ചുരൂപയുടെ ഒരു കടലാസുപൊതി അവരുടെ കാൽക്കൽവച്ചു. ശ്രീമതി അതെടുത്തു് എണ്ണിനോക്കി.

ഇതെത്രയാ?

അന്നു ശിപായിച്ചേട്ടൻ പറഞ്ഞത്രേമാ

അന്നു പറഞ്ഞതു പോരാ ഇന്നു്.

കരുണചെയ്യണം ഇത്രേയുള്ളു.

എടോ കരുണേടെ കുറവല്ലാ.

ചങ്കുവണ്ണനു കാര്യം മനസ്സിലായില്ല. കൊച്ചമ്മേടെ ശിപായി പതിനഞ്ചു രൂപയെന്നു വ്യക്തമായി പറഞ്ഞതാണു്. അത്രയും കൊണ്ടുചെന്നിട്ടുമുണ്ടു്. കരുണയ്ക്കു കുറവില്ലെന്നു കൊച്ചമ്മ പറയുകയുംചെയ്യുന്നു. പിന്നെ എന്തിൻെറ കുറവാണോ എന്തോ?

കൊച്ചമ്മ– എന്താ വാപൊളിച്ചു നിൽക്കുന്നതു്. നോട്ടിടീക്കാൻ പതിനഞ്ചുരൂപാ പോരാ.

ചങ്കു– കഴിഞ്ഞ തിങ്കളാഴ്ച ശിപായിച്ചേട്ടൻ പറഞ്ഞതത്രേമാരുന്നു.

കൊച്ചമ്മ— അതു കഴിഞ്ഞ ഞായറാഴ്ചയായിരുന്നു. ഇതു പിന്നത്തെ തിങ്കളാഴ്ചയാ. അന്നിദ്ദേഹത്തിനു് ഇരുനൂററമ്പതേ ശമ്പളമുണ്ടായിരുന്നുള്ളു. ഇന്നു് അഞ്ഞൂററമ്പതായിരിക്കുവാ. ഇരുനൂററമ്പതുകാരൻ പതിനഞ്ചുരൂപായ്ക്കു ചെയ്യുന്ന ജോലി അഞ്ഞൂററമ്പതുകാരൻ നാൽപ്പതുരൂപയിൽകുറഞ്ഞു ചെയ്യുകില്ല.

ചങ്കു– ശമ്പളം കൂടിയപ്പോഴം....!

കൊച്ചമ്മ– താനെന്തുവാ പറയാൻ വന്നതു്? വല്ല കമ്മ്യൂണിസ്ററുകാരനും പറേന്നതുപോലെ അനാവശ്യംപറഞ്ഞാലുണ്ടല്ലോ നോട്ടിടീലു നടക്കുകയില്ലെന്നു മാത്രമല്ല തൻെറ ഫയലുപോലും കാണുകില്ല.

ചങ്കു– അതല്ലേ പറയാൻ വന്നതു്. ഏമാനു പതിനഞ്ചു കൊടുത്തപ്പം ഗൃമസ്ഥനും വല്ലോം വേണമെന്നു പറഞ്ഞേക്കുമെന്നു വിചാരിച്ചു് പത്തുരൂപാ അദ്ദേഹത്തിൻെറ വീട്ടിലും കൊടുത്തു.

കൊച്ചമ്മ– (അതിശയപൂർവം) പത്തു രൂപയോ! വെറും നാൽപ്പതുരൂപാ ശമ്പളക്കാരനു് പത്തുരൂപായോ! അയാൾക്കു വല്ലതും എട്ടണ മതി. അധികം പററിയതു തിരിച്ചുതരാൻ പറയണം.

ചങ്കു– അദ്ദേത്തിനും ശമ്പളം കൂടിക്കാണുകില്ലേ—?

കൊച്ചമ്മ– അതെങ്ങനെയാടോ കൂടുന്നതു്? അയാൾ വെറും എൻ. ജി. ഓ. ആണു്. നാൽപ്പതെൺപതാ സ്കേൽ. രണ്ടാണ്ടിൽ ഒരു രൂപാവീതം അതു ക്രമേണ കൂടും. എൺപതുവരെ അങ്ങു കിട്ടിയാലും എൻ. ജി. ഓ. തന്നെയാ. അസ്സൽ ജി. ഓ. ആകാതെ അയാൾക്കെങ്ങനെയാ പത്തും പതിനഞ്ചും ചോദിക്കാനൊക്കുന്നതു്. താൻചെന്നു് എട്ടണ എടുത്തോണ്ടു് ഒമ്പതര ഇങ്ങു കൊണ്ടുവരൂ.

ചങ്കു– കൊടുത്തുപോയതു്. ഇനി ചോദിച്ചാൽ തരുമോ—?

കൊച്ചമ്മ– തന്നില്ലെങ്കിൽ ഒരു റിട്ടുകൊടുക്കണം. നാൽപ്പതുകാരനു് എട്ടണയിൽ കൂടുതൽ കൊടുക്കാൻ പറയുകില്ല.

ചങ്കു– (കസേരയിൽ കിടക്കുന്ന ഏമാന്നേ നോക്കി) ഏമാൻ ഒന്നു കനിയണം.

ഏമാൻ– ഞാനെന്തുകനിയാനാടോ? ഒരാഴ്ചമുമ്പു് മൈലിനു പന്ത്രണ്ടണയായിരുന്നു എൻെറ യാത്രപ്പടി. ഇപ്പോൾ മൈലിനു് അഞ്ചു രൂപായാ. എല്ലാ കാര്യങ്ങളും അങ്ങനെ കൂടുതലാ. എനിക്കു തരേണ്ടതുംകൂടി ഗൃമസ്ഥനു കൊടുത്തെങ്കിൽ അതു നിയമവിരുദ്ധമാ.

കൊച്ചമ്മ– അതാ ഞാൻ പറഞ്ഞതു് എട്ടണകഴിച്ചുള്ളതു് തിരിച്ചുവാങ്ങിക്കാൻ. തന്നില്ലെങ്കിൽ റിട്ടുകൊടുക്കണം.

ഏമാൻ– അത്രവരെ വേണ്ടാ. ശമ്പളത്തോതിൽക്കവിഞ്ഞു കൈക്കൂലിപററുന്നതു വലിയ കുററമാണു്. നമ്മുടെ അഴിമതിനിരോധനവകുപ്പിനെ അറിയിച്ചാൽമതി. ഇപ്പോൾ ചാക്കോച്ചൻെറ ഭരണമാ. അഴിമതിയില്ലാത്തതാണെന്നു നെഹ്രുപോലും ഈയിടെ സർട്ടിഫിക്കററുകൊടുത്തതാ.

—o—


സന്ദർശിക്കുവിൻ! സന്ദർശിക്കുവിൻ!!

നിങ്ങളുടെ

**ഹോട്ടൽ ഹരിഹരഭവൻ**

(ബ്രാഹ്മിൻസ്)

പ്രൈവററു് ബസ്സ്സ്റ്റാൻഡിനു സമീപം,

കായംകുളം.

# പൊതുജനസമക്ഷം




പതിനേഴവർഷക്കാലത്തെ പ്രശസ്തസേവനം കൊണ്ടു് ലോകപ്രശസ്തിയും, അനുഭവസ്ഥരുടെ സംതൃപ്തിയിൽനിന്നും ഉടലെടുത്ത ആശംസാപൂർവ്വമായ അനേകം സാക്ഷിപത്രങ്ങളും, ആർജ്ജിച്ചിട്ടുള്ള വിജയാഫാർമസി വക സിദ്ധൗഷധങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന മൂന്നു സിദ്ധൗഷധങ്ങളെ സംബന്ധിച്ചുള്ള സാമാന്യ വിവരങ്ങൾ പൊതുജനസമക്ഷം സമർപ്പിക്കുന്നു.

## 1 ശശാങ്ക

ഇതു് സാധാരണ സ്ത്രീപുരുഷന്മാരുടെയിടയിൽ കാണാറുള്ള മൂത്രാശയസംബന്ധമായും, ഉഷ്ണസംബന്ധമായുമുള്ള രോഗങ്ങൾക്കു് മികച്ച അനുഭവമുള്ള ഒരു സിദ്ധൗഷധമാണു്. കൂടാതെ ശരീരത്തിൽനിന്നും എല്ലാ രീതിയിലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സൗമ്യാംശത്തെ തടഞ്ഞുനിർത്തി ശരീരത്തിനു കുളിർമ്മയെ ഉളവാക്കുകയും ആരോഗ്യത്തെ പ്രദാനംചെയ്യുകയും ചെയ്യുന്നു.

24 ഗുളികകൾ അടങ്ങിയ പാക്കററിനു് വില രൂ. 3. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

## 2 ധാതുകൽപ്പ

ഇതു് ധാതുശക്തി ക്ഷയിച്ചവർക്കും ശരീരം മെലിഞ്ഞവർക്കും ദിവ്യാനുഗ്രഹമാണു്. എല്ലുന്തി മെലിഞ്ഞ ശരീരത്തേപ്പോലും ഇതു് ഏററവും മാംസളമാക്കുന്നു. ശരീരത്തിനു് കാന്തിയും ഓജസ്സും ആരോഗ്യവും ഉളവാക്കുന്നു. ക്ഷീണിച്ച നാഡിഞരമ്പുകൾക്കു് നവചൈതന്യം നൽകി ജീവിതം വിജയകരമാക്കുകയും ചെയ്യും. ശ്വാസകോശസംബന്ധമായ എല്ലാവിധ ക്ഷീണത്തേയും ഇല്ലാതാക്കുകയുംചെയ്യും.

റാത്തൽ ഒന്നിനു് 6 രൂപാ മാത്രം. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

## 3 ജാതീകുസുമാദി

ഇതു് അർശ്ശോരോഗികൾക്കു് കൈകണ്ട ഔഷധമാണു്. ഇതു് മലബന്ധത്തെ ഇല്ലാതാക്കുകയും സുഖവിരേചന ഉണ്ടാക്കുകയുംചെയ്യും. മൂട്ടചുടിച്ചിൽ, മൂട്ടകഴപ്പു്, ഗുദവീക്കം, ഗുദഭ്രംശം, ദഹനക്കുറവു്, വായുവികാരം, കൃമിദോഷം, രക്തംപോക്കു് മുതലായി അർശ്ശോരോഗികൾക്കുണ്ടാകുന്ന എല്ലാ അസുഖങ്ങൾക്കും നന്നാണു്. എത്ര ഭയങ്കരമായ ഗ്യാസ്ട്രബിളിനേയും വയററുവേദനയേയും ശമിപ്പിക്കും.

റാത്തൽ ഒന്നിനു് 5 രൂപാ മാത്രം. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

നിർമ്മാതാക്കൾ—

## വിജയാ ഫാർമസി മാവേലിക്കര, കേരളം.

N. B. രോഗവിവരക്കുറിപ്പുകൾ ചീഫ് വൈദ്യൻ, എസ്സ്. എസ്സ്. പിള്ള, വിജയാ ഫാർമസി, മാവേലിക്കര എന്ന വിലാസത്തിൽ എഴുതുക.

**വിജയാഫാർമസിയിൽ വരുന്നവർ തട്ടാരമ്പലം ബസ്സ്സ്റ്റാൻഡിൽ ഇറങ്ങുക.**

കാററ്ലോഗിനു് 25 നയാപൈസ സ്റ്റാമ്പയക്കുക.


സാക്ഷിപത്രങ്ങൾക്കു് അടുത്ത പേജുകൾ നോക്കുക.

# സ്ഖലനരോഗങ്ങൾ സുഖപ്പെട്ടു.

എം. കെ. നാരായണൻ,
ക്ലോത്തുമർച്ചൻറ്, P. O. മോക്കം, (Via) കുന്നമംഗലം.
മോക്കം, 19—9—1958.

എസ്സ്. എസ്സ്. പിള്ള അവർകൾക്ക്
വിജയാഫാർമസി, മാവേലിക്കര.

സർ,

ശശാങ്ക ഗുളിക ഞാൻ ഉപയോഗിച്ചിട്ട് ഇപ്പോൾ ഏകദേശം ഒന്നരക്കൊല്ലത്തോളമായി. എനിക്ക് മറസ്സിരിക്കുമ്പോൾ മുക്കുമ്പോഴുണ്ടായിരുന്ന ശുക്ലംപോക്കും, സ്വപ്നസ്ഖലനവും ഇതുവരെ ഉണ്ടായിട്ടില്ല.

ശശാങ്കകൊണ്ട് എൻെറ ഉഗ്രമായ രോഗം നശിപ്പിച്ചുതന്ന ചീഫ്‌വൈദ്യൻ എസ്സ്. എസ്സ്. പിള്ള അവർകൾക്ക് എൻെറ അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. മേൽപ്പറഞ്ഞ രോഗമുള്ള യുവതീയുവാക്കന്മാർ ശശാങ്ക ഉപയോഗിക്കുവാൻ ഞാനഭ്യർത്ഥിക്കുന്നു.

എന്ന്, എം. കെ. നാരായണൻ (ഒപ്പ്)

★

# ഉഷ്ണരോഗം സുഖപ്പെട്ടു.

K. A. MATHEW, Chennamkarry
Karumpinkalil, 15—4—1958.
Chennamkary P. O.

To, S. S. PILLAI. Chief Vaidyan,
Vijaya Pharmacy, Mavelikara.

Dear Sir,

എൻെറ ഭാര്യ ഏകദേശം നാലുവർഷം ഉഷ്ണസംബന്ധമായ രോഗത്താൽ കഷ്ടപ്പെടുകയും, വളരെയധികം പണം ചെലവുചെയ്യുകയും ചെയ്തു. അങ്ങിനെയിരിക്കവേ വിജയാ ഫാർമസി വക ഒരു പരസ്യം കാണുകയും, ഞാൻ താങ്കളുടെപേർക്ക് രോഗവിവരക്കത്തയക്കുകയും വൈദ്യൻ 'ശശാങ്ക' എന്ന മരുന്ന് എനിക്കയച്ചുതരികയുംചെയ്തു. അതോടുകൂടി അയച്ച നിർദ്ദേശക്കത്തിൽ 'ശശാങ്ക'യുടെ കംപ്ലീററ് കോഴ്സ് (അതായത് 3 മാസം) ആവശ്യമാണെന്നു നിർദ്ദേശിച്ചിരുന്നു. എന്നാൽ ഒരുമാസത്തെ സേവകൊണ്ട് രോഗം പൂർണ്ണമായി സുഖപ്പെട്ടു. രോഗം ഭേദമായിട്ട് ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞു. ഇതുവരെയും രോഗം ശമിച്ചതിന് ഒരു കൃതജ്ഞതക്കത്ത് എഴുതാതിരുന്നത് രോഗം ശരിയായി ഭേദമായി എന്നു ബോദ്ധ്യംവരട്ടെ എന്നു കരുതിയായിരുന്നു. ഇപ്പോൾ പരിപൂർണ്ണമായും ബോദ്ധ്യമായി. ഇതിൻെറ കൃതജ്ഞതപ്രകാശിപ്പിക്കാൻ കുറെ വാചകങ്ങൾ എഴുതിയതുകൊണ്ടു മതിയാകുമെന്ന് ഞാൻ കരുതുന്നില്ല. ഞാനും ഭാര്യയും കുട്ടികളും എന്നും വൈദ്യനു കടപ്പെട്ടവരാണ്. അങ്ങയെ ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്, കെ. എ. മാത്യു (ഒപ്പ്)

★

# പ്രമേഹം സുഖപ്പെട്ടു.

From ചാരുംമൂട്,
19-4-'60.

വിൽഫ്‌റഡ് ഡിക്രൂസ്,
ജി. എസ്സ്. എസ്സ്. കോർപ്പറേഷൻ,
ചുനക്കര P. O.

വൈദ്യൻ എസ്സ്. എസ്സ്. പിള്ള അവർകൾക്ക്,
മാവേലിക്കര

സർ,



ഞാൻ മൂത്രമൊഴിപ്പു (പ്രമേഹം) രോഗം പിടിപെട്ട് കഷ്ടപ്പെടുകയും തുടന്ന് താങ്കളെ സമീപിച്ച് വൈദ്യസഹായം ആവശ്യപ്പെടുകയും നിർദ്ദേശാനുസരണം താങ്കളുടെ ശശാങ്ക ഉപയോഗിക്കുകയും അതിൻെറ ഫലമായി. രോഗം പൂർണ്ണമായി സുഖപ്പെടുകയും ചെയ്തിരിക്കുന്നു. താങ്കളുടെ ഈ ദിവ്യൌഷധം എന്നെപ്പോലെ ഇനിയും പലരേയും ഈ രോഗത്തിൽനിന്നും രക്ഷിക്കുവാൻ കഴിയുമെന്ന് എൻെറ അനുഭവംകൊണ്ട് ഞാൻ വിശ്വസിക്കുന്നു; എന്നുള്ള വിവരവും സന്തോഷപുരസ്സരം അറിയിച്ചുകൊള്ളട്ടെ.

എന്ന്, നിങ്ങളുടെ വിശ്വസ്തമിത്രം
വിൽഫ്രഡ് ഡിക്രൂസ് (ഒപ്പ്)

## ഗ്യാസ് ട്രബിളും വയററുവേദനയും സുഖപ്പെട്ടു.

എൻ. ഹസ്സൻ, ടീച്ചർ, കോന്നി,
വാർവിളാകം, വെള്ളപ്പാറ. 1-7-1959.

ശ്രീമാൻ, എസ്. എസ്. പിള്ള,
ചീഫ് വൈദ്യൻ,
വിജയാഫാർമസി, മാവേലിക്കര.

പ്രിയപ്പെട്ട സർ,

അനേക നാളുകളായി എന്നെ അത്യധികം പീഡിപ്പിച്ചുകൊണ്ടിരുന്ന വിശപ്പില്ലായ്മ, നിദ്രാഭംഗം വായുസ്തംഭനം, മലബന്ധം, ശരീരം മെലിച്ചിൽ, വയററുവേദന, എരിച്ചിൽ തുടങ്ങിയ ഭയങ്കര വ്യാധികളിൽ നിന്നും രക്ഷപ്പെടുത്തിയതിന് അങ്ങേക്കു കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളട്ടെ.



നമ്മുടെ രാജ്യത്തുള്ള പ്രധാനപ്പെട്ട ചികിത്സാകേന്ദ്രങ്ങളിലെല്ലാം ചികിത്സിച്ച് ഭേദമാകാതെ നൈരാശ്യത്തിൽ കഴിഞ്ഞുകൂടുമ്പോഴാണ് താങ്കളുടെ പരസ്യം കാണുവാനിടയായതു്. ഒരു വിഫലശ്രമംകൂടി എന്ന നിലയിൽ താങ്കളെ പരിചയപ്പെടുകയും താങ്കളുടെ ജാതീകുസുമാദി എന്ന ഔഷധം ഉപയോഗിക്കുവാൻ എന്നെ ഉപദേശിക്കുകയും ചെയ്തതനുസരിച്ച് ക്രമേണ ഞാൻ ഉപയോഗിക്കുവാൻ തുടങ്ങി. ചുരുങ്ങിയ കാലത്തെ സേവകൊണ്ടു് എന്റെ രോഗം പരിപൂർണ്ണമായി വിട്ടുമാറുകയും, ഇപ്പോൾ ഞാൻ ആരോഗ്യവാനായിത്തീരുകയും ചെയ്തിരിക്കുന്നുവെന്നുള്ള വിവരം സസന്തോഷം അറിയിച്ചുകൊള്ളുന്നു.

ജാതീകുസുമാദിയുടെ ദിവ്യശക്തിയെപ്പററി അറിഞ്ഞ എന്റെ സ്നേഹിതന്മാരിൽ പലരും പ്രസ്തുത ലേഹ്യം ഉപയോഗിച്ച് സുഖം പ്രാപിച്ചിരിക്കുന്നുവെന്നും അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്.

അങ്ങേക്കും അങ്ങയുടെ മഹൽ സ്ഥാപനത്തിനും വിജയം നേർന്നുകൊള്ളുന്നു.

★

## അർശ്ശസ് സുഖപ്പെട്ടു.

ററി. കെ. ഭദ്രൻ, Karigaon,
ഇ. & ഡി. ക്യാമ്പ്, 1—10—1958
ചമ്പമതി ഡൈവേർഷൻസ്കീം
P O. ഹാൽബിഗോൺ
ഗോൾപാറ ഡിസ്ട്രിക്ട്, ആസ്സാം

ചീഫ് വൈദ്യൻ അവർകൾക്ക്,
വിജയാഫാർമസി, മാവേലിക്കര.

പ്രിയപ്പെട്ട സർ,

"ജാതീകുസുമാദി"ലേഹ്യം ഉപയോഗിച്ച് അർശ്ശോസംബന്ധമായ എല്ലാ രോഗങ്ങളും സുഖപ്പെട്ടുവെന്നറിയിക്കുന്നതിൽ എനിക്കതിയായ സന്തോഷമുണ്ടു്.



കഴിഞ്ഞ ഒൻപതു വഷക്കാലമായി എന്നെ അത്യധികം ക്ലേശിപ്പിച്ച് നൈരാശ്യഗർത്തത്തിലാഴ്ത്തിയ ഈ രോഗം ഇത്ര വെട്ടെന്നു ഭേദമാകുമെന്ന് ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല.

മേലാൽ എന്റെ അറിവിൽപ്പെട്ട ആരെങ്കിലും അർശ്ശസ്സുരോഗബാധിതരാണെങ്കിൽ അവരെ വിജയാഫാർമസി സന്തോഷപൂർവം ചൂണ്ടിക്കാണിക്കുന്നതായിരിക്കും.

എന്നു്, ബഹുമാനപൂർവ്വം
ററി. കെ. ഭദ്രൻ.

★

# അർശ്ശസ്സും വായുകോപവും സുഖപ്പെട്ടു

പി. എസ്സ്. ഗോപാലൻ, ഊരമന,
പുളിമൂട്ടിൽ, 18—11—'59
ഊരമന P. O, മൂവാററുപുഴ.



അങ്ങയുടെ നിർദ്ദേശമനുസരിച്ച് ഞാൻ എന്റെ അസുഖങ്ങൾക്ക് ജാതീകുസുമാദി ലേഹ്യം ഉപയോഗിച്ചതിൽ പരിപൂർണ്ണാശ്വാസം സിദ്ധിച്ചു എന്നറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. താങ്കളുടെ സ്ഥാപനത്തിനും താങ്കൾക്കും എന്റെ ആശംസകൾ അറിയിച്ചുകൊള്ളുന്നു.

എന്ന്,
പി. എസ്സ്. ഗോപാലൻ.

★

JAMES P. G. LAMBART,
Merchant & Com: Agent.
Ellayakovilakom, COCHIN-2.

16th November 1959

Dr. S. S. PILLAI, Chief Physician
Vijaya Pharmacy, Mavelikara.

Dear My Doctor,



I feel extremely sorry, because, I did refer to numerous Dictionaries and am entirely fatifued; yet, I was not able to come across any proper word and/or an expression, as to how, I should thank you for your esteemed services, you have rendered to me, under the guidance of our Supreme Lord above

From the year 1950 onwards, I was in an awful condition having involved with unbearable Gastic troubles, Low Blood Pressure and heart weakness, the effect of which, could only be realised by those who are actually into it and all the while, I was having treatments from very efficient Doctors in Trivandrum, Varkala, Cochin and Ernakulam and also had some other Ayurvedic treatments from very efficient physicians and thus did waste a loft, yet, my result was abnormally nil and I lost all my hopes of survival

Thank God, I had an occasion to see your advertisement once and as a last trial measure, I approached you by a letter narating my awful existing conditions and you were very kind enough to guide me to use the following medicines for two months viz:—

JATHIKUSUMADI
SANJEEVANA SUDHA,
SIDHAMAKARADHWAJAM,
BRIHACHAGALADI

and I have already completed one month course

Obviously I am surprised to say that I find miraculous Devine effects and am much released of my troubles and I can boldly say, that your services to the public will surely be a BOON to save so many who are in serious troubles and I sincerely pray our Lord to give you long life and May God help you and your family with entire success in all your careers and enterprises

MAY GOD GRACE

Very sincerely Yours
James. P. G. Lambart (Sd)

# മാസവിശേഷങ്ങൾ

ആലപ്പുഴ— അശ്ലീലം തേടിത്തേടി കുഴഞ്ഞ് അച്ഛനും മകളുംകൂടി യാത്ര ചെയ്യുമ്പോഴും ചിലർ പിൻതുടർന്നു കുഴപ്പങ്ങൾ സൃഷ്ടിച്ചുവരുന്നതായി അറിയുന്നു. സരസൻമാസികയുമായി യാതൊരു ബന്ധവുമില്ലാത്ത ചില മാർവേഷക്കാർ സ്ഥലത്തു് പലരേയും ഭീഷണിപ്പെടുത്തിവരുന്നതായി പരാതിയുണ്ടു്. ഭീഷണിയുമായി ആരെങ്കിലും നാട്ടുകാരെ സമീപിക്കുന്നു എങ്കിൽ പോലീസ് അധികാരികളെ ഉടൻ വിവരമറിയിക്കുന്നതു് സഹായകമായിരിക്കും. ഗവമ്മെൻറ് ആഫീസുകളിലെല്ലാം ഇപ്പോൾ കൊച്ചുനജന്മാരുടേയും കൊച്ചുനജത്തിമാരുടേയും ബഹളമാണു്. അതിൽ തെററില്ലാ. എന്നാൽ ആഫീസ്സമയങ്ങളിൽ കൃത്യനിഷ്ഠപാലിക്കണമെന്നും നടപടികൾ ശുദ്ധീകരിക്കണമെന്നും സരസൻ തൽക്കാലം പറയേണ്ടതായിവരുന്നു. സെയിൽസ്ടാക്സ് ഉദ്യോഗസ്ഥന്മാരിൽ ചിലരുടെ വിരോധാഭാസമായ നടപടികൾ വ്യാപാരികൾക്ക സഹിക്കവയ്യാതായിത്തീർന്നിരിക്കുകയാണെന്നു് ജനശബ്ദം. സ്ഥലത്തെ റെഡ്യാർകുമാരൻെറ കാറോട്ടം അപകടമാണേ. സ്പേട്ടിനെ സൂക്ഷിക്കണെ. തിരുവമ്പാടി വിവിധോദ്ദേശസഹകരണസംഘം No. A. 96–ൻെറ പ്രവത്തനങ്ങളിലും പ്രവത്തനപുരോഗതിയിലും നാട്ടുകാക്ക് സന്തോഷമുണ്ടു്. ടി സംഘംവകയായി നിർമ്മിക്കുന്ന ബാർസോപ്പുകൾ അത്യുത്തമമാണെന്നു് പരീക്ഷണങ്ങൾകൊണ്ടു് തെളിഞ്ഞിട്ടുണ്ടു്. സ്ഥലത്തെ സി. എസ്. ജെ. സഭയിൽപ്പെട്ട ഒരു അദ്ധ്യാപകൻ പുരാതീനക്കാരനായ ഒരു പുതിയ മാപ്പിളയും കൂടി പള്ളിക്കമ്മററിയിലുള്ള ഒരു വനിതയുടെ നേതൃത്വത്തിൽ ഇടവകപ്പട്ടക്കാരൻെറ വസതിയിൽച്ചെന്നു് ഗുണ്ടായിസം വിളയാടുന്നതുനിമിത്തം പുരാതീനത്തിൻെറ പച്ച പുറത്താകാതിരുന്നാൽ കൊള്ളാം. സിലോണിലെ വനിതാമുഖ്യമന്ത്രിയെപ്പോലെ ടി പള്ളിക്കമ്മററിവനിത പുരുഷന്മാരെ കവച്ചുവച്ചുള്ള ധീരത കാണിക്കുന്നതു് അഭിനന്ദനാർഹംതന്നെ. ആറാട്ടുവഴിജംഗ്ഷനിലുള്ള ഡാനിയൽ എന്ന ഒരു വിറകുകച്ചവടക്കാരൻ ചില റൗഡികളുമായി ദിവസവും രാത്രി 8 മണികഴിഞ്ഞ് കുടിച്ചു മദോന്മത്തരായി, വഴിയേപോകുന്ന യാത്രക്കാരെയും, സ്ഥലത്തെ വ്യാപാരികളെയും കഠാര കാണിക്കുകയും മററും പതിവായിരിക്കുന്നതായി പരാതിയുണ്ടു്. പോലീസ് ശ്രദ്ധിച്ചാലും. രാധാ കയർമിത്സ് ശ്രീ. പി. രാമകൃഷ്ണപിള്ളയുടെ മകൾ മാധവിക്കുട്ടിയും, മാരാരിക്കുളം വേഡിയത്തുവീട്ടിൽ ശ്രീ. എൻ. കൃഷ്ണക്കുറുപ്പിൻെറ ഭാഗിനേയൻ ശ്രീ. എൻ. കൊച്ചുഗോവിന്ദക്കുറുപ്പ് ബി. എസ്സ്സി–യും തമ്മിലുള്ള വിവാഹം വധൂഗൃഹമായ തൈപ്പറമ്പിൽവച്ച് 1960 ആഗസ്റ്റ് 31–ാംനു- വൈകുന്നേരം 7–30–നും 9–നും മദ്ധ്യേയുള്ള ശുഭമുഹൂത്തത്തിൽ സമംഗളം നടന്നു. സ്ഥലത്തെ ഒരു പ്രമുഖ വ്യാപാരി എസ്. ഗോപാലറെഡ്യാരുടെ മകൾ ശ്രീമതി രാജകുമാരിയും, തിരുനൽവേലി സമുഗരംഗപുരം ശ്രീ. കെ. വി. ഭഗവതിറെഡ്യാരുടെ മകൻ ശ്രീ. രാമനാഥൻ ബി. എസ്സ്സിയും തമ്മിലുള്ള വിവാഹം 30 സെപ്റ്റംബർ 12–ാംനു- തിങ്കളാഴ്ച 5–45–നും 7–15–നും അകമുള്ള ശുഭമുഹൂത്തത്തിൽ വധൂഗൃഹത്തിൽവച്ച് സമംഗളം നടന്നിരിക്കുന്നു.

ആയ്യാട്— എൻ. ഇ. എസ്സ്. ബ്ലോക്കിൻെറകീഴിൽ വടക്കനായ്യാട്ടെ ഒരു ഗ്രാമസേവകൻെറ ചില കറുത്ത കായ്യങ്ങൾ, അദ്ദേഹം എല്ലാം ഇരുട്ടാണെന്നു സങ്കല്പിച്ച് മററുള്ളവർ ഈ പ്രവത്തികൾ അറിയുന്നില്ലാ എന്നു കരുതുന്നതു് തെററാണു്. കൃഷി എന്താണെന്നു് അറിയാത്തവർക്കും, കൃഷിപ്പണിയിൽ ഒരു താൽപ്പയ്യവും ഇല്ലാത്തവർക്കും വളക്കുഴി ഉണ്ടാക്കിക്കൊടുത്തതുകൊണ്ടു് യാതൊരു പ്രയോജനവും ഇല്ലാ. സഹാറാമരുഭൂമിപോലെ തരിശായിക്കിടക്കുന്ന ചില സ്ഥലത്തു് പ്രദർശനവസ്തുപോലെ ഏതാനും ദിവസത്തേക്കു് അന്നദാനകൈതക്കൃഷിചെയ്തുകാണുകയും, കൃഷിപ്രദർശനം എന്ന ബോർഡ് കാണുകയും, 15 ദിവസംകഴിയുമ്പോൾ ബോർഡും കൈതയും കാണാതാകുകയുംചെയ്യുന്നു.

മാരാരിക്കുളം— സ്ഥലത്തെ ആയുർവേദഡിസ്പെൻസറിയിലെ ഡാക്ടർ ആഴ്ചയിൽ മൂന്നുദിവസമാണു് ഡിസ്പെൻസറിയിൽ വരുന്നതെന്നു് നാട്ടുകാരുടെയിടയിൽ ഒരു സംസാരമുണ്ടായിരിക്കുന്നു. അധികാരികൾ ശ്രദ്ധിച്ചാൽ കൊള്ളാം.

കഞ്ഞിക്കുഴി— പഴയ തിരുവല്ലാ പ്രസ്സിൻെറ ഒരു ശാഖ മാരാരിക്കുളംകവലയ്ക്കുസമീപം പ്രവത്തനമാരംഭിച്ചിരിക്കുന്നതായി ഒരു ബഹളം ചില പകൽപ്രഭുക്കന്മാരുടെ അനുഗ്രഹാശിസ്സുകൾ ഉണ്ടെന്നാണു് അറിയുന്നതു്. വിശദവിവരം പിന്നാലെ.

കലവൂർ— പള്ളിക്കു സമീപം നടക്കുന്ന കുടിൽവ്യവസായം പുരോഗതിയിൽ. നാട്ടുകാരുടെ പരാതിയിന്മേലുള്ള അന്വേഷണം കൈമടക്കിത്തീരുന്നെന്നാണു് അറിയുന്നതു്. കെട്ടിടഉടമസ്ഥൻ ഈ കാര്യത്തിൽ കൂട്ടുപിടിക്കുന്നതു് ഭാവിക്കു ദോഷമാണെ.

എസ്സ്. എൽ. പുരം— സ്ഥലത്തുള്ള ഒരു ചുമ്മാമമ്മൂഞ്ഞിൻെറ സാക്ഷിനിൽക്കലും മററും മററും നാട്ടുകാർ അറിഞ്ഞിട്ടില്ലെന്നു ഭാവിക്കുന്നതു് നല്ലതിനല്ലെന്നു തൽക്കാലം.

ചേർത്തല— സ്ഥലത്തെ മത്സ്യമാക്കററിൽനിന്നുള്ള ദുർഗ്ഗന്ധംനിമിത്തം യാത്രക്കാർക്കുപോലും റോഡിൽക്കൂടി സഞ്ചരിക്കാൻപാടില്ലാതെയായി ത്തീർന്നിട്ടുണ്ടു്. അധികാരപ്പെട്ടവർ ശ്രദ്ധിക്കാതിരിക്കുന്നതു് കഷ്ടംതന്നെ. നഗരസഭയുടെ പുരോഗമനപരമായ ചിന്തകളാൽ നഗരശുചീകരണനടപടികൾ ഇന്നൊരു പ്രശ്നമല്ലാതെയായിത്തീരുമോ? വ്യവസായികൾതമ്മിലുള്ള മത്സരവും ദുഷ്പ്രചരണങ്ങളും നീതിയാകുമോ? പ്രൈവററുബസ്സ്സ്റ്റാൻഡിൽ ബസ്സ്കാത്തുനിൽക്കുന്ന സ്ത്രീകളോട് ചിലർ അപമയ്യാദയായി പെരുമാറുന്നതായി പരാതിയുണ്ടു്. പോലീസ് ശ്രദ്ധിച്ചാലും. സ്ഥലത്തെ കൊപ്രാമുതലാളിയുടെ എറണാകുളംയാത്രയും സീവ്യൂയിലുള്ള പരിപാടികളും സരസനറിഞ്ഞേ!

മായിത്തറ— ചന്തയിലും പരിസരങ്ങളിലും, നാട്ടുകാരല്ലാത്ത ചില മാർവേഷക്കാരെ കണ്ടുവരുന്നു. ഇതിൽ പല രഹസ്യങ്ങളും ഉള്ളതായി ജനശബ്ദം.

തിരുവിഴാ— കവലയിൽ തുടങ്ങിയിട്ടുള്ള ദുർഗ്ഗാ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ട് നാട്ടുകാർക്കു് പ്രയോജനകരം തന്നെ.

കായംകുളം— സ്ഥലത്തെ മോഡേൺ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടിനു് കേരളാഗവമ്മൻറിൻെറ പുതിയ സ്കീം അനുസരിച്ച് സ്ഥിരം അംഗീകാരം ലഭിച്ചിരിക്കുന്നു. സ്ഥലത്തു് കമേർഷ്യൽഗ്രൂപ്പിനു് സ്ഥിരം അംഗീകാരംലഭിച്ച ഏകസ്ഥാപനമാണിതു് എന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവ്യമാണു്. സ്ഥലത്തെ വ്യവസായകേന്ദ്രത്തിൻെറ മദ്ധ്യത്തിൽ സ്ഥിതിചെയ്തിരുന്ന പാലംപണി തുടങ്ങിയിട്ടു് നാളുകൾ കുറെയായി. എന്നാൽ ഇതുവരെ അതു് പൂത്തിയായി കാണുന്നില്ലാ. അധികാരപ്പെട്ട ഉദ്യോഗസ്ഥന്മാർ ശ്രദ്ധിക്കാതിരിക്കുന്നതു് എന്താണെന്നു് അറിയാൻ നാട്ടുകാരോടൊപ്പം സരസനും ആഗ്രഹിക്കുന്നു.

മാവേലിക്കര— ഗവ: ആശുപത്രിയിൽ ഡോക്ടർ ഇല്ലാതെയായിട്ടു് നാളുകൾകുറെയായി എന്നുമാത്രമല്ലാ മരുന്നുകൾ ഇല്ലാതെയായിട്ടു് കുറിച്ചുകൊടുക്ക

വാൻ കടലാസുപോലും ഇല്ലാതെ, വരുന്ന രോഗികൾ കടലാസുംകൂടി കൊണ്ടു ചെല്ലേണ്ട ഒരവസ്ഥയായി ത്തീർന്നിട്ടുണ്ട്. അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടാൽ നാട്ടുകാർക്ക് അനുഗ്രഹമായിരിക്കും.

കല്ലാർകുട്ടി— ആയിരം ഏക്കറിലെ നഴ്സിംഗ്ഹോം മാററിയതിൽ പലർക്കും പരാതിയുള്ളതായി ജനസംസാരമുണ്ട്. കല്ലാർകുട്ടി ബസ്സിലെ ചെക്കറെ സസ്പെൻറചെയ്തതിൽ സ്ഥലത്തെ മണ്ഡലികൾക്ക് ഖേദമുണ്ടെന്നറിയുന്നു.

പിറവം— സ്ഥലം മിഡ്‌വൈഫ് ജോലി ചാർജ് ഏററിട്ടു രണ്ടുമാസമായെന്ന് ഒരുകൂട്ടർ അതല്ലാ മൂന്നുമാസമായെന്ന് അപരർ. സരസൻ ഗസ്റ്റഹൗസ പറയുന്നു അതിൽ കൂടുതലായെന്നു്. ഏതായാലും അവരുടെ പ്രവൃത്തി പൊതുജനങ്ങൾക്ക് വലിയ പ്രയോജനം ചെയ്യുന്നില്ലെന്നാണ് ജനസംസാരം. അതിനാൽ കൂടുതൽസർവീസും, കഴിവും പ്രാപ്തിയുമുള്ള ഒരു നല്ല മിഡ്‌വൈഫിനെ ഹെൽത്തു സെൻററായി ഉയർത്തിയ പിറവം ആസ്പത്രിയിലേക്കു നിയമിച്ച് ജനങ്ങളെ അനുഗ്രഹിക്കണമെന്ന് ഗവമെൻറിനോടഭ്യർത്ഥിക്കുന്നു.

സേനാപതി— സ്ഥലത്തെ മുഖ്യന്മാർ പാർട്ടിപിടിച്ച് സാധുക്കളെ ഉപദ്രവിക്കുന്ന ഒരു പതിവു തുടർന്നുവരികയാണ്. സരസൻെറ വരിസംഖ്യ കുടിശിഖ വരുത്തിയവരോട് വരിസംഖ്യ ചോദിക്കുമ്പോൾ വിചിത്രമായ ഒഴിവുകഴിവുകൾ പ്രയോഗിച്ച് ഏജൻറിനെ കബളിപ്പിക്കുന്ന വിദ്വാന്മാരും കുറവല്ല. അക്കൂട്ടത്തിൽ വാഴേപ്പറമ്പിൽ കുമാരൻെറയും ഇരുട്ടു കുഞ്ഞുകുട്ടിയുടെയും കാര്യം പ്രസ്താവ്യമാണ്.

കോട്ടയം— ചിങ്ങവനംകാരനായ കാറകച്ചവടക്കാരൻ കയ്യാസ് ഫിയററ കാറിലെ കച്ചവടവും പത്രക്കാരൻെറ കൂട്ടും അടുത്തതിൽ. ഒരു കമ്യൂണിസ്റ്റ് മെമ്പറുടെ ലോഡ്ജായ സന്തോഷ് ലോഡ്ജ് രാത്രികാലങ്ങളിൽ ചരക്കുബുക്കിംഗ് ലാഡ്ജായി മാറിയിരിക്കുന്നതും ഇല്ലിക്കൽ സഖാക്കളും അടുത്തതിൽ. സി. എസ്സ്. മുതലാളി കേശവൻ കലക്ടറാഫീസ് തിണ്ണയിൽനിന്ന് സരസനെ ചീത്തപറയുന്നതും കെ. എൽ. എ. 90 ൽ പോയതു് നീതികരിക്കുന്നതും, ട്രാഫിക്ക് പിടിച്ചപ്പോൾ കാറകാരൻ സമ്മതിച്ചതും അടുത്തതിൽ.

കുമരകം— കുമരകം വാസന്തി ജനാർദ്ദനൻെറ വീട്ടുകാരിയോ എന്നു് പഴയ കുമരകംന്യൂസ് അന്വേഷണം നടത്തുന്നതും സ്ഥലത്തെ ഒരു പത്രക്കാരൻ ജനാർദ്ദനൻചേട്ടാ എന്നു വിളിച്ചുകൊണ്ട് പുറകേനടക്കലും ചെങ്ങളത്തെ നാട്ടുകാർ ഉണ്ടാക്കിയ റോഡുപറയുന്നു.

തൃശ്ശാറകുളം— ബസാർ അപ്പിയുടെ പ്രവർത്തനം പുരോഗതിയിൽ നടന്നുവരുന്ന കുട്ടിമുട്ടലും അടിലഹളയും സരസൻ അറിയുന്നു. ദുർനടപടിക്കാരെ കണ്ടുപിടിച്ചു മാതൃകാപരമായി ശിക്ഷിക്കുന്നതിന് അത്രക്കററി പോലീസ് ശ്രദ്ധിക്കണം.

പാണാവള്ളി— ആന്ദിലത്തോടിനു സമീപമുള്ള ചക്കാത്തുവായന നിർത്തിയില്ലെങ്കിൽ കള്ളി വെളിയിൽആകുമെ. ചില കൊച്ചുമുതലാളിമാരുടെ ബപ്പുകടിയും ഗോഷ്ഠിയും കോങ്കണ്ണിനു കാരണമാകും നിത്തണേ സാറെ സൈററടി.

പൂച്ചാക്കൽ— ഡാക്ടർ സാറിൻെറ ഡിസ്പൻസറിയുടെ ചില മുറികളിൽ നിന്നുള്ള വിലാപം സരസൻ അറിയുന്നു. നിത്തണേസാറെ! പള്ളിപ്പുറം ബ്രാഞ്ചിലെ പ്രവർത്തനം പുരോഗതിയിൽ. പക്ഷെ മരുന്നും ഡാക്ടറുമില്ലെന്ന് പൊതുജനസംസാരം.

പള്ളിപ്പുറം— പള്ളിചന്തയിലെ പള്ളിപ്പെരുനാൾദിവസം കടമാനേജരായിരുന്ന മുതലാളി കണക്കുനോക്കിയപ്പോൾ പണം ചാത്തൻ അടിച്ചുകൊണ്ടുപോയി എന്ന് ഒരു ജനസംസാരം.

അത്രക്കററി— സ്ഥലത്തെ ചില ചോട്ടാമുതലാളിമാരുടെ ചക്കാത്തുവായന സരസനറിയുന്നു. കള്ളി വെളിയിലാകാതെ സൂക്ഷിക്കണേ.

ഒററപുന്ന— സ്ഥലത്തെ ചില ചായക്കടമുതലാളിമാരുടെ ചക്കാത്തുവായനയും വിമർശനങ്ങളും സരസനറിയുന്നു. ബോട്ടുജട്ടിയിലെ കളിയാക്കൽപ്രസ്ഥാനത്തിന് ചില കറുത്ത കൈകളുണ്ടെന്നു് ജനസംസാരം അധികാരികൾ ശ്രദ്ധിക്കണം.

തുറവൂർ— നടക്കലേ ചില വ്യവസായികൾക്ക് സരസനോട് ഒരു ഓക്കാനം. സരസൻ കണ്ടാൽ കണ്ടതുപറയുമേ പരിഭവിച്ചിട്ടു ഫലമില്ല. ചാവടിച്ചന്തയിൽ ചില കോമാളികളുടെ ശല്യംനിമിത്തം സ്ത്രീകൾക്കു വഴിനടക്കുവാൻ നിവൃത്തിയില്ലന്നൊരു പൊതുജനസംസാരം.

തൈക്കാട്ടുശേരി— സ്ഥലത്തെ വായനശാലാപ്രവത്തനം പുരോഗതിയിൽ നടന്നുവരുന്നു. ചില പൂവ്വാലന്മാർ പകൽ രാത്രിയാക്കി പെരുമാറുന്നതും സരസനറിയുന്നു. വിശദവിവരം അടുത്തതിൽ.

റാന്നി-പെരുനാട്— പമ്പാആഫീസുവക മുട്ടസംഹാരവും എസ്സ്. എൻ. ആശുപത്രിയുടെ പുറകോട്ടേക്കുള്ള മാററവും നിമിത്തം കക്കാട്ടുശാസ്താവ് സ്ഥലം മാറിയതാരും ഒപ്പാരി സിസ്റ്റേഴ്സിൻെറ വിട്ടിലെ ചാരായംവിതരണവും പുതിയ പൂവാലന്മാരുടെ രംഗപ്രവേശനവും നടന്നതോടുകൂടി മുൻഗണനന ഉണ്ടായിരുന്നതിൽ ചിലരെല്ലാം പിണങ്ങി മാറിയതായും സരസൻ അറിയുന്നു.

കുടയത്തൂർ— ഹൈസ്കൂളിനു സമീപമുള്ള കെ. വി. എസ്സ്. മന്ദിരത്തിൽ 21-9-'60 മുതൽ ഒരു ഹരിജൻഹോസ്റ്റൽ തുറന്നു പ്രവർത്തനം തുടങ്ങിയിരിക്കുന്നു.

ഉപ്പുതറ— ഉപ്പുതറ സിററിയിൽ പട്ടികളുടെ ശല്യം വർദ്ധിച്ചുവരുന്നു പഞ്ചായത്തിൻെറ ശ്രദ്ധ പതിഞ്ഞുകാണുവാൻ ആഗ്രഹിക്കുന്നു.

അമ്പലപ്പുഴ— കരൂർ പായിക്കുളങ്ങര ക്ഷേത്രത്തിനു കിഴക്ക് താമസക്കാരായ ചില പൂവാലന്മാരുടെ രാത്രിയിലുള്ള സവാരിയും, ചില സാധുക്കളുടെ വീടുകളിൽനിന്നും കപ്പ, ചേമ്പ്, തേങ്ങാ മുതലായ സാധനങ്ങളുംമററും മോഷണം ചെയ്തുകൊണ്ടുപോകുന്ന സംഗതിയും മററും മററും സരസനറിയുന്നുണ്ട്. സ്ഥലം പോലീസ്സിൻെറ ശ്രദ്ധ പതിഞ്ഞുകണ്ടാൽ കൊള്ളാമെന്ന് ആഗ്രഹിച്ചുകൊള്ളുന്നു.

അഞ്ചൽ— ആണ്ടുതോറും നടത്തിവരാറുള്ള വട്ടമൺവയലിലെ മരമടി ഈ വർഷവും സാഘോഷം നടത്തപ്പെട്ടിരിക്കുന്നു. ആലഞ്ചേരിയിൽനിന്നും ഒരു സരസപ്രിയൻ അയച്ചുതന്ന വാർത്തയേപ്പററി അന്വേഷിച്ചുടുത്തതിൽ. കരിമൺ ജംഗ്ഷനിലെ അരയാലിൻചുവട്ടിൽ അർദ്ധരാത്രിയിൽ വട്ടംചുററുന്ന ത്രിയക്ഷികളെ പററിക്കൂടുന്ന പഞ്ചപാണ്ഡവന്മാരുടെ പേരുവിവരം അടുത്തതിൽ.

വൈക്കം— കൊതവറ വടക്കേകൊട്ടിൽ പണംവച്ചുള്ള ചീട്ടുകളിയും കല്ലറക്കാരൻെറ വരവിനു കുടലാവണക്കംപത്തലു സമ്മാനിക്കുവാനുള്ള ആലോചനയും മാരാംവീട്ടിൽ മി. പൗലോസിൻെറ ററീഷാപ്പിൽനിന്നു സരസൻ മോഷണവും ചെമ്മനത്തുകരയിൽ നാടകത്തിനു അഭിനയിക്കുന്നതു നല്ലതുതന്നെ. ആണുങ്ങളില്ലാത്ത വീട്ടിൽചെന്നു പെണ്ണുങ്ങളുടെ ആടിവാങ്ങിക്കുന്നതു നല്ലതാണോ. ആഗസ്റ്റ് പതിനഞ്ചിൽ ബാങ്കൊഴിവുദിവസമായതുകൊണ്ടായിരിക്കാം പള്ളിപ്രത്തു പള്ളിയിലെ പെരുനാൾസ്ഥലത്തുവച്ച് അഡ്വാൻസുകൊടുത്തതുംമററും അവജ്ഞകേന്ദ്രങ്ങളിൽനിന്നും അറിവുലഭിച്ചിരിക്കുന്നു. വിശദവിവരം അടുത്തതിൽ.

ചീറത്തലാർ— ഇവരെ പരിചയപ്പെടുക. നിങ്ങളിലാക്കെങ്കിലും പണംതരാനുണ്ടെങ്കിൽ പിന്നെയാകട്ടെയെന്നോ അല്ലെങ്കിൽ പെരുവിരൽ കാട്ടി....സ്റ്റേകയോ ചെയ്യും ഇവർ നാൾകാരികളാണ് ഇവററകളുടെ ഓരോ നഖചിത്രവും ഓരോ ലക്കത്തിലും വായനക്കാർക്കു പരിചയപ്പെടുത്താം.

പൊന്നാംവെളി— ആയുർവേദഡിസ്പെൻസറിയിൽനിന്നും മരുന്നുകൾ പുറത്തേക്ക് ധാരാളം കൊടുക്കുന്നുണ്ട്. എന്നാൽ അത് രോഗികൾക്കായിരുന്നു എങ്കിൽ തരക്കേടില്ലായിരുന്നു. അത് വാങ്ങുന്നവർ രോഗികൾക്ക് കൊടുക്കുന്നില്ലെന്നാണ് നാട്ടുകാർ പറയുന്നത്. എങ്ങനെയായാലും നാട്ടുകാരുടെ രോഗത്തിന് ആയുർവേദഡിസ്പൻസറികൊണ്ട് ശമനമുണ്ടാകുന്നുണ്ടല്ലോ എന്നുള്ള ഒരു സമാധാനം സരസനും ഉണ്ട്.

കാച്ചിറ— അന്യസ്ഥലങ്ങളിൽനിന്നും ഭക്തജനങ്ങളായ സ്ത്രീപുരുഷന്മാർ ദിവസവും ക്ഷേത്രാരാധനയ്ക്കായി ഇവിടെ വന്നു താമസിക്കുന്നുണ്ട്. ഇവർ ഒരു സംഘം മദ്യപാനികളുടെ ശല്യംനിമിത്തം വളരെ ക്ലേശങ്ങൾ സഹിച്ചുവരുന്നു. അധികാരികൾ 'ഉടനെ ശ്രദ്ധിക്കണം.

പുന്നപ്ര— ബസാറിൻെറ മുമ്പിൽ വീണ്ടും ദൈവം പ്രത്യക്ഷപ്പെട്ടു എന്നും, ആദ്യം കിട്ടിയ 10 സെൻറ് സ്ഥലത്ത് അമ്മ പറഞ്ഞ വാക്കിനെ ലംഘിച്ച് 1000 രൂപായുടെ പുരപണിയുന്നതിന് ബഡ്ജററ്പാസാക്കിയെന്നും, ദൈവം പ്രത്യക്ഷപ്പെട്ടപ്പോൾ പകുതി പണം കൊടുത്തു എന്നും, ബാക്കി കിട്ടാഞ്ഞതിനാൽ ബഡ്ജററ് അനിശ്ചിതകാലത്തേക്ക് മാററിവെച്ചിരിക്കയാണെന്നും ജനശബ്ദം.

ചൂളത്തെരുവ്— സ്ഥലം പബ്ളിക്കമാർക്കററിൽവരുന്ന സ്ത്രീകളോട് അപമര്യാദയായി മാക്കററ പിരിവുകാരൻ പെരുമാറിയത് മോശമാണേ.

വാരണം പുത്തനങ്ങാടി— ഇൻസ്റ്റാൾമെൻറപദ്ധതിക്കാർ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. ഇതെല്ലാം എങ്ങനെ അവസാനിക്കുമെന്ന് കണ്ടറിയണം. അധികാരപ്പെട്ടവർ ശ്രദ്ധിക്കണം.

വടക്കനൊയ്യാട്— സ്ഥലത്തെ ഹെൽത്ത് മിഡ്വൈഫ് തുടങ്ങിയിട്ടുള്ള പദ്ധതികൾ തരക്കേടില്ലാ. പാവപ്പെട്ടവരെ ഇത്തരത്തിൽ അധഃപതിപ്പിക്കുന്നത് നല്ലതിനല്ലാ എന്നുമാത്രമേ സരസൻ പറയുന്നുള്ളു.

മരുതമൺപള്ളി— മാടവന പുത്തൻവീട്ടിൽ ശ്രീ. എൻ. കൃഷ്ണപിള്ള അവർകളുടെ മകൻ ശ്രീ. കെ. ചെല്ലപ്പൻപിള്ളയും (അഖില കേരള ശാസ്ത്രീ—ഹയർ അസോസിയേഷൻ പ്രസിഡൻറ്) ശൂരനാട്ട് പുളിന്താനത്തുവീട്ടിൽ ശ്രീ. പി. കുഞ്ചുപിള്ള അവർകളുടെ മകൾ കുമാരി പങ്കജവും തമ്മിലുള്ള വിവാഹം 1136 ചിങ്ങം 28-ാംനു- ശാസ്താംകോട്ട ശ്രീ മഹാദേവർക്ഷേത്രസന്നിധിയിൽവച്ച് സമംഗളം നടന്നിരിക്കുന്നു.

മൂവാററുപുഴ— ട്രാൻസ്പോർട്ട് ബസ്സ്സ്റ്റാൻഡിൽ നാലുമണിക്കുശേഷം വന്നുകൂടുന്ന പൂവാലന്മാരുടെ പേരുവിവരം അടുത്തതിൽ. വെള്ളൂർക്കുന്നംജംഗ്ഷനുസമീപം പണംവച്ചുള്ള ചീട്ടുകളി അധികാരിക ശ്രദ്ധിച്ചാൽക്കൊള്ളാം.

ശാസ്താംകോട്ട— ഭരണിക്കാവ് കശുവണ്ടിഫാക്ടറിയിൽ ജോലിക്കുപോകുന്ന സ്ത്രീകളെക്കണ്ട് മുക്രായിടുന്നത് സരസൻ അറിയുന്നുണ്ട്. സൂക്ഷിക്കണെ. വാസുദേവൻപിള്ളയുടെ പെററീഷൻ ബലേഭേഷ്. കൈമണിയടി ഇനിയെങ്കിലും നിറുത്തണെ.

തിരുവല്ലാ— പള്ളിക്കുസമീപമുള്ള പോസ്റ്റുമാൻ മൂപ്പിൽ ഒരു പൂച്ചയെ പോററുന്നതായും കൂടെ കൊണ്ടു നടക്കുന്നതായും മററും അടുത്തുള്ള ചിലർ പറഞ്ഞു കൂക്കുവിളിക്കുന്നു. പുള്ളി പട്ടിഘാതകനാണത്രേ. കള്ളഭക്തൻ കാസരോഗി സാധനങ്ങൾക്കു കൂടുതൽ വിലവാങ്ങി സമ്പാദ്യമുണ്ടാക്കിയിട്ടും തന്നെ രക്ഷിച്ച കൊച്ചേട്ടനെ തെരുവുതിണ്ണയുമാക്കിയ രഹസ്യങ്ങൾ അടുത്തതിൽ,

അയ്യപ്പൻകോവിൽ— വിജയാസ്റ്റോഴ്സിൽ നാട്ടുകാർക്കും തോട്ടക്കാർക്കും പററിയ ജൗളിത്തരങ്ങൾ വന്നുചേന്നിരിക്കുന്നു. മൊത്തമായും ചില്ലറയായും മിതമായവിലയ്ക്കും വിററുവരുന്നു. ഡോക്ടർ ആനക്കുഴിയുടെപേരിൽ ജനങ്ങൾക്കഭിപ്രായമില്ലെങ്കിലും, നേഴ്സുകൾക്ക് കമ്പോണ്ടരുടെ ഉച്ചയ്ക്കുള്ള ജോലിയിൽ നല്ല അഭിപ്രായമാണെന്നു കേൾക്കുന്നു.

കുടശ്ശനാട്— രാത്രിയിൽ കാളവണ്ടിയിൽ നൂറനാട്ട് ആശുപത്രിയിലേക്കു കടത്തിയ "ചരക്ക്" വ്യാജസാധനമായിരുന്നെന്ന് ഒരപവാദം. ഹാ, സരസനതൊന്നുമറിഞ്ഞില്ല. പക്ഷെ ഇനിയെങ്കിലും നാട്ടുകാരെ 'പന്നന്മാ'രാക്കുന്ന പണി നിത്തിയാൽ അടുത്തതും ശരിയാക്കാം. തൽക്കാലം നിറുത്തുന്നു.

ബ്രഹ്മമംഗലം— സ്ഥലത്തും പരിസരങ്ങളിലും പണംവച്ചുള്ള ചീട്ടുകളി വർദ്ധിച്ചുവരുന്നു. അധികാരികളുടെ ശ്രദ്ധ പതിഞ്ഞുകാണുവാൻ ആഗ്രഹിക്കുന്നു. എച്ച്. എസ്-ലെ വിദ്യാർത്ഥികൾ പബ്ളിക്കുറോഡിൽകൂടി കടന്നുപോകുന്ന യാത്രക്കാരെ പരിഹസിക്കുന്നത് ഒരു നിത്യസംഭവമായിത്തീർന്നിരിക്കുന്നു.

കൊട്ടാരക്കര— അന്തൂർസ്വദേശിയായ അയ്യപ്പൻ എന്ന ആള് കുണ്ടറ ചന്തയിൽപ്പോയി ആടുകച്ചവടവും നടത്തി രാത്രി 9 മണിയോടുകൂടി വീട്ടിലേക്കുവരുന്നവഴി കുറെ റൗഡികൾ ടിയാനെ ആക്രമിച്ച് അവശനാക്കുകയും കൈവശമുണ്ടായിരുന്ന പണം അപഹരിക്കുകയും ചെയ്തിരിക്കുന്നു. പോലീസ് വേണ്ടത്ര അന്വേഷണം നടത്തിയിട്ടില്ലെന്നാണറിവ്.

മാള— മാള മണ്ഡലം കോൺഗ്രസ് സിക്രട്ടറിയും, സരസൻപ്രതിനിധിയുമായ ശ്രീ. ഏ. എച്ച്. അടിമ അവർകളുടെ ഏക സഹോദരി ശ്രീമതി നഫീസാബീവിയും, വൈപ്പപാടത്ത് മുഹമ്മദ് അവർകളുടെ പുത്രൻ ശ്രീ. അമ്മുകുഞ്ഞിയും (ആല—കോതപറമ്പ്) തമ്മിലുള്ള വിവാഹം വധൂഗൃഹത്തിൽവച്ച് സമംഗളം നടന്നിരിക്കുന്നു.

വെപ്പൂച്ചിറ— സരസൻ ഒററപ്രതി എണ്ണൂറാംവയലിൽ പി. ഏ. പരീതുറാവുത്തരുടെ കടയിൽനിന്നു കിട്ടുന്നതാണ്.

കുണ്ടറ— പെരുമ്പുഴയിലെ ഒരു അരയൂണിററ് സിക്രട്ടറിയും കാൺഗ്രസ് പ്രവത്തകനെന്ന് അഭിമാനിച്ചു നടക്കുന്നവനുമായ ഒരു ബഡാ നേതാവ്, മന്ത്രിമാരും എം. എൽ. ഏ-മാരും തൻെറ കൈവശമാണെന്നു ധരിപ്പിച്ച് നിരപരാധികളായ സാധുക്കളിൽനിന്നും ഉദ്യോഗംവാങ്ങിക്കൊടുക്കാമെന്നപേരിൽ ആയിരക്കണക്കിനു രൂപാ കൈക്കൂലിവാങ്ങിവരുന്നതായി ഒരു പരാതിയുൽഭവിച്ചുവരുന്നു. ചോട്ടായുടെ തടിക്കു കേടുപററുന്ന ചടങ്ങാണ് കാണുന്നത്. ഡി. എസ്. പി! ആഫീസിലെ ഒരു ക്ലാക്കിൻെറ വസതി നേരംഇരുട്ടിക്കഴിഞ്ഞാൽ കേസുതീർക്കലിൻെറ ഒരു കോളനിയായിത്തീർന്നിരിക്കയാണ്. അടുത്തകാലത്തുണ്ടായ ഭീമമായ സമ്പാദ്യം അഴിമതിവകപ്പൊന്നന്വേഷിച്ചാൽ കാണാം, പാരിതോഷികത്തിൻേറയും കനത്ത കേസുകളുടേയും ലിസ്റ്റുകൾ. കുഴിയംപ്ലേസിൻെറയും പിററയം കേസിൻെറയും വിശദീകരണം വിശദമായി അടുത്തതിൽ.

ആററിങ്ങൽ— ഡി: രജിസ്ട്രാരുടെ വരവും കൈക്കൂലിപ്പാപ്പിയുടെ കരച്ചിലും കക്ഷികളുടെ കാലുപിടുത്തവും കൊള്ളാം. റേറ് അല്പം കൂടിച്ചിട്ടുണ്ട്! ഹൈസ്കൂൾ അദ്ധ്യാപകസഖാക്കളുടെ അടിപിടി സ്കൂളിൽവച്ച് ഉൽഘാടനംചെയ്തതിലെ രഹസ്യങ്ങൾ അന്വേഷിക്കട്ടെ. റേഷൻപഞ്ചസാരക്കായ്യത്തിലെ തകരാറുകൾ താസിൽദാർ രഹസ്യമായി അന്വേഷിക്കണം. ആഗസ്റ്റ്ലക്കത്തിലെ "ലൊട്ടുലൊട്ടുക്കുവാത്ത" ഖേദകരമാണെന്ന് ടെയിലർ അറിയിക്കുകയാൽ പിൻവലിച്ചിരിക്കുന്നു. ഒരു ഡസനിൽപ്പരം എൻ. ജി. ഓ-കൾ ഒന്നിച്ച് പ്രസവാവധിയെടുക്കേണ്ടിയിരിക്കുന്നത് ചിന്തനീയമെന്ന് കച്ചേരിനടയിൽ ഒരു ബഹളം.

---

## ചരമം

മാടപ്പള്ളി— സുപ്രസിദ്ധ ആയുർവ്വേദവൈദ്യനായ കൂടത്തിങ്കൽവീട്ടിൽ ശ്രീമാൻ കെ. കെ. നാരായണൻവൈദ്യൻ വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം 78-ാമത്തെ വയസ്സിൽ 1136 കന്നിമാസം 5-ാംനു- നിര്യാതനായിരിക്കുന്നു. പരേതൻെറ ആത്മാവിന്ന് നിത്യശാന്തി നേർന്നുകൊള്ളുന്നു.

തിരുവമ്പാടി— സൊസൈറ്റികളുടെ ഒരു ഘോഷയാത്ര ഈ അംശത്തിൽ നോക്കിയാൽ കാണാം. പാൽസൊസൈററി, വിവിധോദ്ദേശം, കുടിൽവ്യവസായം, ഭൂപണയബാങ്ക്. മാക്കററിംഗ് തുടങ്ങിയ സൊസൈററികൾ, നീണ്ട അഡ്റസ്സുകളോടുകൂടി അനവധി— കോടഞ്ചേരി പാൽസൊസൈററിയും; കൂടരഞ്ഞി സൊസൈററിയും തികച്ചും പ്രയോജനപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് സന്തോഷപൂർവം സരസൻ പ്രസ്താവിച്ചുകൊള്ളട്ടെ. എന്നാൽ തിരുവമ്പാടിയിലുള്ള സാധു കർഷകരുടെ "വയറാത്തടി"സൊസൈററി എന്നൊരു പേരിൽ ബുദ്ധിമാന്മാർ സംഘടിപ്പിച്ചാൽ മുതലെടുക്കാമായിരുന്നു. പല നല്ലകാര്യങ്ങളും തുടങ്ങിവച്ചു. മുൻപോട്ടുമില്ലാ—പിൻപോട്ടുമില്ലാ. ഒരു കാര്യംകൂടി സരസൻ വ്യക്തമായി പറയുന്നു; സ്ഥലത്തെ കുതികാലുവെട്ടികളേ! നിങ്ങൾക്ക്....അയ്യോ കഷ്ടം. കാലത്തിന്റെ മാററങ്ങൾ നിങ്ങൾ അറിഞ്ഞില്ലാ എങ്കിൽ കാലം നിങ്ങളെ അറിയിക്കും.

മൈനാഗപ്പള്ളി— കല്ലുകടവുകമ്പനിമാനേജരുടെ ചില നിർബന്ധബുദ്ധിയും മററും മററും, റെയിൽവേസ്റ്റേഷനു സമീപമുള്ള ഒരു പഞ്ചവർണ്ണക്കിളിക്കു വേണ്ടി ചിലർ നടത്തുന്ന വാശിയേറിയ പ്രവർത്തനവും അടുത്തതിൽ.

ചെമ്പ് അങ്ങാടി— കുറെ യുവാക്കന്മാർ ഇടവഴികളിലും മാർക്കററിലും സ്ത്രീകൾക്ക് ശല്യമായിത്തീർന്നിരിക്കുന്നു. പേരുവിവരം അടുത്തതിൽ.

കല്ലാർ—വട്ടയാർ— സ്ഥലത്തെ ഗവമ്മെൻറ് ഡോക്ടർ നല്ലവനാണ്—സമർത്ഥനാണ്. പക്ഷേ കൈക്കൂലിയും കാർഷെഡിലെ പ്രേമവും ഡാക്ടരെ ചീത്തയാക്കും.

കൂത്താട്ടുകുളം— സ്ഥലത്തെ പഞ്ചായത്തുകക്കൂസ് പൂട്ടിയിട്ട തിനു ശേഷം ഗവ: എൽ. പി. സ്കൂളിന്റെ പരിസരപ്രദേശങ്ങൾ നാട്ടുകാർ കക്കൂസുകളായി ഉപയോഗിക്കുന്നു.

കീഴൂർ— ഇരുമ്പയം വൈ. എം. എ. യിൽനിന്നും സരസൻമാസിക. ആഴ്ചപ്പതിപ്പ് മുതലായവ ചോദിക്കാതെ കൊണ്ടുപോകുന്നതും തിരിയെ ഏൽപ്പിക്കാത്ത പതിവും നിറുത്തണെ. ഈ പ്രസ്ഥാനം തുടരുന്നപക്ഷം പേരുവിവരം പിന്നാലെ അറിയിക്കുമേ.

കാഞ്ഞിരപ്പള്ളി— ബേബിതിയേററിൽ സിനിമാകാണുവാൻ കേറുന്നവർ ഇറങ്ങിപ്പോരുമ്പോൾ ചൊറിഞ്ഞും മാന്തിയും വരുന്ന കാഴ്ച ബഹുരസം തന്നെ. കാരണം മറെറാന്നുമല്ല, തിയേററുകാർ വളർത്തുന്ന മൂട്ടയുടെ ശല്യംനിമിത്തമാണ്. തിയേറററുകാരും വിനോദനികുതി ഈടാക്കുന്ന സ്ഥലത്തെ പഞ്ചായത്തും ഇക്കാര്യം ശ്രദ്ധിക്കണം.

നീഴൂർ— നീഴൂരും പരിസരപ്രദേശങ്ങളിലും സരസൻ മാസിക ആവശ്യമുള്ളവർ നീഴൂർ വിശ്വഭാരതി സ്കൂളിനുസമീപമുള്ള ടി. കെ. ഭാസ്കരന്റെ സ്റ്റേഷനറിക്കടയിൽനിന്നും ലഭിക്കുന്നതാണ്.

വാഴക്കുളം— ചക്കാത്തുവായനക്കാർ വായിക്കുന്ന സാധനത്തോടും അതിന്റെ പ്രവർത്തകരോടും പ്രസ്ഥാനത്തോടും ഒരു മര്യാദപാലിക്കുവാൻ സന്മനസ്സുണ്ടാകണം ജീവിതം ഒരു പ്രശ്നമാണല്ലോ. അടുത്ത തെരഞ്ഞെടുപ്പിന്റെ നാന്ദി ഇതാ വാഴക്കുളത്ത് അഭിനയിച്ചുതുടങ്ങിയിരിക്കുന്നു. ഇതിനും ഒരു മര്യാദപാലിക്കണം.

കൃഷ്ണപുരം— മുക്കടയിൽ രാജന്റെ ബാർബർഷാപ്പിൽനിന്നും മാസികകളും വാരികകളുംമററും മോഷണം പോകുക ഒരു നിത്യസംഭവമായി വരികയാണെന്ന് സരസനറിയുന്നു. പേരുവിവരം അടുത്തതിൽ.

നെല്ലിമററം— ശരിക്കും ജോലിനടത്തണമെന്ന് നിർദ്ദേശിക്കുകയും, കൊള്ളരുതായ്മക്ക് കൂട്ടുനിൽക്കാതിരിക്കുകയും, കരിങ്കുന്നത്ത് കൂട്ടുപോകാതിരിക്കുകയും ചെയ്തതിന് ശുദ്ധനായ പഞ്ചായത്ത് ഓഫീസറെ സ്ഥലംമാററി ഇഷ്ടപ്പെടിവാഴാൻവെമ്പുന്ന കൂട്ടുജീവനക്കാരെ നിങ്ങൾക്കു നല്ലതുവരട്ടെ....യെന്ന് സരസൻ പ്രാർത്ഥിക്കുന്നു.

പറക്കോട്ട്— മുസ്ലീംപള്ളിക്കുസമീപം വ്യാജച്ചാരായംവാററും കുടിയും തുടർന്നുവരികയാണ്. ഈയിടെ അല്പരാത്രി ഒരു യുവാവിനെ ചാരായംകൊടുത്ത് മയക്കിയശേഷം കൈവശമുള്ള രൂപയും മററു സാധനങ്ങളും പിടിച്ചുപറിക്കുകയും വേണ്ടവിധത്തിൽ ദേഹോപദ്രവം ഏൽപ്പിച്ചതായും സരസൻ അറിയുന്നു.

പക്കിക്കൽ— ആധുനിക നാരദന്മാരുടെ വിളയാട്ടം പാവപ്പെട്ട അദ്ധ്യാപകരുടെ അഭിമാനത്തെ ചോദ്യംചെയ്യുന്നുണ്ട്. നിസ്സാര സംഭവങ്ങളുടെ വെളിച്ചത്തിൽ അന്യനാട്ടുകാരായ അദ്ധ്യാപകരെന്നുപറഞ്ഞ് ആക്ഷേപിക്കുന്ന സമ്പ്രദായം കോവിലകത്തെ അങ്ങുന്നുന്മാർ നിറുത്തുന്നതുകൊള്ളാം.

ഉഴവൂർ— സരസൻ ഒററപ്രതിക്ക് കെ. കെ. നാരായണന്റെ മുറുക്കാൻകടയിലോ പബ്ളിക്ക്‌ലൈബ്രറിയിലോ അന്വേഷിക്കുക.

പത്തനാപുരം— 11—9—60 ഞായറാഴ്ച പകൽ 9 മണിക്ക് മൂന്നു സ്ത്രീകൾ കലഞ്ഞൂർ അമ്പലത്തിൽ കുളിച്ചു തൊഴാൻപോയതിന്റെ പുറകെ ഒരു പൂവാലനും അവന്റെ നേതൃത്വത്തിൽ വേറെ ഒരാളെയും കൂട്ടിക്കൊണ്ടുപോയി. ഇവരുടെ വൃത്തികെട്ടവാക്കുകൾകേട്ട് നാട്ടുകാർ അവനെ ഉപദ്രവിക്കുവാൻ ശ്രമിക്കുകയുംചെയ്തു. ഇതുനിത്താതിരുന്നാൽ പേരുവിവരം അടുത്തതിൽ.

കൂത്തുപ്പള്ളി— ദി മോഡേൺ ആർട്ട്സ് ക്ലബ് & റീഡിംഗ്റൂമിൽ എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് നാലരമണിക്ക് പ്രസംഗപരിശീലനക്ലാസ്സ് ഉണ്ടായിരിക്കുന്നവിവരം നാട്ടുകാരെ അറിയിച്ചുകൊള്ളുന്നു.

...o...


## കലാവേദിക്ക് ഒരു സംഭാവന!



**കാഥികൻ:—**

**എസ്സ്. എൽ. പുരം**

**പത്മനാഭൻ ഭാഗവതർ**

ഹാർമോണിയം:—

സംഗീതവിദ്വാൻ ചേർത്തല

പത്മനാഭൻ ഭാഗവതർ

മൃദംഗം:—

ചെങ്ങളം തങ്കമ്മ.

ഫിഡിൽ:—

മാസ്റ്റർ ശിവൻ (ചേർത്തല)

For Booking:

പത്മനാഭൻ ഭാഗവതർ,

കാഥികൻ, S. L. പുരം P. O.

ചേർത്തല.

# ശാസ്ത്രീയമായ പ്രസവരക്ഷ!

## അമ്മമാരിൽ ആരോഗ്യവും സൗന്ദര്യവും വർദ്ധിപ്പിക്കുന്നു.




പ്രസവം കഴിഞ്ഞാൽ അടുത്ത ദിവസംമുതൽ "പ്രസൂതികാമൃതം" (Regd) (അരിഷ്ടം) കാലത്തും വൈകുന്നേരവും ആഹാരത്തിനുമുമ്പ് സേവിക്കുക. ഇങ്ങനെ 12 ദിവസം കഴിഞ്ഞാൽ "ധാന്വന്തരം കഷായം" അര ഔ: തിളപ്പിച്ചാറിയ വെള്ളം 1 ഔ: ചേർത്ത് കാലത്തും വൈകുന്നേരം 5 മണിക്കും ഉപയോഗിക്കുക. ഉച്ചയ്ക്ക് ആഹാരത്തിനു ശേഷവും, അത്താഴത്തിനു ശേഷവും "ദശമൂലാരിഷ്ടം" ഒരൗൺസുവീതം സേവിക്കുക. തേച്ചുകുളിക്കുവാൻ, നീരിളക്കമൊരെങ്കിൽ "നിർഗ്ഗുണ്ഡീതൈലം" മുടികൊഴിച്ചിൽ ഉള്ളവരെങ്കിൽ സ്പെഷ്യൽ "നീലിഭൃംഗാദി തൈലമോ" ദേഹത്ത് "സ്കിൻടോൺ" കുഴമ്പും തേയ്ക്കുക. ഇപ്രകാരം 24 ദിവസം കഴിഞ്ഞാൽ "മൃഗമദാദി രസായനം" ഒരു മാസം തുടർച്ചയായി കാലത്തും വൈകുന്നേരവും ഒരു ക. തൂക്കം മുതൽ രണ്ടു ക. തൂക്കംവരെ സേവിക്കുക.

ഈ ശാസ്ത്രീയമായ പ്രസവരക്ഷാക്രമം അനുഷ്ഠിക്കുവാൻ ഓരോ അമ്മമാരും ശ്രദ്ധയുള്ളവരായിരിക്കുക.
ഔഷധങ്ങൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ കിട്ടും.
വി. പി. ഏർപ്പാട് ഹെഡ്ഡാഫീസിൽമാത്രം—കൂടുതൽ വിവരം ഔഷധസഹിതം.

## S. D. ഫാർമസി, H. O. ആലപ്പുഴ. Phone No. 586 (P. Box. 61)

ബ്രാഞ്ചുകൾ— തിരുവനന്തപുരം, ചേർത്തല, അമ്പലപ്പുഴ, കത്തിയതോട്. എടത്വാ, പാലാ, തൊടുപുഴ, കൊച്ചി (തോപ്പുംപടി), തൃശ്ശൂർ, ചങ്ങനാശ്ശേരി, മട്ടാഞ്ചേരി; എറണാകുളം (With Nursing home)

---

## S. D. ഫാർമസീസ്- ★ സ്ഖലനനിവാരണി ★ യുവലോകത്തിനു് അനുഗ്രഹീതമായ സിദ്ധൗഷധം.

രൂക്ഷമായ ആഹാരങ്ങൾ കഴിക്കുന്നതുകൊണ്ടോ, ദുശ്ശീലങ്ങൾക്ക് ചെറുപ്പത്തിൽ വശംവദനാകുന്നതുകൊണ്ടോ, കൃത്യസമയങ്ങളിൽ ആഹാരം ഉപയോഗിക്കാതെ ശരീരം ചൂടാകാൻ ഇടയാകുന്നതുകൊണ്ടോ, എന്നല്ല ഇതുപോലെയുള്ള മററു പലവിധ കാരണങ്ങളാൽ മൂത്രത്തിനു മുമ്പോ, പിമ്പോ. ഉറക്കത്തിൽ അറിഞ്ഞോ അറിയാതെയോ സ്വപ്നം കണ്ടോ ഉണ്ടാകുന്ന സ്ഖലനരോഗങ്ങളെ വളരെവേഗം ശമിപ്പിക്കുവാൻ ഞങ്ങളുടെ സ്ഖലനിവാരണി അതിപ്രശസ്തമാണ്. ഈ സിദ്ധൗഷധം പരസഹസ്രം ആളുകൾ ഉപയോഗിച്ച് രോഗശാന്തി വരുത്തിയിട്ടുണ്ട്.

രണ്ടാഴ്ച സേവിയ്ക്കുന്നതിനുള്ള ഡപ്പി 1 ക്കു് 5—50. V. P. ചാർജ്ജ് 1—19. S. T, പുറമെ.

Edited, Printed & Published by R. Madhavan Pillai at the Sarasan Press, Changanacherry.

# സ്വർണ്ണാഭരണ വിതരണ പദ്ധതി No. 3.

## Rs. 1501 സ്പെഷ്യൽ സമ്മാനം

## A. B. C.

## മൂന്നു ഗ്രൂപ്പുകളായി ഉടൻ ആരംഭിക്കുന്നു.

**നറുക്കു വീണാൽ വീണ്ടും പണം അടയ്ക്കേണ്ടാ.**

വിശദവിവരങ്ങളടങ്ങിയ പ്രോസ്പക്റ്റസിനു്
നേരിട്ടോ 8 ന. പ. സ്റ്റാമ്പുസഹിതമോ ആവശ്യപ്പെടുക.

ആദ്യനറുക്കെടുപ്പ്

## 1961 ഫെബ്രുവരി 10-നു്.

# ഗോപാലകൃഷ്ണാ ജ്വവലേഴ്സ്,

മുല്ലയ്ക്കൽ ആലപ്പുഴ

**ഫോൺ നമ്പർ: 511.**

ഞങ്ങളുടെ സ്വർണ്ണാഭരണപദ്ധതി നമ്പർ 2 കഴിഞ്ഞ സെപ്റ്റ: 9-ാംനു-
യിലെ നറുക്കെടുപ്പിൽ എ ഗ്രൂപ്പ് നമ്പർ 1 ശ്രീ. എൻ. നാരായണസ്വാമി
അയ്യർ എം. എ., ബി. എൽ. അഡ്വൊക്കേറ്റ് (കിഴക്കേമഠം മങ്കൊമ്പ്)
ബി. ഗ്രൂപ്പ് നമ്പർ 65 ശ്രീ നാരായണൻനമ്പൂതിരി മധുരക്കാട്ട് മണ്ണക്ക
നാട്ട്, കുറവിലങ്ങാട്ട് വിജയിച്ചിരിക്കുന്നു.


Cover Printed at the Victory Press, Kottayam.